
01

തൃക്കടീരി ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്



ഒമ്പതാം പദ്ധതി

ജനകീയാസൂത്രണം

104-6

03



തൃക്കടീരി

ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട്.



സ്വന്തം രാജ്യത്തിന്റെ നിർമ്മിതിയിൽ
തങ്ങൾക്ക് ഫലപ്രദമായ ഒരു
പങ്കുണ്ടെന്ന് പരമ ദരിദ്രനുപോലും
അനുഭവപ്പെടുന്നൊരുഭാരതം,
ഉയർന്ന വർഗ്ഗക്കാരോ താഴ്ന്ന
വർഗ്ഗക്കാരോ ഇല്ലാത്തൊരു ഭാരതം,
എല്ലാ സമുദായങ്ങളും പരിപൂർണ്ണ
രഞ്ജിപ്പിൽ കഴിയുന്നൊരു
ഭാരതം കെട്ടിപ്പടുക്കുന്നതിനുവേണ്ടി
ഞാൻ പ്രവർത്തിക്കും—ഗാന്ധിജി.


06

തൃക്കടീരി ഗ്രാമ പഞ്ചായത്ത്

ഒറ്റനോട്ടത്തിൽ

പേര്	—	തൃക്കടീരി ഗ്രാമ പഞ്ചായത്ത്
വിസ്തീർണ്ണം	—	26.28 ച. കി. മീ.
റവന്യൂ വില്ലേജുകൾ	—	തൃക്കടീരി I, തൃക്കടീരി II
ബ്ലോക്ക്	—	ശ്രീകൃഷ്ണപുരം
താലൂക്ക്	—	ഒറ്റപ്പാലം
അസംബ്ലി മണ്ഡലം	—	ഒറ്റപ്പാലം
പാർലിമെൻറ് മണ്ഡലം	—	ഒറ്റപ്പാലം
ജനസംഖ്യ ആകെ	—	23257
സ്ത്രീ	—	11683
പുരുഷൻ	—	11574
വാർഡുകൾ	—	10


ഭരണസാരഥികൾ.....



വി. മൊയ്തീൻ,
പ്രസിഡണ്ട്.



വി. ചാമിക്കുട്ടി,
വൈസ് പ്രസിഡണ്ട്.



എം. ആലി,
സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ.




കെ. സത്യഭാമ
ഒന്നാംവാർഡ്




കെ. ശാന്തകുമാരി
നാലാംവാർഡ്



കെ. മുഹമ്മദ്കുട്ടി
അഞ്ചാംവാർഡ്



കെ. മൊയ്തീൻ
എട്ടാംവാർഡ്




കിഴക്കേപ്പാട്ട് രാമൻ
ഒമ്പതാംവാർഡ്




ഒ. പി. വിജയകുമാരി
ആറാംവാർഡ്



എ. രാധ
പത്താംവാർഡ്



എൻ. കെ. രാജൻ
ബ്ലോക്ക് മെമ്പർ
(തൃക്കടീരി)



വി. പി. അബ്ദുൽ ഖാദർ
ബ്ലോക്ക് മെമ്പർ
(വീരമംഗലം)

ഉള്ളടക്കം

- ☐ ആമുഖം
- ☐ സാമൂഹ്യ സാംസ്കാരിക ചരിത്രം
- ☐ ഭൂപ്രകൃതി—കാലാവസ്ഥ—ജനങ്ങൾ
- ☐ വികസന മേഖലകൾ

    1. കൃഷിയും, ജലസേചനവും
    2. മത്സ്യബന്ധനം, മൃഗപരിപാലനം
    3. വിദ്യാഭ്യാസം
    4. ആരോഗ്യം, കുടിവെള്ളം
    5. വ്യവസായം
    6. ഗതാഗതം, ഊർജ്ജം
    7. പാർപ്പിടം—പൊതുജനക്ഷേമം
    8. സംസ്കാരം
    9. വനിത
    10. സഹകരണം
    11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
    12. വിഭവ സമാഹരണം

- ☐ ഉപസംഹാരം

തൃക്കടീരി ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട്

ആമുഖം

അധികാര വികേന്ദ്രീകരണത്തെകുറിച്ചുള്ള ആദ്യസങ്കൽപം ദേശീയ പ്രസ്ഥാനത്തിന്റെ ആരംഭത്തോടെ രൂപപ്പെട്ടതാണ്. കൃഷിഭൂമി കൃഷിക്കാരനു എന്ന മുദ്രാവാക്യത്തിന്റെ കൂടപ്പിറപ്പായിരുന്നു അധികാരം ജനങ്ങൾക്കു എന്നതും. ജനാധിപത്യ വ്യവസ്ഥ സാക്ഷാത്ക്കരിക്കാനും അർത്ഥപൂർണ്ണമാക്കാനും വേണ്ട അവശ്യോപാധിയായി അധികാര വികേന്ദ്രീകരണത്തെ കാണുന്ന സമീപനം കാലങ്ങളിലൂടെ വികസിച്ചുവന്നിട്ടുണ്ട്. എന്നാൽ അതിന്റെ പ്രയോഗത്തിന്നുവേണ്ടിയുള്ള സംഘടിത മുന്നേറ്റങ്ങളും താരതമ്യേന അടുത്ത കാലത്താണുണ്ടായത്. ത്രിതല പഞ്ചായത്തു സമിതികളുടെ ആവിർഭാവവും പഞ്ചായത്തീരാജ് നിയമത്തിന്റെ അംഗീകാരവും ഈ പ്രക്രിയക്കു വേഗത വർദ്ധിപ്പിച്ചു. കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതികളും ജനാധികാരത്തിന്റെ തിരസ്ക്കരമായിരുന്നു, എങ്കിലും വികസനത്തിന്റെ ഒരു പൊതു മണ്ഡലം അവമൂലം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മുകൾതലത്തിന്റെ ചെറിയൊരു ശതമാനംമാത്രം താഴെതലങ്ങളിലേക്ക് അരിച്ചെത്തിയ ഈ വികസനശൈലിയിൽ നേട്ടങ്ങളേക്കാൾ തൂക്കം നഷ്ടങ്ങൾക്കായിരുന്നു. അശാസ്ത്രീയവും അനുചിതവുമായ ഈ വികസന സമീപനം നമ്മെ ഇന്ന് കൂടുതൽ പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നു. ഉൽപാദന മാന്ദ്യവും അപ്രസക്തമായ ഉൽപാദന രീതികളും വിതരണ മേഖലയിലെ എണ്ണമറ്റ പോരായ്മകളും ആണ് ഇന്ന് കേരളം നേരിടുന്നത്. ഈ പ്രതിസന്ധികളെ മറികടക്കാനും വളർച്ചയുടെ മേഖലയിൽ പുതിയ വിജയങ്ങൾ എത്തിപ്പിടിക്കാനും ജനകീയാസൂത്രണത്തിന്റെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ജനകീയാസൂത്രണത്തിനായി നടത്തപ്പെട്ട സംസ്ഥാന തല KRP പരിശീലനത്തിൽ പഞ്ചായത്തിൽ നിന്ന് കെ. ശ്രീനിവാസൻ മാസ്റ്റർ പങ്കെടുത്തു. ആദ്യഘട്ട ജില്ലാ പരിശീലനത്തിൽ കെ. വി. കാർത്തികേയൻ, എം. വി. രാജൻ, എൻ കെ. ബാബു, ടി. അപ്പുണ്ണി, ബാലകൃഷ്ണൻനമ്പ്യാർ, രാംകുമാർ, പി. പി. ശിവശങ്കരൻ, മുരളി എന്നിവർ പങ്കെടുത്തു. സെപ്തംബർ 14ന് പഞ്ചായത്തുതലത്തിൽ ഒന്നാംഘട്ട LRP പരിശീലനം നടന്നു. സെപ്തംബർ 17ന് എല്ലാ രാഷ്ട്രീയ നേതാക്കളും, ബഹുജന, സന്നദ്ധ സംഘടനാ നേതാക്കളും അടങ്ങുന്ന സംഘാടക സമിതി രൂപീകരിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് വി. മൊയ്തീൻ ചെയർമാനും, ശ്രീ. പൊന്നുണ്ണി തരകൻ, ശ്രീ. സി. ഉണ്ണ്യാൻകുട്ടി ഹാജി എന്നിവർ വൈസ് ചെയർമാൻമാരും, കെ. വി. കാർത്തികേയൻ കൺവീനറുമായി സംഘാടക സമിതിയുടെ എക്സിക്യൂട്ടീവും രൂപീകരിച്ചു. ഗ്രാമസഭകളുടെ മുന്നോടിയായി വിപുലവും വിവിധവുമായ പ്രചരണ പരിപാടികളും നടത്തി. സർവ്വകക്ഷി സ്ക്വാഡ്, നോട്ടീസ്, പോസ്റ്റർ, മൈക്ക് പ്രചരണം, നാടൻ കലാരൂപങ്ങളുംപ്പടെയുള്ള വിളമ്പര ജാഥകളും എന്നിവ നടന്നു. സെപ്തംബർ 21 മുതൽ ഒക്ടോബർ 3 വരെയായി പത്ത് ഗ്രാമസഭകളും വിളിച്ചു ചേർത്തു. മൊത്തം പങ്കാളിത്തം 1274. ഇതിൽ 956 പുരുഷൻമാരും, 318 സ്ത്രീകളും ആണ്.

ഗ്രാമ സഭകളിൽ നിർദ്ദിഷ്ട വിഷയങ്ങളെ ഗ്രൂപ്പ് തിരിഞ്ഞ് സമഗ്രമായി ചർച്ച ചെയ്യുകയും ഓരോ മേഖലയിലേയും പ്രവർത്തനങ്ങളും സാധ്യതകളും തിരിച്ചറിഞ്ഞു രേഖപ്പെടുത്തുകയും ചെയ്തു. പിന്നീട് ചേർന്ന പഞ്ചായത്തു മെമ്പർമാരുടെയും ലോക്കൽ റിസോഴ്സ് പേഴ്സണുകളുടെയും യോഗത്തിൽ വെച്ച് ദിനതീയ വിവര ശേഖരണത്തിനുള്ള ടീമുകളും രൂപീകരിച്ചു. ഇതിനു പുറമെ കാർഷിക-വ്യാവസായിക-വൈദ്യുതി മേഖലകളിലെ സ്ഥിതി വിശകലനത്തിനുവേണ്ടി പത്ത് വാർഡുകളിലും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ LRPമാർ പ്രാഥമിക വിവര ശേഖരണം നടത്തി. ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ച് വിവിധ ഓഫീസുകളിൽ നിന്ന് കിട്ടേണ്ട സ്ഥിതി വിവരങ്ങളും പദ്ധതി അവലോകനറിപ്പോർട്ടും ശേഖരിച്ചു. തുടർന്ന് ഗ്രാമസഭാ റിപ്പോർട്ടുകളുടെ വിശകലനവും ക്രോഡീകരണവും നടത്തി. രണ്ടാംഘട്ട പരിശീലനത്തിനു ശേഷം നവംബർ 2ന് പഞ്ചായത്ത് തല ശില്പശാല നടത്തി. മൂന്നാം തിയ്യതി രണ്ട് ടീമുകളായി തലങ്ങും വിലങ്ങും പഠന പര്യടനം നടന്നു. രണ്ടു ടീമുകളും പഞ്ചായത്തിന്റെ സാമൂഹ്യ ചരിത്രാന്വേഷണത്തിന്റെ ഭാഗമായി നിരവധി വ്യക്തികളുമായി സംഭാഷണം നടത്തുകയും ഒട്ടേറെ പഴയ രേഖകളും പരിശോധിക്കുകയുമുണ്ടായി.

18 **പഞ്ചായത്തിനെ കുറിച്ചുള്ള പൊതുവിവരണം.**

എട്ടാം നൂറ്റാണ്ടുമുതലുള്ള ചരിത്ര സൂചനകളുടെ തെളിവുകളാണ് പഞ്ചായത്തിനെകുറിച്ചുള്ള അന്വേഷണത്തിൽനിന്നും തെളിഞ്ഞുവരുന്നത്. പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടുകളിൽ തൃക്കടീരി പ്രദേശം തൃക്കൊട്ടവേലി ദേവസ്വത്തിന്റെ അധീനതയിലായിരുന്നു. (ഈ ദേവസ്വത്തിന്റെ കീഴിലാണ് തൃക്കടീരിയിലെ ഏറ്റവും പ്രധാന ക്ഷേത്രമായ മൂന്ന് മൂർത്തിയമ്പലം ഇന്നും) തൃക്കൊട്ടവേലി ദേവസ്വത്തിന്റെ പ്രദേശം എന്ന അർത്ഥത്തിൽ തൃക്കൊട്ടവേലി എന്നായിരുന്നു ആദ്യ കാലത്ത് സ്ഥലനാമം. 1882ൽ ദേവസ്വം ബന്ധപ്പെട്ട ഒരു കേസിന്റെ വിധിയെഴുതിയ മദ്രാസ് ഹൈകോടതിയിലെ ബ്രിട്ടീഷുകാരൻ ജഡ്ജിയാണ് തൃക്കൊടുവേലി എന്ന സ്ഥലനാമം 'തൃക്കടീരി' എന്ന് ഉപയോഗിച്ചത്. പിന്നീട് ഈ പേര് പ്രചാരത്തിലാവുകയും തൃക്കൊട്ടവേലി ദേവസ്വത്തിന്റെ അധീനതയിലുള്ള പ്രദേശം 'തൃക്കടീരി' എന്ന് അറിയപ്പെടുകയുമാണുണ്ടായത്. മൂന്നുമൂർത്തി അമ്പലത്തിനോട് ബന്ധപ്പെട്ട പുരാതന രേഖകളിൽ തൃക്കൊട്ടവേലി എന്നുതന്നെ ഉപയോഗിച്ച് കാണുന്നു. ഈ ക്ഷേത്രത്തിലെ നൂറ്റാണ്ടുകളും പഴക്കമുള്ള ചുവർചിത്രങ്ങളും, ഉപകരണ സാമഗ്രികളും മറ്റും ആധുനിക പുരാവസ്തു പഠിതാക്കൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

ഇന്നത്തെ അവസ്ഥയിൽ 26.28 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള തൃക്കടീരി പഞ്ചായത്തിന്റെ കിഴക്കേ അതിര് ആറ്റാശ്ശേരി തോടും കുനൻമലയുമാണ്. തെക്ക് അനങ്ങൻ മലയും അനങ്ങനടി പഞ്ചായത്തും, പടിഞ്ഞാറ് ചെമ്പരത്തിമാട്—ചളവറ പഞ്ചായത്തും, വടക്ക് വെള്ളിനേഴി—ചെർപ്പുളശ്ശേരി ദേശവുമാണ്.

പഞ്ചായത്ത് പ്രദേശം രണ്ട് റവന്യൂ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്നു. തൃക്കടീരി ദേശം, കിഴൂർ ദേശം എന്നിവ ഉൾപ്പെടുന്ന തൃക്കടീരി ഒന്നാം വില്ലേജും വീരമംഗലം, മാങ്ങോട്, കുറ്റിക്കോട്, കാരാട്ടുകുർശ്ശി ചേർന്ന തൃക്കടീരി രണ്ടാം വില്ലേജും. ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിലെ തൃക്കടീരി ഡിവിഷനിൽ പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ഒൻപത്, പത്ത് വാർഡുകളുൾപ്പെടുന്നു. ആറ്, ഏഴ്, എട്ട് വാർഡുകളും, ചെർപ്പുളശ്ശേരി പഞ്ചായത്തിലെ ചില വാർഡുകളും കൂടി ഉൾപ്പെടുന്ന വീരമംഗലം ഡിവിഷനിലാണ്. ഒറ്റപ്പാലം താലൂക്കിന്റെ ഏതാണ്ട് മദ്ധ്യഭാഗത്താണ് പഞ്ചായത്തിന്റെ സ്ഥാനം. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലാണ് തൃക്കടീരി പെടുന്നത്.

ജനസംഖ്യ 23257

സ്ത്രീ 11683 പുരുഷൻ 11574

വാർഡുകളുടെ എണ്ണം : 10

പ്രസിഡണ്ട്. : വി. മൊയ്തീൻ

വൈസ് പ്രസിഡണ്ട്. : വി. ചാമിക്കുട്ടി

സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

1929-ലാണ് ദേശീയ പ്രസ്ഥാനത്തിന്റെ ആദ്യ ചലനങ്ങൾ തൃക്കടീരിയിൽ ഉണ്ടാവുന്നത്.

പാറക്കോട്ട് അപ്പുമേനോന്റെ നേതൃത്വത്തിൽ കോൺഗ്രസ്സിന്റെ ആദ്യഘടകം രൂപീകരിക്കുന്നതും അന്നായിരുന്നു. അതേവർഷം തന്നെ ദേശീയ പ്രസ്ഥാനത്തിന്റെ ആഹ്വാനമനുസരിച്ച് ആറാശ്ശേരിയിൽ കള്ള് ഷാപ്പ് പിക്കറ്റിംഗ് നടന്നു. പിക്കറ്റിങ്ങിന് നേതൃത്വംനൽകിയത് പാറക്കോട്ട് അപ്പുമേനോൻ, വാപ്പാല കുട്ടിശങ്കരമേനോൻ, പാറക്കൽ കൃഷ്ണൻനായർ, പി എം രാമൻനായർ എന്നിവരായിരുന്നു. പിന്നീട് കമ്മ്യൂണിസ്റ്റ് കാരനായി മാറിയ എം സി പി നമ്പൂതിരിയും അതിൽ പങ്കെടുത്തിരുന്നു.

1930–32 കാലത്ത് നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് മർദ്ദനവും ജയിൽവാസവും ഏറ്റുവാങ്ങിയ പി. എം. രാമൻ നായരായിരുന്നു ദേശീയ പ്രസ്ഥാനത്തിന്റെ ആവേശം തുടർന്നുകൊണ്ടുപോയ പ്രധാന കണ്ണി. ഇദ്ദേഹത്തോടൊപ്പം എം. സി. പി., കുറുഞ്ഞിയിൽ രാമൻകുട്ടിനായർ എന്നിവരും ജയിൽവാസം അനുഭവിച്ചു. 1935ൽ പഠനം കഴിഞ്ഞ് തൃശൂരിൽനിന്നും മടങ്ങിവന്ന എം. സി. പി നമ്പൂതിരിപ്പാട് തൃശൂരിൽവെച്ച് കെ. കെ. വാര്യരുടേയും, കല്ലാട്ട് കൃഷ്ണന്റെയും മറ്റുംസംഘത്തിൽപ്പെട്ട് കമ്മ്യൂണിസ്റ്റ് പായ്വുകാരായി മാറിയിരുന്നു.

അതോടൊപ്പമാണ് മലബാർ അദ്ധ്യാപക പ്രസ്ഥാനത്തിന്റെ പ്രവർത്തകനായിതൃക്കടീരിക്കാരനായ ടി. ബാലകൃഷ്ണൻനായർ രംഗത്തെത്തുന്നത്. എം. സി. പി. യും ടി. ബാലകൃഷ്ണൻനായരും ഒത്തുചേരുകയും കോൺഗ്രസ്സിലെ ഇടതുപക്ഷ ധാരയ്ക്ക് ക്രമേണ തൃക്കടീരിയിൽ വേരോട്ടമുണ്ടാവുകയും ചെയ്തുതുടങ്ങി.

1939ൽ തൃക്കടീരി മിഷൻ സ്കൂളിൽ നടന്ന 'ശനിയൻ സഭാ ബഹിഷ്കരണം' വമ്പിച്ച ചലന മുണ്ടാക്കി. കൃഷ്ണൻകുട്ടി പൊതുവാൾ, ടി. ബാലകൃഷ്ണൻ നായർ എന്നിവരാണ് ശനിയൻ സഭാ ബഹിഷ്കരണത്തിന് നേതൃത്വം നൽകിയത്.

ഇതിന് തൊട്ടുമുമ്പാണ് നമ്പൂതിരി സമുദായത്തിനിടയിൽ 'യോഗക്ഷേമ സഭ' നടത്തിയ പ്രവർത്തനങ്ങളുടെ അലകളും തൃക്കടീരിയെ സ്വാധീനിച്ചത്. കാറൽമണ്ണയിൽ വെച്ച് കെ. എൻ. എസ്. നമ്പൂതിരിയുടെയും, മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിയുടെയും, മറ്റു നേതൃത്വത്തിൽ നടന്ന പന്തിഭോജനത്തിന് മപ്പാട്ടമനയിലെ ഇടത്തോട്ടു ചാഞ്ഞ ഇളമുറക്കാർ, വലിയ കാരണവരെയും നിർബന്ധിച്ചു കൊണ്ടുപോയി. ഉണ്ണാനിരിക്കുമ്പോൾ വലിയ കാരണവരുടെ തൊട്ടടുത്തിരുന്നത് ഇല്ലത്തെ കാര്യസ്ഥനായ പാറയ്ക്കൽ കൃഷ്ണൻ നായരായിരുന്നു. വലിയ കാരണവർക്ക് കലശലായ 'അസ്വഥിത' അനുഭവപ്പെട്ടു. എന്നാലും കുട്ട്യോളുടെ മനസ്സറിഞ്ഞ അദ്ദേഹം പ്രശ്നങ്ങളൊന്നും ഉണ്ടാക്കിയില്ല എന്നാണ് ചരിത്രം. ഇതേ കാലത്തുതന്നെയാണ് തൃക്കടീരി മനയുമായി ബന്ധപ്പെട്ട മുത്തിരിങ്ങോട് ഭേത്രാതൻ നമ്പൂതിരിയുടെ രംഗപ്രവേശം. യോഗക്ഷേമ സഭയുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായ ഉത്പതിഷ്ണുവായിരുന്ന ഇദ്ദേഹം. 'അപ്ഫന്റെ മകൾ' എന്ന നോവൽ രചിച്ചു. 'മറക്കുടക്കുള്ളിലെ മഹാനരകം' എന്ന നാടകത്തിൽ വി. ടി. യുടെ നിർദ്ദേശ നിയന്ത്രണങ്ങൾക്കു കീഴിൽ അരങ്ങത്തു വേഷമിടുകയുമുണ്ടായി.

അങ്ങനെ ദേശാഭിമാന പ്രേരിതമായി ആദ്യ മാരംഭിച്ച കോൺഗ്രസ് പ്രസ്ഥാനം മപ്പാട്ടു മനയുടെയും മലബാർ അദ്ധ്യാപക പ്രസ്ഥാനത്തിന്റെയും ഇടതുസ്വാധീനത്തിൽപ്പെടുകയും കമ്മ്യൂണിസ്റ്റ് തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന്റെ ഉൽഭവത്തിനും വളർച്ചക്കും വഴിവെക്കുകയുമാണുണ്ടായത്.

ഹരിജനങ്ങളെ ക്ഷേത്രത്തിൽ കയറ്റാൻ വേണ്ടി നടന്ന പ്രക്ഷോഭങ്ങളും ദേശീയ പ്രസ്ഥാനത്തിന്റെ പൊതു ധാരയോടു ബന്ധപ്പെട്ടാണ് നടന്നതെങ്കിലും അതിലെയും അന്തർ സ്വാധീനം ഇടതുപക്ഷത്തിന്റേതായിരുന്നു.

തൃക്കടീരി മൂന്നമൂർത്തി ക്ഷേത്രക്കുളത്തിൽ ഹരിജനങ്ങളെ ജാഥയായി കൊണ്ടുപോയി കുളിപ്പിച്ച് ക്ഷേത്ര ദർശനം നടത്തിയ ആ പ്രക്ഷോഭത്തിന് വാപ്പാല കുട്ടിശങ്കര മേനോനും, ടി. ബാലകൃഷ്ണൻ നായരുമായിരുന്നു നേതൃത്വം നൽകിയത്.

ഇതിനകം എം. സി. പി നമ്പൂതിരിപ്പാട്, ടി. ബാലകൃഷ്ണൻ നായർ എന്നിവർ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളായി കഴിഞ്ഞിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യസെൽ തൃക്കടീരിയിൽ രൂപീകരിക്കുമ്പോൾ സെക്രട്ടറി ടി. ബാലകൃഷ്ണൻ നായരായിരുന്നു. ഇക്കാലത്തോടെ കോൺഗ്രസിലെ ഇടതു–വലതു വിഭാഗങ്ങൾ തമ്മിലുള്ള അകൽച്ച പൂർണ്ണമാവുകയായിരുന്നു.

സ്വാതന്ത്ര്യത്തിന് ശേഷം 1948ൽ നടന്ന ആദ്യത്തെ ജില്ലാ ബോർഡ് തിരഞ്ഞെടുപ്പിൽ ടി. ബാലകൃഷ്ണൻ നായർ തൃക്കടീരിയിൽ നിന്ന് സ്ഥാനാർത്ഥിയായിരുന്നു. ആ തിരഞ്ഞെടുപ്പിൽ ബൂത്തിലിരിക്കുവാൻ പോലും കമ്മ്യൂണിസ്റ്റ് കാർക്ക് രണ്ട് പേരെ കിട്ടിയില്ല. ഒടുവിൽ നേതാക്കൾ തന്നെ ഒന്നിൽ എം. സി. പി. യും, ഒന്നിൽ മലപ്പുറം കൃഷ്ണൻകുട്ടിയും ഇരിക്കുകയാണുണ്ടായത്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് ആ രാത്രിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടു. ബാലകൃഷ്ണൻ നായർ ഒളിവിൽ പോയി.

ജില്ലാ ബോർഡിന്റെ കീഴിൽ പെരിന്തൽമണ്ണ കേന്ദ്രമായി താലൂക്ക് ബോർഡ് രൂപീകരിക്കപ്പെട്ടിരുന്നു. ഒളപ്പമണ്ണ തമ്പുരാനായിരുന്ന താലൂക്ക് ബോർഡിന്റെ പ്രസിഡണ്ട്. തൃക്കടീരി പ്രദേശത്തു നിന്നും തെരഞ്ഞെടുക്കപ്പെട്ടത് 'കുളങ്ങര ചങ്ങൻ' എന്ന ഹരിജൻ അംഗമായിരുന്നു. തമ്പുരാന്റെ ഒപ്പം കസേരയിലിരുന്ന ആദ്യ ഹരിജൻ താനാണെന്ന അഭിമാനം ചങ്ങനു എന്നുമുണ്ടായിരുന്നു എന്ന് ചരിത്രം പറയുന്നു. ഇതേ കാലത്താണ് തൃക്കടീരിയിലെ ആദ്യത്തെ പൊതുജന വായനശാല സ്ഥാപിതമായത്. കാരാട്ടുകുർശ്ശിയിൽ ജനിച്ച് ഒറ്റപ്പാലത്തും, തൃശൂരും വിദ്യാഭ്യാസം നേടി മദിരാശിയിൽ ജോലി ചെയ്ത് പിരിഞ്ഞ് പോന്ന പ്രശസ്ത കവി വി. കെ. ഗോവിന്ദൻ നായർ ഈ വായനശാലയിൽ ലൈബ്രേറിയനായി പ്രവർത്തിച്ചിരുന്നു.

1956ലെ ഐക്യ കേരള പിറവിക്ക് ശേഷം ആദ്യം നടന്ന തിരഞ്ഞെടുപ്പിൽ തൃക്കടീരി മിക്കവാറും ഇടത്തോട്ട് ചാഞ്ഞുകഴിഞ്ഞിരുന്നു. തൃക്കടീരി ഉൾപ്പെട്ടന്ന പ്രദേശത്തു നിന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എം. എൽ. എ. ആണ് അസംബ്ലിയിലെത്തുന്നത്.

1957 ലെ ഗവൺമെൻറ് കൊണ്ടുവന്ന ഒഴിപ്പിക്കൽ നിരോധന ഓർഡിനൻസിന്റെ തൊട്ടും മുമ്പും പിമ്പുമായി കാർഷിക രംഗത്ത് ഉജ്വലമായ സമര മുന്നേറ്റങ്ങൾക്ക് തൃക്കടീരി സാക്ഷ്യം

20

വഹിച്ചു. കിഴൂർ വരിക്കാശ്ശേരി തമ്പുരാക്കൻമാർ കാര്യസ്ഥൻമാരുടെയും ഗുണ്ടകളുടെയും സഹായത്തോടെ തെക്കുംപുറത്ത് വേലു എന്ന കൃഷിക്കാരനെ ബലം പ്രയോഗിച്ച് ഒഴിപ്പിക്കാൻ നടത്തിയ ശ്രമങ്ങളെ കർഷക സംഘത്തിന്റെ കൊടി ഉയർത്തിക്കൊണ്ട് കമ്മ്യൂണിസ്റ്റുകാർ പ്രതിരോധിച്ചു. രാമകൃഷ്ണൻ നായർ, പറങ്ങോടൻ വൈദ്യർ മുതലായവർക്ക് ഗുണ്ടകളിൽ നിന്ന് മർദ്ദനമേൽക്കേണ്ടിവന്നു എങ്കിലും സമരം കൂടുതൽ ഉശിരു നേടുകയാണുണ്ടായത്. മർദ്ദനത്തിൽ പ്രതിഷേധിക്കാൻ പൊതുയോഗം നടത്താൻ ചെന്ന കർഷകസംഘം പ്രവർത്തകരെ ഇന്ന് കിഴൂർ യു. പി. സ്കൂൾ ആയി മാറിയ വിദ്യാലയത്തിൽ തമ്പടിച്ച ജൻമി ഗുണ്ടകൾ കൈകാര്യം ചെയ്തുവിട്ടു. അവിടെ നാട്ടിയ ചെങ്കൊടി ഗുണ്ടകൾ പറിച്ചെറിഞ്ഞു. പിറേറന്ന് കൂടുതൽ ജനശക്തിയോടെ ജാഥയായി ചെന്ന കർഷക സംഘം തലേന്നു പറിച്ചെറിഞ്ഞ അതേ സ്ഥലത്ത് ചെങ്കൊടി ഉയർത്തി കെട്ടുകയും പൊതുയോഗം നടത്തുകയും ചെയ്തു. തുർന്ന് ശക്തിയേറിയ വേരോട്ടം നേടിയ കർഷക പ്രസ്ഥാനത്തിന്റെ ജനശക്തിക്കുമുൻപിൽ ജൻമികളും മറ്റും പിന്തിരിയുകയാണുണ്ടായത്. പിന്നീടും ജൻമിമാരുടെ ഒറ്റപ്പെട്ട ആക്രമണ ശ്രമങ്ങൾ ഉണ്ടായി. 1969 കാലത്തും മിച്ചഭൂമി സമരത്തിന്റെ ഭാഗമായി തൃക്കടീരിയിലും മറ്റും നടന്ന പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയത് വിശാലമായ കർഷക പ്രസ്ഥാനമാണ്.

1963 ഡിസംബറിൽ നടന്ന ആദ്യ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ''സിവിക് ഫ്രണ്ട്'' എന്ന ബാനറിൽ മൽസരിച്ച മുന്നണിയാണ് ഭൂരിപക്ഷം നേടി പഞ്ചായത്ത് ഭരണത്തിലെത്തിയത്. ഏറ്റവുമധികം വോട്ടുനേടിയ ആളെ പ്രസിഡന്റായി തിരഞ്ഞെടുക്കുക എന്ന മാനദണ്ഡമാണ് സ്വീകരിക്കപ്പെട്ടത്. അങ്ങനെ എം. സി പി. നമ്പൂതിരിപ്പാട് 21-12-1963ൽ ആദ്യ പ്രസിഡന്റായി. വൈസ് പ്രസിഡണ്ട് പി. പ്രഭാകരനുണ്ണി. 1979വരെ ഈ സമിതിതന്നെയായിരുന്നു അധികാരത്തിൽ. ഇതിനിടയിൽ 1973ലാണ് തൃക്കടീരി പഞ്ചായത്തിലെ എളേടത്തു മാടമ്പ വാർഡ് പുനർ വിഭജനം നടത്തി പൂക്കോട്ടുകാവ് പഞ്ചായത്തിൽ ഉൾപ്പെടുത്തപ്പെട്ടത്. പുനർ സംവിധാനം ചെയ്യപ്പെട്ട തൃക്കടീരി പഞ്ചായത്തിലെ പ്രസിഡണ്ട് സ്ഥാനത്തേക്ക് പി. പ്രഭാകരനുണ്ണി തിരഞ്ഞെടുക്കപ്പെട്ടു.

പിന്നീട് 1979ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് ഒരു വർഷക്കാലം ചോലയിൽ ഉണ്ണ്യൻകുട്ടിഹാജി പ്രസിഡണ്ടായിരുന്നു. അതിനെ തുടർന്ന് വി. മൊയ്തീൻ പ്രസിഡണ്ടും ടി. കുഞ്ഞിരാമൻ വൈസ് പ്രസിഡണ്ടുമായി. 1988ൽ നടന്ന തെരഞ്ഞെടുപ്പിനു ശേഷം വി. മൊയ്തീൻ പ്രസിഡണ്ടും, കെ. പി. കുട്ടികൃഷ്ണൻ നമ്പ്യാർ വൈസ് പ്രസിഡണ്ടുമായി. 1995ലെ തിരഞ്ഞെടുപ്പിനെ തുടർന്ന് പ്രസിഡണ്ടായി വി. മൊയ്തീനും, വൈസ് പ്രസിഡണ്ടായി വി. ചാമിക്കുട്ടിയും തിരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണസമിതിയാണ് ഇപ്പോഴും പഞ്ചായത്ത് ഭരണം നടത്തുന്നത്.

തൃക്കടീരിയുടെ ചരിത്രത്തിൽ നിർണ്ണായക പ്രധാന്യമുള്ള ഒന്നു രണ്ടു വസ്തുതകൂടി ഈ രേഖയിൽ ചൂണ്ടിക്കാണിക്കുന്നു. തൊഴിലാളി വർഗ്ഗ ബഹുജന സംഘടനാ പ്രവർത്തനങ്ങളുടെ പ്രാരംഭവേളയിൽ ഗ്രാമ ജീവിതത്തിന്റെ സ്വഭാവിക വികാസമെന്ന നിലയിൽ വളർന്നു തിട്ടം വെച്ച മതസൗഹാർദ്ദത്തിന്റേയും, സമത്വദർശനത്തിന്റേയും ധാരയാണ് അതിലൊന്ന്. മുപ്പതുകളിൽ ഒരു സവർണ്ണനായിരുന്ന ഗോപാലൻ നായർ സമൂഹത്തിലെ അസ്പൃശ്യരെന്ന് കരുതപ്പെട്ടിരുന്നവർക്ക് വേണ്ടി 'പഞ്ചമസ്കൂൾ' എന്ന വിദ്യാലയം സ്ഥാപിച്ചു നടത്തിയിരുന്നു. ജാതി ചിന്തകൾക്കതീതമായി വിദ്യയുടെ വ്യാപനത്തിന് വേണ്ടി നടന്ന ആദ്യത്തെ പുരോഗമന നീക്കമായിരുന്നു ഇത്.

ജൻമിത്വത്തിന്റെ കഠിന ചൂഷണത്തിലമർന്നിരുന്ന പാട്ടകൃഷിക്കാരെ സാമ്പത്തികമായി കുറച്ചെങ്കിലും സഹായിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ചളവറ, അനങ്ങനടി, തൃക്കടീരി പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ട ഐക്യനാണയ സംഘങ്ങൾ സാമ്പത്തിക രംഗത്തെ സഹകരണ സ്വഭാവത്തിന്റെ ആദ്യപടിയായിരുന്നു. ഈ ഐക്യനാണയ സംഘങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് ഈ പ്രദേശത്തെ ആദ്യത്തെ സഹകരണ സ്ഥാപനങ്ങളായ കോതകുർശ്ശി സഹകരണ ബാങ്ക്, മാങ്ങോട് സർവ്വീസ് സഹകരണബാങ്ക് തുടങ്ങിയവ സ്ഥാപിതമായത്.

ഭൂപ്രകൃതി

പൊതുവെ മിഡ്ലാൻറ് (Midland) പ്രദേശമായ തൃക്കടീരിയെ ഭൂപ്രകൃതിയനുസരിച്ച് ഉയർന്ന സമതലം, താഴ്ന്ന സമതലം, കുന്നിൻപുറം, താഴ്വാരം എന്നിങ്ങനെ നാലായി തരം തിരിക്കാം.

പട്ടിക—1

ഭൂപ്രകൃതി ഒറ്റനോട്ടത്തിൽ

	തരം	വിസ്തീർണ്ണം ഹെക്ടർ	ശതമാനം
1	ഉയർന്ന സമതലം	383 68	14.6%
2	താഴ്ന്ന സമതലം	1195 74	45.5%
3	കുന്നിൻപുറം	331.12	12 6%
4	കുന്നിൻ ചരിവ്	717.46	27.3%
	ആകെ	2628	100%

1. ഉയർന്ന സമതലം

ഇത് ഏകദേശം 14.6% വിസ്തൃതിയുണ്ട്. ഉയർന്ന് കിടക്കുന്ന പറമ്പ്, പള്ളയാൽ എന്നിവയാണ് മുഖ്യമായും ഇതിൽ ഉൾപെടുന്നത്. ഇവിടെ ബലക്കുറവുള്ള വെട്ടുകല്ല് ഏറെക്കുറെ വ്യാപിച്ചുകിടക്കുന്നു. ബലം ഏറിയ തീക്കല്ലുകളും ചിലയിടങ്ങളിലുണ്ട്. ഈ പ്രദേശം പൊതുവെ കൃഷിയോഗ്യമാണ്. ഇവിടുത്തെ കൃഷി പരിപൂർണ്ണമായും മഴയുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. നെല്ല്, കിഴങ്ങുവർഗ്ഗങ്ങൾ, തെങ്ങ്, വാഴ എന്നിവ കൃഷി ചെയ്യുവാൻ അനുയോജ്യമാണ് ഈ പ്രദേശം. പ്ലാവ്, മാവ്, തുടങ്ങിയ ഫല വൃക്ഷങ്ങൾ നല്ല തോതിൽ വളരുന്ന മൊത്ത സ്ഥലം 383.68 ഹെക്ടറാണ്.

2. താഴ്ന്ന സമതലം

വിസ്തൃതിയിൽ 45.5% (1195.74 ഹെക്ടർ) വരുന്ന ഭാഗമാണിത്. കാര്യമായും വയലു (പള്ളയാൽ–പാടം) കളാണ് ഇതിൽ വരുന്നത്. മഴവെള്ളം കെട്ടിനിൽക്കുന്ന ഭൂവിഭാഗമാണിത്. പലപ്പോഴും വെള്ളം ഒഴുകിവന്ന് കവിഞ്ഞ് നിൽക്കാറുണ്ട്. ഇങ്ങിനെയുള്ള വെള്ളത്തിലൂടെവരുന്ന എക്കൽ ഇവിടുത്തെ മണ്ണിനെ ഫലപുഷ്ടിയുള്ളതാക്കുന്നു. ഏറെയും പശിമരാശി മണ്ണാണ് ഈ പ്രദേശത്ത്.

പ്രധാന കൃഷി നെല്ല്. അപൂർവ്വം ചിലയിടങ്ങളിൽനെല്ലിന്റെ പുഞ്ചകൃഷി ചെയ്തു വരുന്നു. നെല്ലിനു പുറമെവാഴ, പച്ചക്കറി, പയറുവർഗ്ഗങ്ങൾ തുടങ്ങിയവയും കൃഷി ചെയ്യപ്പെടുന്നു. നെല്ലു കൃഷിക്ക് പകരം മറ്റു കൃഷികൾ ചെയ്യുന്ന ഒരു പ്രവണത നിലവിലുണ്ട്.

3. കുന്നിൻപുറം

മൊത്ത വിസ്തൃതിയിൽ 12.6% (331.12 ഹെക്ടർ) വരുന്നു, ഈ പ്രദേശമാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. കിഴൂർമല, ചെമ്പൻമല, പൂന്തൂർമല, പാലപ്പുറം കുന്ന് മുട്ടുമ്മൽകുന്ന് തുടങ്ങിയവയുടെ മുകൾഭാഗം ഇതിൽ പെടുന്നു. പല ഭാഗങ്ങളും നാമമാത്രം മണ്ണുള്ള പ്രദേശമാണ്. കരിങ്കൽ ആവരണവും ചീക്കൽ പാറകളും നന്നായുണ്ട്. പൊതുവെ കൃഷിക്ക് യോഗ്യമല്ല. മഴക്കാലത്ത് പൂവും മറ്റു കുറ്റിച്ചെടികളും വളരുന്നു. മണ്ണ് കൂടുതലുള്ള സ്ഥലത്ത് കശുമാവ്, പന എന്നിവയുണ്ട്. അപൂർവ്വം ചില ഔഷധചെടികളും ഇവിടെ ലഭ്യമാണ്. പഞ്ചായത്ത് പ്രദേശത്ത് കിഴൂർ, കാരാട്ടുകുർശി എന്നിവിടങ്ങളിലായിവരുന്ന 600 ഹെക്ടർ നിക്ഷിപ്ത വന മേഖലയിൽ ഇതും ഉൾപ്പെടുന്നു.

4. താഴ്വാരം (കുന്നിൻചരിവ്)

ആകെയുള്ള വിസ്തീർണ്ണത്തിന്റെ 27.3% (717.46 ഹെക്ടർ) വരുന്ന പ്രദേശമാണിത്. ചെമ്പൻമല, പൂന്തൂർമല, കിഴൂർമല എന്നിവയുടെ താഴ്വാരങ്ങൾ കുത്തനെയുള്ള ചെരിവുകളാണ്. സാമാന്യം കനത്ത തോതിൽ മണ്ണുള്ള പ്രദേശമാണ് ഇവിടം. ചരൽ നിറഞ്ഞ ചെമ്മണ്ണാണ് കൂടുതലായുള്ളത്. വെള്ളത്തിന്റെ കിനിഞ്ഞിറങ്ങൽ കൂടുതലായതിനാൽ ഇവിടം വെള്ളക്ഷാമം ഏറെ രൂക്ഷമല്ല. ഉദാഹരണമായി പൂന്തൂർ മലക്ക് ചെരിവിലുള്ള ചോല ഈ പ്രദേശത്തെ ഒരു പ്രധാന ജല സ്രോതസ്സാണ്. തീർത്തും കൃഷിക്ക് യോഗ്യമാണ് ഈ പ്രദേശം. തെങ്ങ്, കുരുമുളക്, റബ്ബർ, കവുങ്ങ് തുടങ്ങിയ നാണ്യവിളകളാണ് പ്രധാന കൃഷി. കൃഷിക്കുപയോഗിക്കാത്ത സ്ഥലവും ഉണ്ട്. ഇവിടങ്ങളിൽ കരിങ്കൽ പാളികളും കാണുന്നു കിഴൂർ മലയുടെ ചെരിവിലായി ധാരാളം ഔഷധ സസ്യങ്ങളും വളരുന്നുണ്ട്. ഇവിടങ്ങളിൽ നിറയെ കുറ്റിപൊന്തകളുണ്ട്. പന്നി, മുയൽ, കുറുക്കൻ, ഉടുമ്പ്, മയിൽ, കുരങ്ങ് മുതലായവ ഇവിടെ അധിവസിക്കുന്നു. കിഴൂർ ഭാഗത്ത് പന്നിശല്യവും കുണ്ടനീയിൽ, നെരാട്, ചെമ്പൻ, എന്നിവിടങ്ങളിൽ മയിൽ ശല്യവും മാങ്ങോട് ഭാഗത്ത് കുരങ്ങ് ശല്യവും കൃഷിക്ക് ഏറെ ഭീഷണി ഉയർത്തുന്നു. ഇതിൽ കിഴൂർ, കാരാട്ടുകുർശ്ശി ഭാഗങ്ങളിലായി 268.88 ഹെക്ടർ നിക്ഷിപ്ത വന മേഖലയാണ്.

പട്ടിക–2

വിള വിസ്തീർണ്ണവും, ഉൽപാദനവും (3.2)

കാലാവസ്ഥ (ലഭ്യമായ വിവരം)

ഇവിടെ അനുഭവപെടുന്ന കാലാവസ്ഥയുടെ അടിസ്ഥാനത്തിൽ ഒരു വർഷത്തെ മഴക്കാലം, തണുപ്പുകാലം, വേനൽക്കാലം എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. ജൂൺ, മുതൽ ഒക്ടോബർ വരെയാണ് മഴക്കാലമെങ്കിലും ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. ഒക്ടോബർ, നവംബർ, മാസങ്ങളിൽ തുലാവർഷം കുറഞ്ഞ രീതിയിൽ ഉണ്ടാകുന്നു. നവംബർ മുതൽ ഫിബ്രവരി വരെ തണുപ്പുകാലമാണ്. മാർച്ച് മാസം മുതൽ മെയ് വരെയുള്ള മാസങ്ങളാണ് ചൂടുകാലമാണ്. മഴക്കാലത്തോടടുക്കുമ്പോൾ ചൂടുവർദ്ധിക്കുന്നു. പൊതുവെ പഞ്ചായത്തിലുടനീളം ഒരേ കാലാവസ്ഥ തന്നെയാണ് അനുഭവപെടുന്നത്. ഒരു വർഷം ലഭിക്കുന്ന മഴ ഏകദേശം 300 സെൻറി മീറ്റർ ആകുന്നു. അപൂർവ്വം ചിലപ്പോൾ തുടർച്ചയായി 8, 10 ദിവസം വരെ മഴയുണ്ടാകാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ താഴ്ന്ന സമതലങ്ങളിൽ വെള്ളക്കെട്ടുണ്ടാകാറുണ്ട്. തൃക്കടീരിയിലെ അന്തരീക്ഷ താപനില, ഉയർന്നത് 34.8C° ഉം താഴ്ന്നത് 21.7C° ഉം ആകുന്നു.

ജനങ്ങൾ

26.28 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള തൃക്കടീരിയുടെ ജനസംഖ്യ 23257 ആകുന്നു. ഇതിൽ 11653 പേർ സ്ത്രീകളും 11574പേർ പുരുഷൻമാരുമാകുന്നു. ഒരു ചതുരശ്ര കിലോ മീറ്ററിലെ ശരാശരിജനസംഖ്യ (ജനസാന്ദ്രത) 884.96ആകുന്നു. പഞ്ചായത്തിൽ ആകെ 5150 വീടുകളാണുള്ളത്. അതായത് ശരാശരി വീടൊന്നിന് 4.5 വീതമുണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്.

മൊത്ത ജനസംഖ്യയിൽ 59.6% പേർ ചെറുകിട നാമമാത്ര കൃഷിക്കാരും കർഷകതൊഴിലാളികളുമാണ്. 30.5% പേർ ശരാശരിക്കുതാഴെ വരുന്ന ചെറുകിട–ഇടത്തര കച്ചവടക്കാരാകുന്നു. ജവാൻമാരുൾപ്പെടെ 1.82%പേർ വിവിധ മേഖലകളിലായി വലുതും ചെറുതുമായ ഉദ്യോഗം ചെയ്യുന്നവരാണ്. ഏകദേശം 9.65% പേർ ഗാർഹുനാടുകം ഉൾപ്പെടെയുള്ള മറുനാട്ടുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളാണ്.

ഇവിടെ ആകെ 3246 പേരാണ് പട്ടികജാതി വിഭാഗത്തിലുള്ളത്. ആകെ ജനസംഖ്യയിൽ 0.2% പേർ ക്രിസ്ത്യൻ വിഭാഗക്കാരും 35% മുസ്ലീം വിഭാഗക്കാരും ശേഷിക്കുന്നത് ഹിന്ദുവിഭാഗക്കാരുമാണ്. മറ്റു മതസ്ഥരൊന്നും തൃക്കടീരിയിൽ ഇല്ല.


ആറുമുതൽ പതിനാലു് വയസ്സിനിടയിൽ വരുന്ന 99% കുട്ടികളും സ്കൂളുകളിൽ എൻറോൾ ചെയ്യപ്പെട്ടിട്ടുണ്ട്. ഇവിടുത്തെ സാക്ഷരതാ നിരക്ക് 96.5% ആണ്. 15 വയസ്സിനു മുകളിലുള്ളവരിൽ 21.8% പേർ S S L C കഴിഞ്ഞവരാണ്. മൊത്തം 858 പേരാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേർ റജിസ്റ്റർ ചെയ്തിട്ടുള്ളത്. ബിരുദ–ബിരുദാനന്തരം നേടിയവരുടെയും പ്രൊഫഷണൽ ബിരുദ ധാരികളുടെയും എണ്ണം തുലോം തുച്ഛമാണ്.

തൊഴിലാളി ജനസംഖ്യ ഏകദേശം 7658 ആകുന്നു ഇതിൽ കേവലം 3124 പേർക്കാണ് വർഷം മുഴുവനും തൊഴിൽ ലഭിക്കുന്നത്. തൊഴിലാളികളിൽ 2316 സ്ത്രീകളാണുള്ളത്. 5150 വീടുകളിലായി ഗൃഹജോലികളിലായി ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് പുറമെയാണിത്. 700 തൊഴിലാളികളാണ് കാർഷിക മേഖലയിൽ ഉള്ളതെങ്കിൽ വ്യാവസായിക മേഖലയിൽ അത് 148 മാത്രമാകുന്നു. പഞ്ചായത്തിനകത്തും പുറത്തുമായി വിദ്യാഭ്യാസമേഖലയിൽ പഞ്ചായത്തിലെ 104 പേർ ജോലി ചെയ്യുന്നു.

പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള 26 കുടുംബങ്ങളാണ് ഇവിടെയുള്ളത്. അതുപോലെ 70 കുടുംബങ്ങൾ സ്വർണ്ണപ്പണി, ഓട്ടുപാത്രനിർമ്മാണം, ഇരുമ്പുപണി തുടങ്ങിയ കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു, മരക്കച്ചവടം ഉൾപ്പെടെയുള്ള വ്യാപാര രംഗത്ത് 524 പേർ കേന്ദ്രീകരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർ ഒഴികെ മറ്റുള്ളവരിൽ സമ്പന്ന–ദരിദ്ര വ്യത്യാസം ഗൗരവമായി നിലനിൽക്കുന്നു. ഏതാനും വർഷങ്ങൾക്ക് മുമ്പ്വരെ സാമ്പത്തിക ജീവിതത്തിൽ പിൻ നിരയിലായിരുന്ന നല്ലൊരു വിഭാഗം ഇന്ന് വിദേശ ജോലിയുടെയും കച്ചവടത്തിൻറെയും ഫലമായി സാമ്പത്തിക ജീവിതത്തിൽ മുൻകൈ നേടിയിട്ടുണ്ട്. ഭൂപരിഷ്ക്കരണത്തിനുശേഷം കാർഷിക ജനസാമാന്യത്തിന് ഒരു പരിധിവരെ സാമ്പത്തിക പുരോഗതി ഉണ്ടായെങ്കിലും സമകാലീന സാമ്പത്തിക നയങ്ങളുടെ കഠിനമായ സമ്മർദ്ദം അവരെ സാമ്പത്തിക ജീവിതത്തിൽനിന്നും പുറകോട്ട് നയിക്കുന്നു. ഒരുചെറിയ ന്യൂനപക്ഷം മാത്രമേ പൂർണ്ണമായും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നുള്ളൂ. കാർഷിക മേഖലയിലെ തൊഴിൽ ശക്തിയിൽതന്നെ ഏതാണ്ട് പകുതിയിലധികവും നിർമ്മാണ തൊഴിൽ മേഖലയിലേക്ക് മാറിപോകുന്ന ഒരു സ്ഥിതി വിശേഷം ഇപ്പോഴും നിലവിലുണ്ട്.

തൃക്കടീരി ഗ്രാമപഞ്ചായത്ത് പഠന പര്യടനം - I




ഭൂപ്രകൃതി	സമതലം	ലാറ്റിൻ മണ്ണ്	സമതലം	ചരിഞ്ഞ പ്രദേശം	സമതലം	ചരിഞ്ഞ പ്രദേശം	സമതലം	ചരിഞ്ഞപ്രദേശം	സമതലം	ചരിഞ്ഞ പ്രദേശം
മൺതരം	കരിങ്കല്ല്, കരുങ്കല്ല്	കരിങ്കല്ല്	ചുവന്ന പശിമരാശിമണ്ണ്	പശിമരാശി മണ്ണ്, ചെങ്കല്ല്	പശിമരാശി മണ്ണ്	ചെങ്കല്ല്	പശിമരാശി മണ്ണ്	ഫലപുഷ്ടിയുള്ള മണ്ണ്	ഫലപുഷ്ടി യുള്ള മണ്ണ്	വെട്ടുകൽ പ്രദേശം
സസ്യാവരണം	നെല്ല് വാഴ കുടിയവ	ഡർക്കാർ വന വല്ലരണം	തെങ്ങ് മനുഷ്യ വൃക്ഷങ്ങൾ	തെങ്ങ് മിശ്രിത മായി നെല്ല്	നെല്ല് വാഴ ഇഞ്ചി	തെങ്ങ് ഫലവൃക്ഷ ങ്ങൾ	നെല്ല് - വാഴ അല്ലാതെ ഇഞ്ചി മുതലായവ	നെല്ല് - വാഴ തെങ്ങ്	നെല്ല് വാഴ	ഫലവൃക്ഷ ങ്ങൾ
ഭൂപ്രദേശത്ത്	ചെറിയ തോടുകളും ഇടങ്ങളും	ഇല	അപൂർവ്വമായ് തിണ്ടുകൾ	തോട് ഇടയ്ക്ക് തിണ്ടുകൾ	തോട് ഇടങ്ങൾ	ചരിവിനനുസരിച്ച് തിണ്ടുകൾ	ഇടങ്ങളും തോടും	തോടും ഇടങ്ങളും	തോട്	തിണ്ടുകൾ

TRANSECT - I തിരുർ (ഒന്നാം വാർഡ്) മുതൽ മാഴങ്ങാട് (പത്താം വാർഡ്) വരെ

ദൂരം: സുമാർ ഒമ്പതര കിലോമീറ്റർ

തിയ്യതി 03 - 11 - 96

തൃക്കടീരി ഗ്രാമപഞ്ചായത്ത് പഠന പര്യടനം - II




	ഒന്നാം വാർഡ് (പൂതക്കാട്)		രണ്ടാം വാർഡ് (തിരുമംഗലം)	ഏഴാം വാർഡ് (തിരുമംഗലപ്പടിഞ്ഞാറ്)		അഞ്ചാം വാർഡ് (കോറിക്കോട്)	ആറാം വാർഡ് (കൊയ്ക്കുഴി)	
ഭൂപ്രകൃതി	ചരിവുതലം	ചരിഞ്ഞ സമതലം	സമതലം	ചെറിയ ചരിവ്	ഇടവർന്ന ഭൂ-നിൻപ്രദേശം	സമതലം	മൺതിട്ട	ഇടവർന്ന കരിങ്കൽ പ്രദേശം.
മൺതരം	വെട്ടുകല്ല്	ചരൽമരാശി മണ്ണ്	ചരൽമരാശിമണ്ണ്	വെട്ടുകല്ല്	ചെണ്ടൽമണ്ണ്-കിടപ്പ്-	ചരൽമരാശിമണ്ണ്	ചെമ്മണ്ണ് വെട്ടുകല്ല്	പൂഴിമണ്ണും കരിങ്കല്ലും
സസ്യാവരണം	തെങ്ങ് മുളമരം കരിമ്പന	തെങ്ങ്	തെങ്ങ് റബ്ബർ	തെങ്ങ് വാഴ	വാഴ തെങ്ങ്	തെങ്ങ്, വാഴ തെങ്ങ്	ഫലവൃക്ഷങ്ങൾ	പുൽത്തകിടി
ജലസ്രോതസ്സ്	കിണർ	തോട്	തോട് മുള	കിണർ	ചരിവിതം	തോട്, മുളങ്കൂട്	ചരിവിതം	ഇല്ല.


TRANSECT II പൂതക്കാട് (ഒന്നാം വാർഡ്) തുടങ്ങി കൊയ്ക്കുഴി (ആറാം വാർഡ്) വരെ

ദൂരം: 5.2 കിലോമീറ്റർ

തീയതി: 03-11-96



തുക്കടീരി ഗ്രാമപഞ്ചായത്ത്





കൃഷിയും, ജലസേചനവും.

കാർഷിക മേഖലക്ക് പ്രാധാന്യമുള്ള ഒരു പ്രദേശമാണ് തൃക്കടീരി. 1563 ഹെക്ടറോളം സ്ഥലത്ത് വിവിധ തരത്തിലുള്ള കൃഷികൾ നടത്തി വരുന്നു. ഇതിൽ 416 ഹെക്ടർ സ്ഥലത്ത് നെൽ കൃഷിയാണുള്ളത്. നെൽകൃഷി കഴിഞ്ഞാൽ തെങ്ങ്, വാഴ, കവുങ്ങ് തുടങ്ങിയവയും കൃഷി ചെയ്തു വരുന്നു. ഈ അടുത്ത കാലത്തായി കുന്നിൻ ചരിവുകളിൽ റബ്ബർ കൃഷിയും വ്യാപകമായിട്ടുണ്ട്. മൊത്തം കൃഷിയുടെ വിസ്തീർണ്ണം പട്ടിക 1, 2–ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

ഭൂമി സംബന്ധിച്ച വിവരങ്ങൾ

(Ref: അടിസ്ഥാനവിവര രജിസ്റ്റർ)

ഇനം	വിസ്തീർണ്ണം
കൃഷിയോഗ്യഭൂമി	1563
പുരയിടം	415
നിക്ഷിപ്തവനഭൂമി	600
കൃഷിയോഗ്യമല്ലാത്തതരിശ്	50
ആകെ	2628

പട്ടിക 2

തൃക്കടീരി ഗ്രാമ പഞ്ചായത്ത്

വിളവിസ്തീർണവും ഉത്പാദനവും

(Ref: അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം ഹെക്ടർ	മൊത്തം ഉല്പാദനം M.T.	ഉല്പാദന ക്ഷമത ഹെക്ടറിൽ
നെല്ല് ഒന്നാംവിള	416	74.92	7000kg.
നെല്ല് രണ്ടാംവിള	360	82.8	2300kg.
നെല്ല് മൂന്നാംവിള	5	1.2	2400kg.
പയർ	6	7.8	1300kg.
എള്ള്	4	4.	1000kg.
പച്ചക്കറികൾ	22	6	5000kg.
തെങ്ങ്	403	2727000	45 Per Plat
വാഴ	86	644 mt.	44 mt.
മരച്ചീനി	8	28 mt.	3.5 mt.
കുരുമുളക്	42	25.2 mt.	600 kg.
പ്ലാവ്	3	200 mt.	66 mt.
കശുമാവ്	53	50 mt.	1.12 mt.
മാവ്	16	118 mt.	7.38 mt.
റബ്ബർ	67	135 mt.	4.98 mt.
കവുങ്ങ്	38	270 mt.	15. mt.
ഇഞ്ചി	30	600 mt.	20 mt.
മഞ്ഞൾ	4	75 mt.	18 mt.
ആകെ	1563		

ഇവിടത്തെ കർഷകരിൽ ഭൂരിഭാഗവും ഒരു ഹെക്ടറിൽ താഴെ കൃഷിയുള്ള ചെറുകിട കർഷകരാണ്. ഭൂപരിഷ്ക്കരണം നടന്നതോടെയാണ് ഭൂമി ഇങ്ങനെ സാധാരണക്കാരായ ആളുകളിൽ എത്തുന്നത്. കൃഷി ഭൂമി സാധാരണക്കാരന് ലഭിച്ചതോടു കൂടി കാർഷിക ഉൽപ്പാദനം വർദ്ധിക്കുകയും കൃഷി ഇനങ്ങൾ വൈവിധ്യവൽക്കരിക്കുകയും ചെയ്തു.

1960ന് ശേഷമാണ് തെങ്ങ് കൃഷി വ്യാപകമാവുന്നത്. തെങ്ങ് കൃഷിക്ക് രണ്ടാം സ്ഥാനമുണ്ടെങ്കിലും ഉല്പാദന ക്ഷമത കുറവാണ്. വയലുകളോടു ചേർന്ന പുരയിടങ്ങളിലാണ് തെങ്ങ് കൃഷി വ്യാപകമായിട്ടുള്ളത്. തെങ്ങിനോടൊപ്പം ഇത്തരം പ്രദേശങ്ങളിൽ കവുങ്ങും കൃഷി ചെയ്തു വരുന്നു. ഇങ്ങനെ തണുപ്പുള്ള പ്രദേശങ്ങളിലാണ് തെങ്ങിനും കവുങ്ങിനും ഉല്പാദന ക്ഷമത കൂടുതലുള്ളത്. വെട്ടുകൽ പ്രദേശമായ കുന്നിൻ ചെരുവുകളിൽ തെങ്ങ് കൃഷി ഉണ്ടെങ്കിലും ജലസേചന സൗകര്യമില്ലാത്തതു കൊണ്ട് ഉല്പാദനക്ഷമത കുറവാണ്. തെങ്ങിന് പ്രതീക്ഷിച്ച ഉല്പാദനം കിട്ടാത്തതു കൊണ്ടാണ് പലരും റബ്ബർ കൃഷി ആരംഭിക്കുന്നത്. ഏതാണ്ട് 67 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ഉണ്ട്.

നെൽകൃഷിയാണ് തൃക്കടീരിയിൽ പ്രധാനമെങ്കിലും കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം വർഷംതോറും കുറഞ്ഞു വരികയാണ്. വിളവ് ഇറക്കാനുള്ള ചെലവ് കൂടിയതും നെല്ലിന് വേണ്ടത്ര വിലകിട്ടാത്തതുമാണ് നെൽകൃഷി കുറയാനുള്ള ഒരു കാരണം. ഇതിനുപുറമെ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ വന്യമൃഗങ്ങളുടെ ശല്യം കൃഷികുറയാൻ ഇടയാക്കിയിട്ടുണ്ട്.

തൃക്കടീരിയിൽ 8 പാടശേഖര സമിതി പ്രവർത്തിക്കുന്നുണ്ടെങ്കിലും കാർഷികരംഗത്ത് ഒരു മുന്നേറ്റമുണ്ടാക്കാൻ ഇവ പര്യാപ്തമായിട്ടില്ല. കാര്യക്ഷമമായി പ്രവർത്തിച്ചാൽ ഇത്തരം സമിതികൾക്ക് നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനും കൃഷിപ്പണിയുടെ ചിലവ് കുറയ്ക്കാനും കഴിയും. പാടശേഖരസമിതികൾ വഴിയാണ് കർഷകർക്ക് ഉല്പാദന ബോണസ്സും മറ്റാനുകൂല്യങ്ങളും നൽകുന്നത്.

തെങ്ങ് കൃഷിയുടെ വ്യാപനത്തെ ഉദ്ദേശിച്ചു കൊണ്ട് ഒരു കേരവികസന സമിതി പ്രവർത്തിക്കുന്നുണ്ട്. 403 ഹെക്ടർ സ്ഥലത്താണ് ഇപ്പോൾ തെങ്ങ് കൃഷിയുള്ളത്. കൃഷിവകുപ്പുമുഖേന നടീൽ വസ്തുക്കളും ജലസേചനത്തിനായി കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും സബ്സിഡിയോടുകൂടിയ ലോൺ സൗകര്യം ലഭ്യമാണ്. കഴിഞ്ഞ വർഷങ്ങളിൽ ഈ പദ്ധതികൾ ഉപയോഗപ്പെടുത്തി ഒട്ടേറെ കിണറുകളും പമ്പുസെറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

നടീൽവസ്തുക്കളുടെയും കാർഷിക യന്ത്രങ്ങളുടെയും വിതരണം പട്ടികകൾ 3, 4, 5–ൽ.

പട്ടിക 3

തൃക്കടീരി ഗ്രാമ പഞ്ചായത്ത്

രാസവളം–കീടനാശിനി വിപണനം

സ്ഥാപനത്തിന്റെ പേര്	1995-96		
	രാസവളം കിലോഗ്രാം	കീടനാശിനി	
		ദ്രവം	ഖരം
സഹകരണം	89.003 M.T.	21.7 ലിറ്റർ	432 kg.
സ്വകാരം	15.860 M.T.	—	—
ആകെ	104.863 M.T.	21.7 ലിറ്റർ	432 kg.

പട്ടിക 4

തൃക്കടീരി ഗ്രാമ പഞ്ചായത്ത്

നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	75	904	563
കശുമാവ്	800	ഇല്ല	1400
കുരുമുളക്	—	13500	2674
മാവ്	—	181	—
സപ്പോട്ട	—	10	—
ആകെ	875	14595	4637

പട്ടിക 5

കാർഷികോപകരണങ്ങളം

വാർഡ് നമ്പർ	ഉഴവുപകരണങ്ങളം			മരുന്നുതളി ഉപകരണങ്ങളം			തൂമ്പ	കൈക്കോട്ട്	പാരമ്പര്യേതരം
	ട്രാക്ടർ	ടില്ലർ	നാടൻ കലപ്പ	റോട്ടറി സ്പ്രയർ	പവർ സ്പ്രയർ	നാപ്സാക്ക് സ്പ്രയർ			
1	—	1	50	3	5	—	1	—	4
2	1	1	30	—	2	—	1	—	10
3	—	—	30	1	2	—	—	—	3
4	—	—	25	—	—	—	—	—	7
5	—	—	35	—	2	—	—	—	5
6	1	—	50	—	2	—	—	—	5
7	—	1	40	—	4	—	—	—	5
8	—	—	25	—	3	—	—	—	7
9	—	—	35	—	2	—	—	—	6
10	—	—	30	—	3	—	—	—	12
ആകെ	2	3	350	4	25	—	2	—	68

നെൽകൃഷി ലാഭകരമല്ലാത്തതുകൊണ്ട് നല്ലൊരു ശതമാനം ഭാഗത്തും രണ്ടു വിളകളം ഒന്നിച്ചു ചേർത്ത് നടത്തുന്ന കൂട്ടുമുണ്ടകൻ കൃഷിയാണ്. പുരയിടങ്ങളോടു ചേർന്ന നെൽപ്പാടങ്ങളിൽ വാഴ കൃഷിയും ആരംഭിച്ചിട്ടുണ്ട്. വാഴകൃഷി ലാഭകരമായതിനാൽ ജലസേചന സൗകര്യമുള്ള പാടങ്ങളിൽ നേന്ത്രവാഴ കൃഷി വ്യാപകമാകുന്നുണ്ട്.

നേന്ത്രക്കായ്ക്ക് സീസൺ ആരംഭിക്കുമ്പോം ഡിമാൻറ് കുറയുന്നതുകൊണ്ട് ഷൊർണ്ണൂർ, തൃശൂർ തുടങ്ങിയ പ്രദേശങ്ങളിലാണ് വിറ്റഴിക്കപ്പെടുന്നത്.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ തൃക്കടീരിയിലെ കാർഷികരംഗത്തെ പ്രശ്നങ്ങം താഴെ പറയുന്നവയാണ്.

കുന്നിൻ പ്രദേശങ്ങം ധാരാളം ഉള്ളതുകൊണ്ട് മഴപെയ്താ മണിക്കൂറുകംക്കകം വെള്ളം ഒഴുകി താഴ്ന്ന പ്രദേശങ്ങളിലെത്തുകയും തോടുകളിലൂടെ ഒഴുകിപോവുകയും ചെയ്യുന്നു. കുന്നിൻ ചരിവുകളിൽ മരംവെച്ചു പിടിപ്പിച്ചാൽ മണ്ണൊലിപ്പ് തടയാൻ കഴിയും. ഇങ്ങനെ കുത്തിയൊഴുകുന്ന വെള്ളം തോടുകം പൊട്ടിക്കുകയും വർഷംതോറും കൃഷിനാശം ഉണ്ടാക്കുകയും ചെയ്യുന്നു.

വർഷത്തിൽ 300 സെൻറീമീറ്റർ മഴ കിട്ടുന്നുണ്ടെങ്കിലും വർഷത്തിൽ 8 മാസവും മഴ ലഭ്യമല്ല. ഇതുകൊണ്ടുതന്നെ കടുത്തവേനലും ജലക്ഷാമവും ഉണ്ട്. കാർഷികരംഗത്തെ പ്രധാന പ്രശ്നവും ജലക്ഷാമം തന്നെയാണ്. കൃഷി അധികവും കുന്നിൻ ചരിവുകളിലായതുകൊണ്ട് ട്രാക്ടർ തുടങ്ങിയ കൃഷിയന്ത്രങ്ങം ഉപയോഗിക്കാനും കഴിയുന്നില്ല. തൃക്കടീരിയിലെ 1, 2 വാർഡുകളിൽ നിക്ഷിപ്തവന പ്രദേശത്തുനിന്നു വരുന്ന മുള്ളൻ, കാട്ടുപന്നി, മയിൽ എന്നിവയുടെ ശല്യമുണ്ട്. ഈ പ്രദേശങ്ങളിൽ കിഴങ്ങുവർഗ്ഗങ്ങം തീരെ കൃഷി ചെയ്യാതായിരിക്കുന്നു.

ജലസേചനത്തിനായി പഞ്ചായത്തിന്റെ മിക്ക ഭാഗത്തും തലക്കുളങ്ങളുണ്ട്. അനവധി വർഷത്തെ പഴക്കമുള്ള ഇത്തരം കളങ്ങം ഭാഗികമായി മണ്ണുമൂടി കിടക്കുകയാണ്. ഇവയിലെ മണ്ണ് മാറിയാൽ ഉറവ വർദ്ധിക്കുകയും നെൽകൃഷിക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യാം. കുളങ്ങൾക്ക് പുറമെ ചെറിയ തോടുകളും ജലസേചനത്തിനായി ഉപയോഗിക്കുന്നുണ്ട്. 1950നു മുമ്പ് തന്നെ തോടുകളിൽ ബണ്ടുകം കെട്ടി ജലസേചനം നടത്തുന്ന രീതികം നിലവിലുണ്ടായിരുന്നു. ഇത്തരത്തിലുള്ള അഞ്ച് താൽക്കാലിക തടയണകം ഉണ്ട്. ഇവയിൽ പലതും പൊട്ടി വേണ്ടത്ര ഉപ

യോഗപ്രദമല്ല. ഇവയെ സ്ഥിരം സംവിധാനമാക്കി രൂപപ്പെടുത്തിയാൽ ജലസേചന രംഗത്ത് ക്രിയാത്മകമായ മാറ്റമുണ്ടാക്കാൻ കഴിയും. ഇവയ്ക്കു പുറമെ നിലവിലുള്ള തോടുകളിൽ എട്ട് തടയണകളും കൂടി കെട്ടുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

പട്ടിക 6

തൃക്കടീരി ഗ്രാമ പഞ്ചായത്ത്

ജലസേചന സംവിധാനങ്ങൾ

വാർഡ്	കുളം	ക്രോസ് ബാർ	ആയതൊടു (ഹെക്ടർ)
1	6	—	22 ഹെക്ടർ
2	5	3	25 ,,
3	6	—	10 ,,
4	2	—	6 ,,
5	3		12 ,,
6	4		10 ,,
7	6		18 ,,
8	5	2	28 ,,
9	2	1	8 ,,
10	16	1	20 ,,
ആകെ	55	7	159 ഹെക്ടർ

പട്ടിക 7

ചെറുകിട ജലസേചന തോട്ടകൾ സംബന്ധിച്ച വിവരങ്ങൾ (Ref: വില്ലേജ് ലിത്തോമാപ്പ്)

ക്രമനമ്പർ	തോടിന്റെ പേര്	ആകെ നീളം മീറ്ററിൽ	ശരാശരി വീതി മീറ്ററിൽ	സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം മീറ്ററിൽ	പ്രയോജനപ്പെടുന്ന കൃഷിഭൂമി ഏക്കറിൽ
1	കരിയാമുട്ടിതോട്	2500	6	500	100000
2	മുണ്ടൻകൈതോട്	3000	6	—	—
3	കാക്കതോട്	4000	8	350	100000
4	ആടാതോട്	700	7	450	—
5	കാരാട്ടകുശിതോട്	1500	5	—	—
6	മൂന്നമൂർത്തിക്ഷേത്രത്തിനു സമീപം മുള്ളത്	1200	2	—	—
	ആകെ	12900		1300	200000

കാർഷിക മേഖലയിലെ ജോലികൾ എളുപ്പമാക്കുന്നതിന് ട്രാക്ടറുകൾ ഉണ്ടെങ്കിലും അവ പാടത്തേക്ക് ഇറക്കുന്നതിന് പര്യാപ്തമായ റോഡുകൾ കുറവാണ്. റോഡുകളിൽനിന്ന് വയലിലേക്കിറക്കാവുന്ന ഇത്തരം റോഡുകൾ നിർമ്മിക്കുന്നതിന് പല നിർദ്ദേശങ്ങളും വന്നിട്ടുണ്ട്.

വളരെ കാര്യക്ഷമമായി കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഉല്പാദനശേഷികൂടുതലുള്ള വിത്തുകളും വളങ്ങളും എത്തിക്കുന്നതിന് പലപ്പോഴും കഴിയാറില്ല. തെങ്ങ്, കുരുമുളക്, പച്ചക്കറി വിത്തുകൾ ഇവ കൃഷിഭവനിൽ ലഭ്യമാണെങ്കിൽ യഥാസമയത്ത് കിട്ടാത്തതുകൊണ്ട് വേണ്ടപ്രയോജനം ലഭിക്കുന്നില്ല.

പല വയലുകളിലും നല്ല ജല സ്രോതസ്സുകളുണ്ടെങ്കിലും വൈദ്യുതി ഇല്ലാത്തതുകൊണ്ട് മോട്ടോർ സ്ഥാപിച്ച് ജലസേചനം നടത്താൻ കഴിയുന്നില്ല. ഓയിൽ ഉപയോഗിച്ച് പ്രവർത്തിക്കുന്ന പമ്പ് സെറ്റുകൾക്കാവശ്യമായ മണ്ണെണ്ണ കിട്ടാനുള്ള സൗകര്യവും കുറവാണ്. എട്ട് പാടശേഖര സമിതികൾ നിലവിലുണ്ടെങ്കിലും ട്രാക്ടർ, ടില്ലർ, സ്പ്രേയർ തുടങ്ങിയവ സ്വന്തമായിട്ടുള്ള സമിതികൾ ഒന്നും തന്നെയില്ല.

നിലവിലുള്ള തോട്ടകൾ ജലസേചനത്തിന് ഉപയോഗിക്കുന്നുണ്ടെങ്കിലും വശങ്ങളിടിഞ്ഞ് തൂർന്ന് കൃഷിക്ക് നാശമുണ്ടാക്കുന്നു. ഇത് പരിഹരിക്കുന്നതിനും ജലസേചനം കാര്യക്ഷമമാക്കുന്നതിനും തോട്ടകളുടെ വശങ്ങൾ കെട്ടുകയും തോടുകളിൽ ബണ്ടുകൾ നിർമ്മിക്കുകയും വേണം. വെട്ടുകല്ല് ചേർന്ന മണ്ണ് ധാരാളമായിട്ടുള്ള കുന്നിൻ ചെരിവുകൾ കൃഷിക്ക് ഉപയുക്തമാക്കാതെ തരിശായി കിടക്കുന്നുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കൃഷിഭവനുമായി സഹകരിച്ച് കശുമാവ് കൃഷി വ്യാപിപ്പിക്കാവുന്നതാണ്. ഇതിനാവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും വളം വിതരണം ചെയ്യുകയും വേണം. കുന്നിൻ ചെരുവുകളിലെ മണ്ണൊലിപ്പു തടയാനും ഇതിനു കഴിയും. കർഷകർക്ക് സാമ്പത്തിക ഭദ്രതയുണ്ടാവാനും ഈ രീതി സഹായകമാവും.

കാർഷിക രംഗത്ത് മുമ്പ് നിലവിലിരുന്ന ഏലാ ആപ്പീസിനു പകരം കൃഷിഭവനുകൾ സ്ഥാപിതമായതോടെ കാർഷിക രംഗത്ത് ഒരു ഉണർവ് പ്രകടമായിട്ടുണ്ട്. എന്നാൽ കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരിലേക്കും ഇനിയും വ്യാപിച്ചിട്ടില്ല. സ്ഥിരമായി കൃഷിഭവനുമായി ബന്ധപ്പെടുന്ന കുറെ കൃഷിക്കാർ മാത്രമാണ്. വ്യാപകമായ ബോധവൽക്കരണവും കർഷകരുടെ പഠന ക്യാമ്പുകളും മറ്റും ആസൂ

ശ്രീതമായി നടപ്പാക്കേണ്ടതുണ്ട്. ആധുനിക കാർഷിക മുറകളെ സംബന്ധിച്ച ബോധവത്കരണവും പ്രധാന കാർഷിക വിളകളുടെ സമഗ്ര വികസനത്തിനുള്ള പദ്ധതികളുടെ നടത്തിപ്പും മുമ്പത്തേക്കാളും പ്രാധാന്യവും പ്രയോജനവും കൈവരിച്ചിട്ടുണ്ടെങ്കിലും ഇനിയും കൂടുതൽ കർഷക പങ്കാളിത്തവും കർഷക കൂട്ടായ്മയും കൈവരിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ കൃഷിഭവൻ നടപ്പാക്കുന്ന വികസന പദ്ധതികളും ഏതാണ്ടിപ്രകാരമാണ്.

നെൽകൃഷി:— ചാരിറബിളം ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള 8 പാടശേഖര നെല്ലുൽപ്പാദന സമിതികളുണ്ട്. നെല്ലുൽപ്പാദന ബോണസ്സ്, വിത്തുവികസനപദ്ധതി, ഗ്രൂപ്പ് ഫാമിംഗ് എന്നിവയാണ് നടപ്പുവർഷം നടപ്പാക്കിയവ.

10 ഹെക്ടർ സ്ഥലത്ത് ഒരേ ഇനത്തിൽപ്പെട്ട അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തിനങ്ങളുടെ ഫൗണ്ടേഷൻ സീഡ് കൃഷി ചെയ്തു് അതിൽ നിന്നും ചുരുങ്ങിയത് ഹെക്ടറിന് 1500 കിലോ എന്ന നിരക്കിൽ 15 മെടിക്ടൺ സർട്ടിഫൈഡ് സീഡ് ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുക എന്നതാണ് ലക്ഷ്യം. ഇങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്ന വിത്ത് കിലോഗ്രാമിന് ശരാശരി 8 രൂപാനിരക്കിൽ കൃഷിവകുപ്പ് ഏറ്റെടുക്കുന്നു. എന്നാൽ പ്രധാനമായും രണ്ടു കാരണങ്ങളാൽ പദ്ധതി വേണ്ടത്ര വിജയിച്ചില്ല. പത്തുഹെക്ടർ സ്ഥലത്ത് ഒന്നിച്ചു കൃഷിയിറക്കാൻ ഒരു പാടശേഖര സമിതിയും തയ്യാറായില്ല സർക്കാരിൽ നിന്നും ഫൗണ്ടേഷൻ സീഡ് യഥാസമയം കിട്ടിയില്ല.

നെല്ലുൽപ്പാദന ബോണസ്സ്:—നെല്ലുൽപ്പാദകർക്ക് ഉല്പാദന ബോണസായി സെന്റിന് ഒരു രൂപവീതം നൽകുന്നതാണ് നിലവിലുള്ള പദ്ധതി. 95–96 വർഷത്തിൽ 8 പാടശേഖര സമിതികളിൽ കൂടി ഈ ഇനത്തിൽ 98669/— രൂപ വിതരണം ചെയ്തു.

ഈ സംഖ്യ ഉപയോഗിക്കപ്പെട്തുകൊണ്ട് മുൻവർഷത്തേക്കാളും എത്ര നെല്ലുൽപ്പാദനം വർദ്ധിച്ചുഎന്ന് കണക്കാക്കപ്പെട്ടിട്ടില്ല. സർക്കാർ പദ്ധതികളുടെ അവലോകനത്തിന്റെയും മോണിറ്ററിംഗിന്റെയും അഭാവമാണ് ഇതുകാണിക്കുന്നത്. സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലല്ലാതെ ഉല്പാദിപ്പിക്കുന്ന വിളവു മേനിയുടെ അടിസ്ഥാനത്തിൽ ബോണസ്സ് നൽകുന്ന സമ്പ്രദായം ആവിഷ്ക്കരിക്കാൻ കഴിയുമോ എന്നു പരിശോധിക്കേണ്ടതാണ്.

ഗ്രൂപ്പ് ഫാമിംഗ്:— പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുക, ജലസേചനത്തിനു കിണർ കുഴിക്കുക, പമ്പ്സെറ് സ്ഥാപിക്കുക, കുമ്മായ വസ്തുക്കളും, കീടനാശിനി, സസ്യസംരക്ഷണ ഉപകരണങ്ങളും, തുടങ്ങിയവ വാങ്ങുന്നതിന് ധനസഹായം നൽകുക എന്നിവയാണ് പദ്ധതിയുടെ മുഖ്യഘടകങ്ങളും. 95-96 വർഷത്തിൽ ഈ ഇനത്തിൽ 7, 73, 282/= രൂപ ലഭ്യമായെങ്കിലും ചെറിയൊരു ശതമാനം മാത്രമേ ചിലവഴിക്കപ്പെട്ടിട്ടുള്ളൂ. കാർഷിക മേഖലയിലെ നിർദ്ദിഷ്ടമായ പല പ്രവർത്തനങ്ങളും ഫലപ്രദമാക്കുന്നതിന് ഈ പദ്ധതിയുമായി കൂട്ടിയിണക്കേണ്ട സാധ്യതകളും ഉണ്ട്.

തെങ്ങുകൃഷി:—സമഗ്ര നാളികേര വികസന പദ്ധതി പഞ്ചായത്തിൽ 94–95 മുതൽ നടപ്പിലാക്കിവരുന്ന ജലസേചന കിണർ കുഴിക്കുക, പമ്പ് സെറ് സ്ഥാപിക്കുക, കർഷകർക്ക് പരിശീലന ക്ലാസ് നടത്തുക, തെങ്ങുകയറ്റ യന്ത്രങ്ങളും വിതരണം ചെയ്യുക, കമ്മ്യൂണിറ്റി ഇറിഗേഷൻ ഗ്രൂപ്പ്, ഇറിഗേഷൻ എന്നിവ നടപ്പിലാക്കുക—ഇവയാണ് ഈ പദ്ധതിയിൽ വരുന്ന പ്രവർത്തനങ്ങൾ. കേരവികസന സമിതി മുഖാന്തിരമാണ് പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയും പഞ്ചായത്തിൽ വേണ്ടത്ര ഫലപ്രദമായി എന്നുപറയാൻ വയ്യ. ഒന്നാമത് കേരവികസന സമിതിയുടെ ഘടന മുഴുവൻ കേര കൃഷിക്കാരെയും ഉൾക്കൊള്ളുന്നതല്ല. രണ്ടാമത് കൃഷിക്കാർക്കുള്ള സബ്സിഡി യഥാസമയം വിതരണം ചെയ്തിട്ടില്ല. കഴിഞ്ഞ വർഷം വിതരണം ചെയ്ത സബ്സിഡിതന്നെ ഉൽപാദനത്തിന്റെ അടിസ്ഥാനത്തിലാണോ എന്നത് പരിശോധിക്കേണ്ടതാണ്. ഈ വക സഹായധനങ്ങളും പ്രവർത്തനങ്ങളുടേയും സൃഷ്ടിക്കപ്പെടുന്ന ഫലത്തിന്റെയും ഏറക്കുറച്ചിലനുസരിച്ചാണ് യഥാർത്ഥത്തിൽ വിതരണം ചെയ്യപ്പെടേണ്ടത്. അല്ലാതെ പരമ്പരാഗത ഉല്പാദകരിൽ മാത്രം ഒതുക്കി നിർത്തുന്ന പരിപാടിയാവരുത്.

നാളികേര കൃഷി വികസനത്തിനുവേണ്ടി വികസനസമിതി നിർദ്ദേശിക്കുന്ന പുതിയ പരിപാടികളുമായി നിലവിലുള്ള പദ്ധതിയെ ബന്ധിപ്പിക്കാവുന്നതാണ്.

കുരുമുളകുകൃഷി:— കുരുമുളക് തോട്ടം പുനരുദ്ധാന പദ്ധതി, കുരുമുളക് ഏരിയാ വികസന പദ്ധതി, മാതൃകാ പ്രദർശനത്തോട്ടം എന്നിവയാണ്. ഈ രംഗത്തു നിലവിലുള്ള പദ്ധതികളും.

3 വർഷങ്ങളിലായി ഹെക്ടറിന് 6000 രൂപ കർഷകന് സബ്സിഡിയായി ലഭിക്കുന്നു. 3

തവണകളിലായി പഞ്ചായത്തിലെ 12 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

എന്നാൽ ഈ പദ്ധതിയിലേക്ക് കൃഷിക്കാർ ആകർഷിക്കപ്പെടുന്നില്ല. ഒരുതരം അടിച്ചേൽപ്പിക്കൽ പരിപാടിയായാണ് നടക്കുന്നത്. ഇതിന്റെ പ്രധാന കാരണം ഈ കൃഷിയിൽ ശ്രദ്ധയൂന്നുന്ന തിരഞ്ഞെടുക്കപ്പെട്ട കൃഷിക്കാരെ കണ്ടെത്താനുള്ള ശ്രമം നടന്നില്ല എന്നതാണ്.

കുരുമുളക് ഏരിയാ വികസനം: പുതിയ കുരുമുളക് തോട്ടം വെച്ചുപിടിപ്പിക്കുന്നതിന് ഒന്നാം വർഷം ഹെക്ടറിന് 5000 രൂപ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി 5.2 ഹെക്ടർ സ്ഥലത്ത് നടപ്പാക്കി. എന്നാൽ ഈ പരിപാടിയുടെ നടത്തിപ്പിൽനിന്ന് ഉൽപാദന വർദ്ധനവ് എത്രത്തോളം എന്ന് കണക്കാക്കപ്പെട്ടിട്ടില്ല.

മിക്കവാറും തെങ്ങിൻ തോട്ടങ്ങളിൽ കുരുമുളകുകൃഷി വ്യാപിപ്പിക്കാവുന്നതാണ്. 400 ഹെക്ടറിലേറെ തെങ്ങുകൃഷിയുള്ള പഞ്ചായത്തിൽ അതിന്റെ 10ൽ ഒരു ഭാഗത്തുമാത്രമേ കുരുമുളകുകൃഷി വ്യാപിച്ചിട്ടുള്ളൂ എന്ന് മുമ്പ് കാണിച്ച പട്ടികയിൽനിന്നറിയാം. തെങ്ങിൽ കുരുമുളകു പടർത്തുന്ന കൃഷിരീതി വ്യാപകമാക്കേണ്ടതുണ്ട്. ഇതിന് കൃഷിഭവന്റെ ഈ പദ്ധതി പ്രയോജനപ്പെടുത്തേണ്ടതാണ്.

മാതൃകാ തോട്ടമെന്ന നിലയിൽ 5 കുരുമുളക് പ്ലോട്ടുകൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഇവിടെയും ഉൽപാദന കൂടുതലിനെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല.

ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിയിലും ഏരിയാ വികസനം, മാതൃകാതോട്ടം എന്നീ പദ്ധതികൾ നിലവിലുണ്ട്. ഇവയേയും ഒരു പൊതു പദ്ധതിയുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്.

കശുമാവ് വികസനം:-

ഹെക്ടറിന് 160 എണ്ണം എന്നതോതിൽ കർഷകർക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്യുകയും നടീൽ ചിലവായി തൈ ഒന്നിന് മൂന്നു രൂപയും നൽകുന്ന പദ്ധതിയാണിത്. യഥാസമയം തൈകൾ ലഭിക്കാതെ വരുന്നതുകൊണ്ട് പൊതുവെ പദ്ധതി വിജയകരമാകുന്നില്ല.

മണ്ണൊലിപ്പ് കാര്യമായി നേരിടുന്ന കുന്നിൻ ചെരിവുകളിൽ കശുമാവ് കൃഷിവ്യാപിപ്പിക്കാനുള്ള ഒരു സമഗ്രപരിപാടി പഞ്ചായത്തും കൃഷിഭവനും ചേർന്നു നടപ്പാക്കേണ്ടതാണ്. മാത്രമല്ല, പഞ്ചായത്തിലെ രണ്ടോ മൂന്നോ കേന്ദ്രങ്ങളിൽ കശുമാവ് നഴ്സറികൾ ഉണ്ടാക്കേണ്ടതുമാണ്. ഈ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള മുൻപറഞ്ഞ സ്കീം പ്രയോജനപ്പെടുത്തേണ്ടതാണ്.

പച്ചക്കറി കൃഷി വികസനം:

പച്ചക്കറികൃഷിയുടെ രംഗത്ത് പഞ്ചായത്ത് വളരെ പുറകിലാണ്. മുമ്പ് കൃഷിക്കാർ മൊത്തം കൃഷിഭൂമിയുടെ ഒരു ചെറിയ ശതമാനം സ്ഥലത്തെങ്കിലും പച്ചക്കറികൃഷികൃഷി ചെയ്തിരുന്നു. തോടുകളും കുളങ്ങളും സഹായം നൽകുന്ന പ്രദേശങ്ങളിൽ വേനൽക്കായ്കറികളുടെ കൃഷിയും നടന്നിരുന്നു. എന്നാൽ കഴിഞ്ഞ ഒന്നൊന്നര ദശകത്തിനിടയിൽ പച്ചക്കറികൃഷി ഏതാണ്ട് അപ്രത്യക്ഷമായമട്ടാണ്. തമിഴ്നാടിന്റെ പച്ചക്കറിയെ ഏതാണ്ട് 90ശതമാനംവരെ ആശ്രയിക്കുന്ന ലജ്ജാകരമായ സ്ഥിതിയാണ് ഇന്നു നിലവിലുള്ളത്. സ്കൂൾ വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനുവേണ്ടി വിത്തു പാക്കറ്റ് സൗജന്യമായി നൽകുന്ന വളരെ ദുർബ്ബലമായ ഒരു പദ്ധതിയാണ് കൃഷിഭവനിൽ നിലവിലുള്ളത്. ഈ പദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും ലജ്ജാകരമായ ഒരു ഫലിതമായി മാറുകയാണ് ചെയ്യുന്നത്. പച്ചക്കറി കൃഷിക്ക് ആസൂത്രിതമായ പദ്ധതികൾഉണ്ടാകേണ്ടതാണ്. ഓരോ വാർഡിലും ഒന്നോ രണ്ടോ കൃഷിക്കാരെ കരാറടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്കുവേണ്ടി തെരഞ്ഞെടുക്കേണ്ടതാണ്. അവർക്ക് കൃഷി ചെയ്യാൻ വേണ്ട അവശ്യസൗകര്യങ്ങൾ പ്രദാനം ചെയ്യണം. അവരുടെ ഉൽപന്നങ്ങൾ സംഭരിക്കുകയും വിപണനം ചെയ്യുകയും ചെയ്യാൻ വെജിറേറബിൾ സ്റ്റാളുകൾ തുടങ്ങേണ്ടതുമാണ്. സഞ്ചരിക്കുന്ന 'വെജിറേറബിൾ വെണ്ടർ' സമ്പ്രദായവും പഞ്ചായത്തിൽ സ്വീകരിക്കാവുന്നതാണ്, ഇതിനു യോജിച്ചവിധം കൃഷിഭവനിൽ നിലവിലുള്ള പദ്ധതി പുതുക്കുകയും വ്യാപിപ്പിക്കുകയും ചെയ്യണം.

കൃഷിഭവന്റെ കീഴിലുള്ള വിള ഇൻഷൂറൻസ് പദ്ധതി, ഒരു ലക്ഷം യുവാക്കൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി എന്നിവ തികഞ്ഞ പരാജയങ്ങളാണ്. 60 വയസ്സു കഴിഞ്ഞ് 1000 രൂപ പെൻഷൻ നൽകും എന്ന പ്രതീക്ഷയിൽ ഇപ്പോൾ 1000 രൂപ വാങ്ങി ഗവൺമെന്റിലടക്കുന്ന പദ്ധതിയുടെ സാദ്ധ്യതയും പ്രയോജനക്ഷമതയും പുനരവലോകനത്തിന് വിധേയമാക്കേണ്ടതാണ്. മറിച്ച് ഈ തുക ഈ രംഗത്ത് എങ്ങനെ ഉല്പാദനക്ഷമമായി ഉപയോഗിക്കാം എന്ന പ്ലാനിങ്ങാണ് ഉണ്ടാവേണ്ടത്.

നീർമറി വികസന പദ്ധതിയുടെ ഭാഗമായി കിഴൂരിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ്

സെൻറർ നല്ലൊരു മാതൃകയാണ്. പഞ്ചായത്തിലെ മറ്റു ചില പ്രദേശങ്ങളിലും ഇതുപോലുള്ള സെൻറർ ആവശ്യമാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളുടെ കൂടുതൽ സഹായവും തേടേണ്ടതാണ്.

പ്രശ്നങ്ങൾ:–

- ☐ വേനൽക്കാലങ്ങളിൽ വരൾച്ച മഴക്കാലമാവുമ്പോഴും ജലസേചന തോടുകളും പൊട്ടി കൃഷി നാശം.
- ☐ ആധുനിക കാർഷികോപരണങ്ങളുടെ അഭാവം.
- ☐ കുളങ്ങളും ജലസേചനത്തിന് പര്യാപ്തമല്ല സംരക്ഷണം ഇല്ല.
- ☐ തോടുകളുടെ വശങ്ങളും ഇടിഞ്ഞ് തൂർന്ന് ഒഴുക്കും സംഭരണ ശേഷിയും കുറഞ്ഞിരിക്കുന്നു
- ☐ ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഇല്ല.
- ☐ ഉൽപാദന ശേഷികൂടുതലുള്ള തെങ്ങ്, കവുങ്ങ്, കശുമാവ് തുടങ്ങിയവ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നില്ല.
- ☐ കർഷകർക്ക് ജലസേചനത്തിന് ആവശ്യമായ പമ്പുസെറ്റുകളും വാങ്ങാൻ വേണ്ടത്ര ധന സഹായം കിട്ടുന്നില്ല വൈദ്യുത കണക്ഷൻ ലഭിക്കാൻ കാലതാമസമുണ്ടാവുന്നു.
- ☐ കാർഷികോൽപന്നങ്ങൾക്ക് സീസണിൽ രൂക്ഷമായ വിലയിടിവ് ഉണ്ടാകുന്നു.
- ☐ വയലുകളിലേക്ക് ട്രാക്ടർ ഇറക്കുന്നതിന് റാമ്പുകളും ഇല്ല.

സാധ്യതകൾ:–

1. തോട്ടകളുടെ വശങ്ങളും കെട്ടി ബലപ്പെടുത്തുകയും ക്രോസ് ബാറുകളും, ചെക്ക് ഡാമുകളും എന്നിവ സ്ഥാപിച്ച് ജലസേചന സൗകര്യം വിപുലമാക്കുക. ഇത്തരത്തിൽ ആറ് തോട്ടകളാണുള്ളത്. ഇവയിൽ പമ്പുസെറ്റുകളും സ്ഥാപിച്ച് കമ്മ്യൂണിറ്റി ഇറിഗേഷൻ രീതിയിലും വ്യക്തികൾക്ക് സബ്സിഡി നൽകിയും ജലസേചനം വിപുലമാക്കാവുന്നതാണ്.

2. കൃഷി യഥാസമയത്ത് ആരംഭിക്കുന്നതിന് ജോലിക്കാരെ കിട്ടുന്നില്ല. ഇത് പരിഹരിയ്ക്കാൻ ആധുനിക ഉപകരണങ്ങളും അത്യാവശ്യമാണ്. എല്ലാതരം കാർഷിക ഉപകരണങ്ങളും മിതമായ വാടകക്ക് ലഭിക്കാവുന്ന ഒരു അഗ്രോസർവ്വീസ് സെൻറർ ഗ്രാമപഞ്ചായത്തിലുണ്ടാവേണ്ടതാണ്. സ്വകാര്യ സംരംഭകർക്ക് ഉപകരണങ്ങളും വാങ്ങുന്നതിന് കൃഷിഭവൻ വഴി ധനസഹായം നൽകണം.

3. 50 സെൻറിൽ കൂടുതൽ വലുപ്പമുള്ള എല്ലാ കുളങ്ങളും വൃത്തിയാക്കി മോട്ടോർപമ്പ് ഉപയോഗിച്ച് ജലസേചനത്തിന് പര്യാപ്തമാക്കണം. ഇത്തരത്തിൽ 17 കുളങ്ങളാണ് ഉള്ളത്.

4. നാമമാത്ര കർഷകരാണ് പഞ്ചായത്തിൽ അധികം. ഒരു പാടശേഖരത്തിലെ മുഴുവൻ ആളുകളും ചേർന്ന് ഗ്രൂപ്പായി ഒരേ രീതിയിൽ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ കൃഷി നടത്തുകയും ചെലവ് വിഭാവനം ചെയ്ത് വീതിച്ചെടുക്കുകയും ചെയ്താൽ ചെലവ് ഗണ്യമായി കുറക്കാൻ കഴിയും. ആധുനിക രീതിയിലുള്ള വിത്തുകളും, രാസവളങ്ങളും, കീടനാശിനികളും ഉപയോഗിച്ചാൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനും കഴിയും. നിലവിലുള്ള സമിതികളും ഫലപ്രദമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നവരെങ്കിൽ അവക്ക് അംഗീകാര പ്രോൽസാഹനവും പഞ്ചായത്ത് നൽകേണ്ടതാണ്.

വിളവെടുപ്പ് സീസണിൽ വരുന്ന വിലക്കുറവ് പരിഹരിക്കുന്നതിനു സർക്കാർ സംഭരണം ഏർപ്പെടുത്തണം.

☐ ഉല്പാദനശേഷി കൂടുതലുള്ള തെങ്ങ്, കവുങ്ങ്, കശുമാവ്, സുഗന്ധദ്രവ്യങ്ങളായ ഇഞ്ചി, കുരുമുളക്, മഞ്ഞൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറി വിത്തുകൾ, ഔഷധ ചെടികൾ, പൂകൃഷി എന്നിവയുടെ വ്യാപനത്തിന് ഓർക്കിഡ്, ആന്തൂറിയം കുറ്റിമുല്ല തുടങ്ങിയവ സർക്കാർ തലത്തിൽ വിതരണം നടത്തേണ്ടതാണ്.

☐ ഉല്പാദന ക്ഷമമല്ലാത്ത തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക് എന്നിവ വെട്ടിമാറ്റി പുതിയവ കൃഷി ചെയ്യുന്നതിന് ആവശ്യമായ സാമ്പത്തിക സഹായംനൽകണം.

☐ ആന്തൂറിയം, ഓർക്കിഡ് എന്നിവ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, സംസ്കരിക്കുന്നതിനും, വിപണനത്തിനും, സൊസൈറ്റികളും രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

☐ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സൗജന്യ നിരക്കിൽ കിട്ടണം.

☐ വയലുകളിലേക്ക് ട്രാക്ടർ ഇറക്കുന്നതിനും കാർഷികോൽപന്നങ്ങൾ വിപണനത്തിനും കൊണ്ടുപോകുന്നതിനുംവേണ്ടി പ്രത്യേകം റോ

ഡുകൾതന്നെ കാർഷിക മേഖലയിൽ ഉണ്ടാവേണ്ടതാണ്.

□ രാസവളങ്ങൾക്ക് പകരം ജൈവവളങ്ങളായ കാലിവളം, പച്ചിലവളം, കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള സ്വാകേതിക രീതികൾ കർഷകർക്ക് പരിചയപ്പെടുത്തേണ്ടതാണ്. ഇവ വ്യാപിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും കൃഷിഭവൻ വഴി നടപ്പാക്കേണ്ടതാണ്.

പൊതു നിർദ്ദേശങ്ങൾ:

1. നിലവിലുള്ള 8 പാടശേഖര കമ്മിറ്റികളുടെ കീഴിൽ ഓരോ ഗ്രൂപ്പ് ഫാമിംഗ് കേന്ദ്രങ്ങൾ രൂപീകരിക്കണം.

2. വിളവിറക്കൽ, വളപ്രയോഗം, കീടനാശിനികളുടെ ഉപയോഗം, വിളവെടുപ്പ് എന്നിവ വ്യത്യസ്ത ഗ്രൂപ്പ് ഫാമിംഗ് കേന്ദ്രങ്ങളിൽ ഏകീകരിക്കണം.

3. കൃഷിക്കു ജലസേചനം ചെയ്യാൻ കഴിയുന്ന എല്ലാ തോടുകളും മണ്ണുതൂർത്ത് നീക്കി വശങ്ങൾ പടുത്തുകെട്ടി സംരക്ഷിക്കണം.

4. പഞ്ചായത്തിലെ ഏകദേശം ഇരുപതോളം തലക്കുളങ്ങൾ ആഴംകൂട്ടി വശങ്ങൾ പടുത്തുകെട്ടി ജലസേചനത്തിനു പ്രാപ്തമാക്കണം.

5. ഒരേക്കറിൽ കൂടുതലുള്ള എല്ലാ തെങ്ങിൻതോട്ടങ്ങളിലും തെങ്ങുകളിൽ കുരുമുളകു കൃഷി ഏർപ്പെടുത്തണം. ആവശ്യമായ തൈകൾ സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് വിതരണം ചെയ്യണം.

6. പമ്പുസെറ്റുകളും അവയ്ക്കുള്ള വൈദ്യുത കണക്ഷനും യഥാർത്ഥത്തിൽ ആവശ്യമുള്ള കർഷകർക്ക് യഥാസമയം കിട്ടുന്നതിനുവേണ്ടി ബ്ലോക്ക്–പഞ്ചായത്തടിസ്ഥാനത്തിൽ വൈദ്യുത ബോർഡുമായി ചേർന്ന് പദ്ധതിയുണ്ടാക്കുക.

7. കാർഷിക ഉൽപന്നങ്ങൾക്ക് പ്രത്യേക സീസണുകളിലുണ്ടാവുന്ന വിലയിടിവിൽനിന്ന് കർഷകർക്ക് രക്ഷ നൽകാൻ ബ്ലോക്ക്–തലത്തിലും ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും അടക്കുട്ടക്കായ സംഭരണ സംവിധാനം ഏർപ്പെടുത്തുക.

8. പഞ്ചായത്തിലെ റോഡുകളിൽനിന്ന് വയലുകളിലേക്ക് കാർഷികയന്ത്രങ്ങൾ ഇറക്കാൻ കഴിയുന്ന വിധം റാമ്പുകളുകളുടെ ഒരു വിപുല ശൃംഖല നിർമിക്കുക.

9. തോടുകളെയും വലിയ തലക്കുളങ്ങളെയും അടിസ്ഥാനമാക്കി ചുരുങ്ങിയ സെസ്സ് ഈടാക്കികൊണ്ട് കമ്മ്യൂണിറ്റി ഇറിഗേഷൻ സമ്പ്രദായം നടപ്പിലാക്കുക.

10. കാർഷിക മേഖലയിലെ തൊഴിൽ ശക്തി ഗണ്യമായി മറ്റു മേഖലയിലേക്ക് നീങ്ങുന്നത് നിയന്ത്രിക്കുന്നതിന് കർഷകതൊഴിലാളികൾക്ക് ഉൽപാദനത്തിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവുകൾ ഏർപ്പെടുത്തുക. സ്വന്തം കൃഷിയിടങ്ങളിൽ സ്വയം ജോലി ചെയ്യുന്ന നാമമാത്ര–ചെറുകിട കൃഷിക്കാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുക.

11. ഓരോ പാടശേഖരസമിതികളോടും ബന്ധപ്പെട്ട് അഗ്രോ–സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുക.

12. ചെറുകിട-നാമമാത്ര കൃഷിക്കാരെ കൂട്ടിയിണക്കി സഹകരണ കൃഷി സംവിധാനമുണ്ടാക്കുക.

13. ഔഷധച്ചെടികളുടേയും പൂച്ചെടികളുടേയും കൃഷി വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

14. ഉല്പാദനക്ഷമമല്ലാത്ത തെങ്ങ്, കശുമാവ്, കവുങ്ങ്, കുരുമുളക് എന്നിവ വെട്ടിമാറ്റി അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങൾ പകരം കൃഷിചെയ്യാൻ കൃഷിക്കാരെ പഠിപ്പിക്കുകയും ആയതിന് വേണ്ട നഷ്ടപരിഹാരമോ സഹായധനമോ നൽകാൻ കൃഷിഭവനിൽ നിലവിലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്തുക.

15. സെറികൾച്ചർ, ഹോർട്ടികൾച്ചർ എന്നിവ പ്രോൽസാഹിപ്പിക്കാൻ പദ്ധതിതയ്യാറാക്കുക.

16 10 സെൻറിലധികം വീട്ടുപറമ്പുള്ള കുടുംബങ്ങളിലെ വീട്ടമ്മമാരെ അടിസ്ഥാനമാക്കി കുറഞ്ഞത് 500 അടുക്കളത്തോട്ടങ്ങൾ രൂപപ്പെടുത്താൻ പദ്ധതിയുണ്ടാക്കുക. വിത്തുകൾ, വളങ്ങൾ, എന്നിവ സൗജന്യമായോ, സബ്സിഡി നിരക്കിലോ നൽകാൻ കഴിയണം.

17. പഞ്ചായത്തിലെ 10 പ്രൈമറി സ്കൂളുകളിലും പൂന്തോട്ടവും പച്ചക്കറിത്തോട്ടവും വളർത്താനുള്ള ഒരു സമയബന്ധിത പരിപാടി നടപ്പിലാക്കുക. സ്കൂളുകളിൽ കാർഷിക ക്ലബ്ബുകൾ സ്ഥാപിക്കുക.

18. ഓരോ വാർഡിലും കുറഞ്ഞത് രണ്ടേക്കർ സ്ഥലത്ത് ജലലഭ്യതയുള്ള പ്രദേശങ്ങളിൽ സ്ഥിരമായ പച്ചക്കറി കൃഷി നടത്താൻ കഴിയുമാറ്, കർഷകരുമായി കരാറടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുക. ഇങ്ങനെ ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി സംഭരിക്കാനും വിപണനം ചെയ്യാനും വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും അംഗീകൃത വെജിറബിൾ സ്റ്റാളുകളും വെജിറബിൾ വെണ്ടർമാരും ഉണ്ടാവണം. ഈ പദ്ധതിക്കാവശ്യമായ ധനസഹായവും മറ്റും സഹകരണ സ്ഥാപനങ്ങളിൽനിന്ന് നേടാൻ കഴിയണം.

19. പഞ്ചായത്തിലാകെ ഒരു വർഷം ഏകദേശം 500 കമ്പോസ്റ്റ് കുഴികളെങ്കിലും നിർമ്മിക്കാൻ കർഷകരുമായി ചർച്ചചെയ്ത് പദ്ധതിയുണ്ടാക്കണം. പ്രോൽസാഹനം ആവശ്യമുള്ളിടത്ത് നൽകാൻ കഴിയണം.

20. തരിശുപ്രദേശങ്ങളിൽ കശുമാവ് പോലുള്ള വൃക്ഷങ്ങളോ വിറകിനുവേണ്ട പടുമരങ്ങളോ നട്ടുവളർത്താനുള്ള പദ്ധതിയുണ്ടാക്കുക.

21. പഞ്ചായത്തിലെ പ്രധാന റോഡുകളുടെ പാർശ്വങ്ങളിൽ തണൽമരങ്ങളും നട്ടുവളർത്താനുള്ള വിപുലമായ പരിപാടി ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.

22. രണ്ടാം വിളവെടുപ്പിനു ശേഷം മിക്കവാറും വയലുകളിൽ പച്ചില വളത്തിനുതകുന്ന സസ്യം കൃഷി ചെയ്യാനുള്ള ആസൂത്രിത പദ്ധതിയുണ്ടാക്കുക.

23. ഏറ്റവും നല്ല നെൽകൃഷി, തെങ്ങുകൃഷി, പച്ചക്കറികൃഷി എന്നിവ നടത്തുന്ന കർഷകർക്ക്, കൊല്ലംതോറും കാർഷികദിനത്തിൽ പ്രോൽസാഹകമായ അവാർഡുകളും നൽകുക.

24. ഏറ്റവും നല്ല കൃഷിക്കാരെ സ്കൂളുകളിൽ വിസിറ്റിംഗ് ടീച്ചേഴ്സ് ആയി പ്രയോജനപ്പെടുത്തുക.

25. തൊഴിൽരഹിതരായ ചെറുപ്പക്കാരെ കൂൺ കൃഷി, സെറികൾച്ചർ എന്നിവയിൽ ഏർപ്പെടാൻ ആവശ്യമായ സാഹചര്യങ്ങളും സൃഷ്ടിക്കുക.

മൃഗസംരക്ഷണം—മത്സ്യമേഖല

മൃഗസംരക്ഷണം:

കാർഷിക ഗ്രാമമായ തൃക്കടീരിയിൽ കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ. ഉഴവുമാടുകളെന്ന നിലയിലും പാൽ ഉൽപ്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്രോതസ്സും കന്നുകാലികളായിരുന്നു. കാലിവളർത്തൽ തൊഴിലാക്കിയ ഏതാനും കുടുംബങ്ങളും മുൻകാലങ്ങളിൽ തൃക്കടീരിയിൽ ഉണ്ടായിരുന്നു. ഇന്നത്തെപോലെ വേലികെട്ടുകളോ മതിലുകളോ അന്നുണ്ടായിരുന്നില്ല. അതിനാൽ ഒരേ സമയത്തു വിശാലമായ പുറംപോക്കിൽ കാലികളെ മേക്കുന്നതിനു ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ഈ രീതിയിൽ വയലുകളിലെ ജൈവവള ആവശ്യം നിറവേറാൻ കർഷകർക്കു കഴിഞ്ഞിരുന്നു. പഞ്ചായത്തിലെ വരുമാനം കുറഞ്ഞ പുറംപോക്കിനു അടുത്തു താമസിക്കുന്നവരുടെ പക്കൽ കാലികളെ വളർത്താൻ ഏൽപ്പിക്കുന്ന രീതി ഉണ്ടായിരുന്നു.

പശു, എരുമ, കാള, പോത്തു, ആടു് എന്നിവയാണു് വളർത്തിവരുന്ന പ്രധാന മൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളാണു്.

വളർത്തു മൃഗങ്ങൾ, പക്ഷികൾ, കലപ്പകൾ എന്നിവയുടെ എണ്ണം (1995—1996)

പശു	1633
കാള	104
എരുമ	57
പോത്തു്	480
ആടു്	1887
പട്ടി	669
ആന	2
കോഴി	15660
താറാവു്	70
മറ്റുള്ള പക്ഷികൾ	23
കലപ്പ	350

അവലംബം: ലൈവു് സ്റ്റോക്കു് സെൻസസു് സാമൂഹ്യ സാമ്പത്തിക സർവ്വെ.

കാർഷിക വൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറവായി കാണുന്നു. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ കാള, പോത്ത്, എരുമ എന്നിങ്ങനെ പരമ്പരാഗതമായി വളർത്തിവരുന്ന മൃഗങ്ങളുടെയെല്ലാംഎണ്ണം ഗണ്യമായികുറഞ്ഞതായി കാണാം. പോത്ത്, കാള, ആട് എന്നിവയുടെ കാര്യത്തിലാണ് ഏറ്റവും വലിയ കുറവുണ്ടായിട്ടുള്ളത്.

പഞ്ചായത്തിലാകെയുള്ള മൃഗസംരക്ഷണ സംവിധാനം ഈ അടുത്ത കാലംവരെ തൃക്കടീരിയിൽ പ്രവർത്തിച്ചിരുന്ന ICDP സബ് സെൻറർ ആണ് നടത്തിയിരുന്നത്. പഞ്ചായത്തിൽ ഒരു വെറ്ററിനറി ഡിസ്പെൻസറി ഉണ്ടായിരിക്കണമെന്നഏറെക്കാലത്തെ ആവശ്യം ഏതാനും മാസങ്ങൾക്കു മുമ്പാണ് അംഗീകരിക്കപ്പെട്ടത്. അതിൻെറ പ്രവർത്തനം ഈ അടുത്തകാലത്തായി മാങ്ങോട് പ്രദേശത്ത് സൗജന്യമായി വിട്ടുകിട്ടിയ കെട്ടിടത്തിൽ ആരംഭിച്ചിരിക്കുന്നു.

സുമാർ 500 ലിറ്ററോളം പാൽ പഞ്ചായത്തിൽ വിപണനം നടത്തുന്നുണ്ട്. ഈ അടുത്ത കാലത്തായി കിഴൂർ കേന്ദ്രീകരിച്ച് ഒരു വനിതാ പാൽ സംഭരണകേന്ദ്രം തൃക്കടീരിയിലും മാങ്ങോടും ഒരോ പൊതു പാൽ സംഭരണകേന്ദ്രവും പ്രവർത്തിക്കുന്നതിനുള്ള പ്രാരംഭനടപടികളും തുടങ്ങിക്കഴിഞ്ഞു. ഇതുമൂലം ക്ഷീര വിപണന രംഗത്ത് വമ്പിച്ച മുന്നേറ്റത്തിനുള്ള നാന്ദി കുറിച്ചിരിക്കുന്നുവെങ്കിലും കാലിതീറ്റയുടെ ദുർലഭ്യം കന്നുകാലിവളർത്തുകാർ നേരിടുന്ന വലിയ ഒരു വെല്ലുവിളിയാണ്. നെൽകൃഷി ഗണ്യമായി കുറഞ്ഞതോടെ വൈക്കോലിൻെറ ക്ഷാമവും മേച്ചിൽ സ്ഥലം ഇല്ലായ്മയും പ്രതിസന്ധിയുണ്ടാക്കുന്നു.

ഇറച്ചിക്കോഴി വളർത്തൽ നാമമാത്രമായുണ്ടെങ്കിലും മുട്ടക്കോഴി വളർത്തലിൻെറ ഒറ്റയൂണിറ്റു പോലുമില്ല.

പേപ്പട്ടിശല്യം പഞ്ചായത്തിൽ അങ്ങിങ്ങായി അനുഭവപ്പെടുന്ന ഒരു അവസ്ഥയുണ്ട്. പട്ടി പിടുത്ത ശ്രമം പലപ്പോഴും വിജയിക്കാറില്ല.

പ്രധാന പ്രശ്നങ്ങൾ:

1. ക്ഷീര വിപണനത്തിന് ഉള്ള സൗകര്യങ്ങൾ ഇല്ല.

2. മൃഗസംരക്ഷണത്തിനുള്ള ശാസ്ത്രീയ പരിചരണ സംവിധാനം അപര്യാപ്തമാണ്.

3. കാലിതീറ്റയുടെ ലഭ്യത കുറവ്.

4. പ്രതിരോധ കുത്തിവെപ്പിൻെറ അപര്യാപ്തത.

5. ഫോസ്ഫറസ് ഡിപ്പോസിറ്റുകളുടെ ഖനനത്തിലൂടെ മേച്ചിൽ സ്ഥലം നഷ്ടമായി.

മത്സ്യബന്ധനം:

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന ശരാശരി ആറു മീറ്റർ വീതിയുള്ള 12 കി.മീറ്ററോളം നീളമുള്ള തോട്ടകം, 89 കുളങ്ങൾ, ഇരുപുഴമാണ് ഇവിടത്തെ ഉപരിതല ജലസ്രോതസ്സുകൾ. മത്സ്യബന്ധന സാദ്ധ്യതകൾ ഈ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ടുകിടക്കുന്നു. മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ ഏറെ പേരൊന്നും ഈ പഞ്ചായത്തിലില്ലെന്ന് സാമൂഹ്യ സാമ്പത്തിക സർവ്വെ വെളിപ്പെടുത്തുന്നു. പരൽമീൻ, മൊയ്ല്, കട്ടല, ആരൽ, തുടങ്ങിയവയാണ് കൂടുതലായി ലഭിക്കാറുള്ള മീനുകൾ. ഉൾനാടൻ മത്സ്യബന്ധന സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

വലിയ കുളങ്ങളെല്ലാം തന്നെ പൊതു കുളങ്ങളോ, ക്ഷേത്ര കുളങ്ങളോ ആണെന്നതുകൊണ്ട് ശുദ്ധ ജല മത്സ്യകൃഷി ചെയ്യാൻ പറ്റിയ കുളങ്ങൾ കുറവാണ്. കിഴൂർ, കാരാട്ടുകുർശ്ശി എന്നിവിടങ്ങളിലായി അല്പ സ്വല്പം ശാസ്ത്രീയ മത്സ്യ കൃഷിയുണ്ട്. പഞ്ചായത്തിൽ പൊതു മത്സ്യ മാർക്കറ്റൊന്നും ഇല്ല. പഞ്ചായത്തിലാകെ എട്ട് കേന്ദ്രങ്ങളിൽ മത്സ്യ വിപണനം നടക്കുന്നു.

പ്രധാന പ്രശ്നങ്ങൾ:

1. കുളങ്ങളിൽ മത്സ്യ കൃഷി നടത്താൻ താൽപര്യമുള്ളവർക്ക് സഹായ നിർദ്ദേശങ്ങൾ ലഭിക്കുന്നില്ല.

2. മൽസ്യവിൽപന കേന്ദ്രങ്ങളിൽ മാലിന്യവും ദുർഗന്ധവും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

3. പ്രധാനപ്പെട്ട നാടൻ മീനുകളുടെ വംശനാശം പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

പൊതുനിർദ്ദേശങ്ങൾ:

1. ഓരോ വാർഡിലും പ്രധാന തലക്കുളങ്ങൾ (കുറ്റിക്കോട് പനംകുർശി കുളം ഉൾപ്പെടെ) അടിസ്ഥാനമാക്കി ഉൾനാടൻ മൽസ്യകൃഷി പ്രോത്സാഹിപ്പിക്കണം.

2. സീസണുകൾതോറും മത്സ്യകുഞ്ഞുങ്ങളെ നിശ്ചിത കർഷകർക്ക് എത്തിച്ചുകൊടുക്കണം.

3. മൽസ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി കൃഷിഭവനെ ബന്ധപ്പെടുത്തി കൃഷിക്കാർക്ക് സഹായധനം നൽകാനുള്ള ഒരു പദ്ധതിയുണ്ടാക്കണം.

4. മൽസ്യ വിപണനത്തിനു തൃക്കടീരി സെൻറർ, കിഴൂറോഡ്, കുറ്റിക്കോട് എന്നിവിടങ്ങളിൽ ആരോഗ്യകരമായ മാർക്കറ്റ് സൗകര്യം ഏർപ്പെടുത്തുക.



വ്യവസായം

വ്യവസായം:

മൊത്തം തൊഴിൽ മേഖല പരിശോധിച്ചാൽ വ്യാവസായികമായി തൃക്കടീരിയുടെ അവസ്ഥ പരിതാപകരമാണെന്ന് കാണാം. അല്പസ്വല്പം പരമ്പരാഗത വ്യവസായമല്ലാതെ മറൊന്നും കാര്യമായി ഇല്ല. തൊഴിൽ ചെയ്യുന്ന വ്യവസായ തൊഴിലാളികളും ഗണ്യമായ ഒരു ഭാഗം പഞ്ചായത്തിനുപുറത്തുള്ള വ്യവസായ ശാലകളിലാണ് പണി എടുക്കുന്നത്.

ചെറുകിട വ്യവസായ യൂനിറ്റുകളും, ഫർണീച്ചർ, നെയ്ത്ത്, ഗേറ്റ്, ഗ്രിൽസ് നിർമ്മാണം, തടി വ്യവസായം, ഓട്ടുപാത്ര നിർമ്മാണ യൂനിറ്റ്, അരകല്ല് ഉൽപ്പാദനം, മെറ്റൽ നിർമ്മാണം, പപ്പട നിർമ്മാണം എന്നിങ്ങനെയാണ് നാമമാത്രമായി പഞ്ചായത്തിലുള്ളത്.

വ്യവസായ മേഖലയേയും സ്ഥാപനങ്ങളേയും സംബന്ധിച്ച പട്ടിക

	സ്ഥാപനങ്ങളുടെ പേര്	എണ്ണം
1	ഇഷ്ടിക നിർമ്മാണം സ്ഥിരം	2
2	ഇഷ്ടിക ഭാഗികം	16
3	തടി വ്യവസായം	3
4	ഫർണ്ണിച്ചർ യൂണിറ്റ്	6
5	ഓട്ടുപാത്ര നിർമ്മാണ യൂണിറ്റ്	1
6	പപ്പട നിർമ്മാണ യൂണിറ്റ്	25
7	കൊല്ലപണി	4
8	അരകല്ല്	2
9	മെറ്റൽ (കോറി)	4
10	നെയ്ത്ത്	1
11	ഗെയ്റ്റ്, ഗ്രിൽസ്	2
12	റൈസ് മിൽ	13
13	പനമ്പ്	3
	ആകെ	82

ഖാദി ബോർഡിന്റെയോ കേരള വ്യവസായ വകുപ്പിന്റെയോ ആയി വ്യവസായങ്ങളൊന്നും തന്നെ ഇവിടെയില്ല. തൃക്കടീരി പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ആയി വിവിധ സ്ഥാപനങ്ങളിൽ 600ഓളം പേർ തൊഴിലെടുത്തുവരുന്നു. ഇതിൽ സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്.

കയറുമതി ചെയ്യുന്ന വ്യവസായിക ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന യൂനിറ്റുകൾ ഇവിടെ ഉയർന്നുവരാത്തത് പഠനത്തിന് വിധേയമാക്കേണ്ടതാണ്. ഇന്ന് ഏറെയും തൊഴിലാളികൾ ജോലി ചെയ്യുന്ന നിർമ്മാണ മേഖലക്ക് ആവശ്യമായ ഗ്രിൽസ്, കരിങ്കൽ, ജല്ലി, ഇഷ്ടിക എന്നിവ മാത്രമെ ഇവിടെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ.

തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ ആനുകൂല്യം നൽകുന്നതിൽ പലരും താൽപര്യം കാണിക്കുന്നില്ല. മാത്രമല്ല തൊഴിലാളികളെ താൽക്കാലിക തൊഴിൽ പരിശീലകരാക്കി കുറഞ്ഞകൂലി നൽകി കൊണ്ട് തൊഴിൽ എടുപ്പിക്കുകയും ചെയ്യുന്നത് ഈ രംഗത്ത് ഇന്ന് കാണുന്ന പ്രവണതയാണ്.

ഉപഭോഗ സംസ്ക്കാരത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഫലമായി ജനങ്ങൾ പ്രാദേശിക ഉൽപ്പന്നങ്ങൾ വാങ്ങുന്നതിൽ താൽപര്യം കാണിക്കുന്നില്ല എന്നുള്ളത് പ്രാദേശിക ചെറുകിട വ്യവസായങ്ങൾ നേരിടുന്ന ഒരു വെല്ലുവിളിയാണ്. ചെറുതും വലതുമായ 6 ഫർണിച്ചർ നിർമ്മാണ യൂനിറ്റ് ഉണ്ടെങ്കിലും ഫർണിച്ചറുകളിൽ 75 ശതമാനവും മറ്റു സ്ഥലങ്ങളിൽനിന്ന് നിർമ്മിച്ച് ഇവിടെ ഇറക്കുമതി ചെയ്യുന്നതാണ്. മരത്തിന്റെ ദൗർലഭ്യമാണ് കാരണമെന്നു പറയുന്നുണ്ടെങ്കിലും തൊഴിലാളികളുടെ കൂലിക്കൂടുതലും, തൊഴിലാളികളെ കിട്ടാനുള്ള പ്രയാസവുമാണ് ഇതിന്റെ യഥാർത്ഥ കാരണമെന്നത് മറ്റൊരു വസ്തുതയാണ്. വളരെയധികം വികസനത്തിന് സാദ്ധ്യതയുള്ള ഒരു മേഖലയാണിത്.

ഗ്രാമസഭയിൽ നിന്നുയർന്നു വന്ന പ്രശ്നങ്ങൾ

1 വൈദ്യുതി രംഗത്തുള്ള പ്രശ്നങ്ങളും കണക്ഷൻ കിട്ടാനുള്ള കാലതാമസവും.

2. വ്യവസായത്തോടുള്ള ആഭിമുഖ്യം ഇല്ലായ്മ.

3. സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം.

4. ധനസഹായം കിട്ടാനുള്ള പ്രയാസം.

നിർദ്ദേശങ്ങൾ:

1. സ്ക്കൂൾ, ഓഫീസുകൾ, തുടങ്ങിയവക്ക് ആവശ്യമായ സാധനങ്ങൾ ഉൽപാദിപ്പിക്കൽ.

2. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണവും റിപ്പേറിങ്ങും.


3. സഹകരണാടിസ്ഥാനത്തിൽ തീപ്പെട്ടി, ചെഴകുതിരി, ചന്ദനത്തിരി, എന്നിവയുടെ നിർമ്മാണം.

4. നോട്ട്ബുക്ക്, പേപ്പർബാഗ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, ചെരിപ്പുനിർമ്മാണം എന്നിവക്കാവശ്യമായ പരിശീലനം നൽകി ചെറുകിട യൂണിറ്റുകൾ രൂപീകരിക്കുക.

5. താൽപര്യമുള്ള വ്യക്തികൾക്കുവേണ്ട സഹായ നിർദ്ദേശങ്ങൾ നൽകുക.

6. സഹകരണ മേഖലയെ ശക്തിപ്പെടുത്തി പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.




തൃക്കടീരി ഗ്രാമ പഞ്ചായത്ത്
വടക്കഞ്ചേരി പഞ്ചായത്ത്
വാർഡ് 10
മാങ്കോട്
വാർഡ്: 9
പൂതക്കാട്
വാർഡ്: 8
ചിരമംഗലം-
(ടീച്ചർക്ക്)
വാർഡ്: 7
ചിരമംഗലം
(പടിഞ്ഞാറ്)
വാർഡ്: 3
ആനാരകുളമ്പ്
വാർഡ് 5
ആനിക്കോട്
വാർഡ്: 2
മരിയാപുരി
വാർഡ്: 4
തൃക്കടീരി
വാർഡ്: 6
കാരാട്ടുമുഴി
വാർഡ്: 1
നീലൂർ
പുതുക്കോട് പഞ്ചായത്ത്
കണ്ണമ്പ്ര പഞ്ചായത്ത്
പുതുശ്ശേരി പഞ്ചായത്ത്
N
W
E
പഞ്ചായത്ത് ആഫീസ്
I.P.P. സെന്റർ
പ്രാഥമിക ആരോഗ്യം
അംഗൻവാടി
സ്കൂൾ
പോസ്റ്റാഫീസ്
വില്ലേജ് ആഫീസ്
മിൽമ ബൂത്ത്
ഗതാഗതക്കുരുക്ക്



വിദ്യാഭ്യാസം

പ്രശസ്ത ഗ്രീക്ക് തത്വ ചിന്തകനായ അരിസ്റ്റോട്ടിലിന്റെ ഭാഷയിൽ ''വിദ്യാഭ്യാസം ഇന്നുള്ളതുപോലെ സ്വകാര്യപ്രക്രിയ അല്ല. ഓരോരുത്തരും സ്വന്തം കുഞ്ഞിനെ പ്രത്യേകമായി വളർത്തുകയും അവർ എന്തു പഠിക്കണമെന്ന് തങ്ങൾതീരുമാനിക്കുകയും അത് മാത്രം പഠിപ്പിക്കുകയും ചെയ്യുന്ന രീതിയാണിന്ന് .വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയയാണ്. എല്ലാവർക്കും ഒരേതരം വിദ്യാഭ്യാസംനൽകണം. മുഴുവൻ സമുദായത്തിന്റെതായ എല്ലാ കാര്യങ്ങളിലും വ്യക്തിയെ അവ നിർവ്വഹിക്കാൻ പഠിപ്പിക്കേണ്ടതും സമൂഹത്തിന്റെതാല്പര്യത്തിന് അനുസൃതമായതാണ്''.

ഒരു കുട്ടിയുടെ ജനനം തൊട്ടേ സമൂഹം അവനിൽ അർപ്പിക്കുന്ന ചുമതലകൾ അവനെ പാകത്തിൽ രൂപപ്പെടുത്താനുള്ള ചിട്ടയായ പ്രവർത്തനമാണ് വിദ്യാഭ്യാസം എന്ന് നമ്മൾ മനസ്സിലാക്കുന്നു. വിദ്യാഭ്യാസത്തെ സാമൂഹ്യ ഉത്തരവാദിത്തമായി പ്രഖ്യാപിച്ച നാട്ടുഭരണവും സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളും ജനങ്ങളുടെ അഭിലാഷം മുൻനിർത്തി സ്വീകരിച്ച നടപടികൾ കേരളത്തിൽ പൊതു വിദ്യാഭ്യാസത്തിന്റെ വ്യാപനം ഫലപ്രദമാക്കുകയും സാമൂഹ്യ ക്ഷേമ രംഗങ്ങളിലടക്കം മലയാള നാടിനെ മുന്നോട്ട് നയിക്കുകയും ചെയ്തു. എന്നാൽ പൊതു വിദ്യാഭ്യാസത്തിന്റെ നിലവാര തകർച്ച തൊഴിൽ കണ്ടെത്താനുള്ള അടിസ്ഥാന വിജ്ഞാനവും കഴിവുകളും വികസിക്കാത്ത അവസ്ഥ ധനികർക്ക് മാത്രം നല്ല രീതിയിലുള്ള വിദ്യാഭ്യാസം കരസ്ഥമാക്കാനുള്ള സൗകര്യങ്ങൾ വിദ്യാഭ്യാസരംഗത്തെ വാണിജ്യവൽക്കരണം, രണ്ടുതരം സമൂഹത്തെ വാർത്തെടുക്കുവാനുതകുന്ന വിദ്യാഭ്യാസ രീതി ഇവയെല്ലാ

മാണ്. വിദ്യാഭ്യാസ രംഗത്തെ രൂക്ഷമായ പ്രശ്നങ്ങളും. ജനകീയ പങ്കാളിത്തത്തോടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളും തുടങ്ങുമ്പോൾ ഈ ഒരു ചുറ്റുപാട് സുപ്രധാനമാണ്.

സംസ്ഥാനത്തൊട്ടാകെ ചട്ടമ്പി സ്വാമികളുടെയും, ക്രിസ്ത്യൻ മിഷനറിമാരുടേയും മറ്റും സാമൂഹ്യപ്രവർത്തനങ്ങളുടെഫലമായി വിദ്യാഭ്യാസ പ്രവർത്തനങ്ങളും വ്യാപിക്കുകയായിരുന്നു. ഈ പ്രതിഭാസത്തിൽ തൃക്കടീരിയും ഭാഗഭാക്കായിട്ടുണ്ട്. ഈ മുന്നേറ്റത്തിന്റെ ഫലമായി ആണ് തൃക്കടീരിയിൽ 1892 ൽ ഇന്നത്തെ B E M U P സ്ക്കൂളിന്റെ ആദ്യരൂപം നിലവിൽ വന്നത്. തൃക്കടീരിയിലെ പ്രമുഖ ജൻമി കുടുംബമായിരുന്ന നായർ വീട്ടുകാർ തങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിയാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. മൊത്തം 17 കുട്ടികളായിരുന്നു ആദ്യക്ലാസ്സിലെ വിദ്യാർത്ഥികൾ പിന്നീട് ഇത് മറ്റ് കുട്ടികൾക്കു കൂടി പ്രയോജന പ്രദമാകുന്നതായി മാറി. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകത്തിലാണ് നായർ വീട്ടുകാർ ഈ വിദ്യാലയം ബാസൽമിഷന് ഏല്പിച്ചുകൊടുത്തത്. അങ്ങനെ ഇത് B E M മിഡിൽ സ്ക്കൂളായി. 1954-ൽ ജില്ലാ ബോർഡിന്റെ കാലത്ത് ഏകാദ്ധ്യാപക വിദ്യാലയമായാണ് ഉണ്ടംതറ സ്ക്കൂൾ ആരംഭിച്ചത്.

വിദ്യാഭ്യാസ രംഗത്ത് സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് തൃക്കടീരിയുടെ നില ഏറെ ശോചനീയമാണ്. വിദ്യാഭ്യാസ കാര്യത്തിൽ തൃക്കടീരി ഒരു പിന്നോക്ക പ്രദേശം തന്നെയാണ്. കേരളത്തിലെ തന്നെ ഹൈസ്ക്കൂളുകൾ ഇല്ലാത്ത വിരലിൽ എണ്ണാവുന്ന ചുരുക്കം ചില പഞ്ചായത്തുകളുടെ പട്ടികയിൽ ഒരെണ്ണമായിരുന്നു തൃക്കടീരി. എന്നാൽ 1995-ൽ കുറ്റിക്കോട് കാട്ടിങ്ങൽ കയറ്റത്തിനു സമീപം സ്വകാര്യ മേഖലയിൽ ഒരു എയിഡഡ് ഹൈസ്ക്കൂൾ ആരംഭിച്ചതോടെ ഈ ദുസ്ഥിതി ഇല്ലാതായി.

ഇപ്പോൾ തൃക്കടീരിയിൽ ഒരു ഹൈസ്ക്കൂൾ സഹിതം 11 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവക്കുപുറമെ കിഴൂർ, കുറ്റിക്കോട്, ആറാശ്ശേരി എന്നിവിടങ്ങളിലായി നാല് അൺ എയിഡഡ് പ്രീ പ്രൈമറി വിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം ഇംഗ്ലീഷ് മീഡിയമാണ്. ആകെ സ്ക്കൂളുകളിൽ വീരമംഗലം കിഴക്ക്, വീരമംഗലം പടിഞ്ഞാറ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന രണ്ട് ലോവർ പ്രൈമറി സ്ക്കൂളുകളും സർക്കാർ ഉടമസ്ഥതയിലുള്ളതാണ്. ഇതിൽ വീരമംഗലം കിഴക്ക് ഉള്ള ജി. എം. എൽ. പി. സ്കൂൾ ഏറെ പഴക്കമുള്ള ജീർണ്ണിച്ച ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ വീരമംഗലത്തു (പടിഞ്ഞാറു)ള്ള ജി. എൽ. പി. സ്ക്കൂൾ സമീപകാലത്ത് ജനങ്ങളുടെ സംഘടിത പ്രവർത്തന ഫലമായി ലഭിച്ച 50 സെൻറ് സ്ഥലത്ത് M. P. യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിക്കപ്പെട്ട പണം ഉപയുക്തമാക്കി നിർമ്മിച്ച കോൺക്രീറ്റ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മഹത്തായ ഈ ജനകീയ സംരംഭം നടന്നത് 1995-96 അധ്യയന വർഷത്തിലാണ്. ഈ പ്രവർത്തനം പൊതുവെ ജനകീയാസൂത്രണ പ്രസ്ഥാനത്തിനും, വികസന പ്രവർത്തനത്തിനും കൂടുതൽ പ്രോത്സാഹനം നൽകുന്നുണ്ട്. സ്വകാര്യ മേഖലയിലെ സ്ക്കൂളുകളുടെ സൗകര്യം പരിമിതമണ്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ചുവടെയുള്ള പട്ടികയിലുണ്ട്.

സ്കൂളുകൾ—പൊതുവിവര പട്ടിക

ക്രമനമ്പർ	സ്കൂളിന്റെ പേര്	സ്കൂളിന്റെ ഉടമസ്ഥത	കുട്ടികളുടെ എണ്ണം				അദ്ധ്യാപകരുടെ എണ്ണം		
			ആൺ	പെൺ	ആകെ	ആകെയുള്ള ഡിവിഷനുകളുടെ എണ്ണം	നിലവിലുള്ള തസ്തികകളുടെ എണ്ണം	നിലവിലുള്ളവർ	ഒഴിവുകളുടെ എണ്ണം
1	A. L. P. സ്കൂൾ, തൃക്കടീരി	എയിഡഡ്	67	51	118	5	4	1	—
2	K. M. S. V. L. P. കുറ്റിക്കോട്	,,	77	78	155	6	6	—	—
3	A. M. L. P. സ്കൂൾ, എളേടത്ത് മാടമ്പ	,,	108	121	229	9	9	—	—
4	A. L. P. സ്കൂൾ, കാരാട്ടുകുർശ്ശി	,,	85	87	172	5	5	—	—
5	A. L. P. സ്കൂൾ, മാങ്ങോട്	,,	125	100	225	9	9	—	—
6	A. L. P. സ്കൂൾ, പൂതക്കാട്	,,	81	65	146	5	5	—	—
7	G. L. P. സ്കൂൾ, വീരമംഗലം	സർക്കാർ	73	79	152	5	5	—	—
8	G. M. L. P. സ്കൂൾ, വീരമംഗലം	,,	118	122	240	6	6	—	—
9	B. E. M. U. P. സ്കൂൾ, തൃക്കടീരി	എയിഡഡ്	427	401	828	19	19	—	—
10	A. U. P. സ്കൂൾ, കിഴൂർ	,,	157	134	291	12	12	1	1
11	P. T. M. ഹൈസ്കൂൾ, തൃക്കടീരി	,,	154	145	299	14	14	—	—
			1472	1383	2855	95	94	2	1


(അൺ എയിഡഡ് പ്രീ പ്രൈമറി സ്കൂളുകളിലെ വിവരം ഉൾപ്പെടുത്തിയിട്ടില്ല)

ഔപചാരിക വിദ്യാഭ്യാസത്തിനു പുറമെ തൃക്കടീരിയിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും നല്ല രീതിയിൽ നടന്നിട്ടുണ്ട്. 1970 കളിൽ പഞ്ചായത്തിൽ തിരഞ്ഞെടുക്കപ്പെട്ട വ്യത്യസ്ത കേന്ദ്രങ്ങളിലായി നിശാപാഠശാലകളും പ്രവർത്തിച്ചിരുന്നു. ഈ യത്നത്തിന്റെ വിജയം പൂർണ്ണമായിരുന്നില്ല.

1990-91 വർഷത്തിൽ സംസ്ഥാനത്ത് നടന്ന സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ മികച്ച തോതിൽ തന്നെ തൃക്കടീരി ഭാഗഭാക്കായിട്ടുണ്ട്. ഇക്കാര്യത്തിൽ ഇവിടെ ശക്തമായൊരു ജനമുന്നേറ്റം തന്നെ ഉണ്ടായി. ചിട്ടയോടെ ഉള്ള സാക്ഷരതാ പ്രവർത്തനം പഞ്ചായത്തിലെനിരക്ഷ 56%ൽനിന്ന് 96 ശതമാനമാക്കി ഉയർത്തുവാൻ ഇടയാക്കി എന്നത് ഏറെ അഭിമാനകരമാണ്. ഈ ജനകീയ മുന്നേറ്റവും അതിന്റെ സാഫല്യവും പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസ രീതിയിൽ തന്നെ സമൂലമായ മാറ്റം സൃഷ്ടിക്കുവാൻ കാരണമായി. എന്നാൽ തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായ ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുവാൻ സാധിച്ചില്ല എന്നത് തീർത്തും നിരാശാജനകമാണ്.


തൃക്കടീരിയിലെ ഒന്നുമുതൽ 15 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ 99 ശതമാനം പേരും സ്കൂളിൽ എൻറോൾ ചെയ്തുപെട്ടിട്ടുണ്ട്. ഇതിൽ എൽ. പി. വിഭാഗത്തിൽ ആകെ 1437 പേരും,

യു. പി. വിഭാഗത്തിൽ 1119 പേരും, ഹൈസ്ക്കൂൾ വിഭാഗത്തിൽ 299 പേരും അധ്യയനം നടത്തുന്നുണ്ട്. മുകളിൽ കാണിച്ച പട്ടികയിൽനിന്നും അനുബന്ധ ചാർട്ടിൽ നിന്നും കൂടുതൽ വ്യക്തമാകും. മേൽ സൂചിപ്പിച്ച വിദ്യാർത്ഥി ഗണത്തിനു പുറമെയായി പഞ്ചായത്തിലെ നല്ലൊരു വിഭാഗം വിദ്യാർത്ഥികളും മറ്റു പഞ്ചായത്തുകളിലെ സ്ക്കൂളിലേക്ക് പോകുന്നുണ്ട്. മറ്റു പഞ്ചായത്തുകളിൽ നിന്നായി തൃക്കടീരിയിലെ സ്ക്കൂളുകളിലേക്ക് വരുന്ന കുട്ടികളുടെ എണ്ണം താരതമ്യേന കുറവാണ്.



പഞ്ചായത്തിലെ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണവും മെച്ചപ്പെട്ടതാണ്. പതിനൊന്ന് സ്ക്കൂളുകളിലായി ആകെ 393 പേർ പഠിക്കുന്നു. ഇതിൽ 216 ആൺകുട്ടികളും 177 പെൺകുട്ടികളുമാണ്. വിവിധ ക്ലാസ്സുകളിലായി പഠനം നിർത്തിയ 3 പട്ടികജാതി വിദ്യാർത്ഥികളും ഇതിൽ ഉൾപ്പെടും. കൂടുതൽ വിവരങ്ങൾ താഴെയുള്ള ചാർട്ടിൽ നിന്നും വ്യക്തമാണ്.

പട്ടികജാതി വിദ്യാർത്ഥികളുടെ കണക്ക്



പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും അർഹരായ എല്ലാ മുസ്ലീം പെൺകുട്ടികൾക്കും യഥാസമയം സ്കോളർഷിപ്പ് വിതരണം ചെയ്യാറുണ്ട്. അതുപോലെ അർഹരായ എല്ലാ പട്ടികജാതി വിഭാഗക്കാർക്കും സർക്കാർ വകയായുള്ള ലംപ്സം ഗ്രാൻറ് വിതരണം ചെയ്യുന്നുണ്ട്. ജവാൻമാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ പറ്റുന്ന 14 വിദ്യാർത്ഥികളും മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് കിട്ടുന്ന സ്കോളർഷിപ്പ് വാങ്ങുന്ന രണ്ട് കുട്ടികളും നമ്മുടെ പഞ്ചായത്തിലുണ്ട്. മെറിറ്റ് സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികളും ഇവിടെ ഇല്ലാതില്ല.

- കോതകുർശ്ശി സർവ്വീസ് സഹകരണ ബേങ്കും, മാങ്ങോട് സർവ്വീസ് സഹകരണ ബേങ്കും, ചെർപ്പുളശ്ശേരി സഹകരണ ബേങ്കും അതാതിന്റെ


പ്രവർത്തന മേഖലയിൽ വരുന്ന സ്കൂളുകളിലെ കുട്ടികൾക്ക് വിവിധ തരം പ്രോത്സാഹന സമ്മാനങ്ങൾ നൽകാറുണ്ട്. തൃക്കടീരിയിലെ ഭാരതീയ സ്റ്റേറ് ബേങ്കും ചില സമയങ്ങളിൽ ഇത്തരം അവാർഡുകൾ നൽകാറുണ്ട്. ഗ്രാമ പഞ്ചായത്ത് വകയായും എല്ലാ സ്കൂളുകളിലെ ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് കേഷ് അവാർഡുകൾ വിതരണം ചെയ്യാറുണ്ട്. ഇത്തരം കുട്ടികൾക്ക് കേഷ് അവാർഡ് വിതരണം ചെയ്യുന്നതിനായി പല സ്കൂളുകളിലും വിരമിച്ച അദ്ധ്യാപകരുടെ വകയായുള്ള എവർ റോളിംഗ് എൻഡോവ്മെൻറ് ഫണ്ടുകളും നിലനിൽക്കുന്നുണ്ട്.

തൃക്കടീരി പഞ്ചായത്തിൽ ഇംഗ്ലീഷ് മീഡിയം പഠന മാധ്യമമായുള്ള വിദ്യാലയങ്ങൾ (പ്രീ പ്രൈമറി ഒഴികെ) പ്രവർത്തിക്കുന്നില്ലെങ്കിലും തൊട്ടടുത്ത പഞ്ചായത്തുകളിലെ അൺ എയിഡഡ് വിദ്യാലയങ്ങളിലേക്ക് കുട്ടികളെ അയക്കുവാനുള്ള പ്രവണത സമീപകാലത്തായി വർദ്ധിച്ചു വരുന്നുണ്ട്. പട്ടണത്തിലെ സ്കൂളുകളിലും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും കുട്ടികളെ പഠിപ്പിക്കുവാൻ സമൂഹത്തിലെ മധ്യവർഗ്ഗം കാണിക്കുന്ന അമിത താൽപര്യം, കുടുംബാസൂത്രണ ഫലമായി ജനന നിരക്കിൽ ഉണ്ടായ കുറവ്, അന്യ സ്കൂളുകളിലെ അധ്യാപകരുടെ ജോലി സംരക്ഷണാർത്ഥം കുട്ടികളുടെ സർവ്വ പ്രോത്സാഹനങ്ങളും നൽകി കൂട്ടത്തോടെകൊണ്ടുപോകുന്ന പ്രവണത, ഇവിടത്തെ സ്കൂളുകളിലെ നിലവാര തകർച്ച തുടങ്ങിയവ പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം ക്രമമായി കുറയുവാൻ കാരണമായിട്ടുണ്ട്.

മിക്കവാറും എല്ലാ സ്കൂളുകളിലും അദ്ധ്യാപക-രക്ഷാകർതൃസമിതി, മാതൃസംഗമം തുടങ്ങിയവ മോശമില്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ സമിതികളുടെ പ്രവർത്തനം ചുരുക്കം ചില മേഖലകളിലായി ഒതുങ്ങി നിൽക്കുന്നു എന്നത് ഗൗനിക്കേണ്ടതാണ്. സ്വകാര്യമേഖലയിലെ സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങളും മറ്റും നടത്തുന്നതിൽ രക്ഷാകർതൃസമിതികൾ വിമുഖത കാണിക്കുന്നു.


പല സ്കൂളുകളിലും ക്ലാസ്സ്റൂം പി. ടി. എ പ്രവർത്തിക്കുന്നില്ല. വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവഹമല്ല എന്നത് നേരത്തെ പരാമർശിച്ചതാണല്ലോ. ഇതിന്റെ നിജസ്ഥിതി താഴെയുള്ള പട്ടികയിൽ നിന്നും വ്യക്തമാക്കാം.

വിദ്യാർത്ഥികളുടെ പഠന നിലവാരം
കാണിക്കുന്ന ചാർട്ട്
(അടിസ്ഥാനം 1996–97ലെ ഒന്നാം ടേം പരീക്ഷ)



ഇവിടെയുള്ള വിവിധ എയിഡഡ് സർക്കാർ സ്കൂളുകളിലായി ആകെ 95പേർ അധ്യാപകരായുണ്ട്. ഇവരിൽ 35പുരുഷൻമാരും 60സ്ത്രീകളും ഉണ്ട്. കൂടുതൽ വ്യക്തമായി താഴെയുള്ള ഡയഗ്രത്തിൽ നിന്ന് മനസ്സിലാക്കാം.

അദ്ധ്യാപകരുടെ എണ്ണം



ആകെയുള്ള 11 സ്കൂളുകളിൽ സർക്കാർ തലത്തിലുള്ള വീരമംഗലം ജി. യം. എൽ. പി. സ്കൂളൊഴികെ മറ്റെല്ലാ സ്കൂളിനും സ്വന്തമായ കെട്ടിടങ്ങൾ ഉണ്ട്. എന്നാൽ ഒട്ടുമിക്ക സ്കൂളും കെട്ടിടങ്ങളും വേണ്ടത്ര സൗകര്യങ്ങളില്ലാത്ത പ്രീ. കെ. ഇ. ആർ. കെട്ടിടങ്ങളാണ്. ഭൂരിഭാഗം സ്കൂളുകളിലും ക്ലാസ് വിഭജനം നടത്തിയിട്ടില്ല ഇത്തരം ഹാളുകളിലെ അധ്യാപനവും അധ്യയനവും ഒരു പോലെ ദുഷ്കരമാണ്. പലതിലും വേണ്ടത്ര ഫർണ്ണിച്ചറുകളില്ല. പ്രാഥമിക സൗകര്യങ്ങൾ പരിശോധിക്കുമ്പോൾ മൂത്രപുരയുടെയെങ്കിലും സൗകര്യമുള്ള മൂന്ന് വിദ്യാലയങ്ങൾ മാത്രമാണിവിടെയുള്ളത്. വിവിധ സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ താഴെയുള്ള പട്ടികയിൽ പ്രതിപാദിക്കുന്നു.

സ്കൂളുകൾ – ഭൗതിക സൗകര്യങ്ങൾ

നമ്പർ	സ്കൂളിന്റെ പേര്	ആകെ കെട്ടിടങ്ങൾ	കെട്ടിടങ്ങൾ: സ്വന്തം	കെട്ടിടങ്ങൾ: മറ്റുള്ളവ	മുറികളുടെ എണ്ണം: സ്വന്തം	മുറികളുടെ എണ്ണം: മറ്റുള്ളവ	കുടിവെള്ള സൗകര്യം	ആവശ്യമുള്ള കെട്ടിടം എത്ര	നിലവിലുള്ള മുറികൾ	കക്കൂസുകൾ ഉള്ളത്	കക്കൂസുകൾ എണ്ണം	കുടിവെള്ളം ഉണ്ട്/ഇല്ല പൈപ്പ്/കിണർ	വൈദ്യുതി	പാചകമുറി	സ്റ്റാഫ് റൂം	ആൺ	പെൺ	ആകെ	അധ്യാപകർ	ക്ലാർക്കുകൾ
1	A.M.L.P.സ്കൂൾ തൃക്കടീരി	4	1		തരംതിരിവില്ല		ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	10	4	3	4	1	1
2	K.M.S.V.L. Pസ്കൂൾ കുറ്റിക്കോട്	5	3		8		ഉണ്ട്	ഇല്ല	1	5	1	1	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	10	20	2	5	2	2
3	A.M.L.P. സ്കൂൾ എളേടത്ത് മാടമ്പ	8	2	4	തരംതിരിവില്ല		ഇല്ല	ഇല്ല	ഇല്ല		2	ഇല്ല	ഭാഗികം (കിണർ)	ഇല്ല	ഉണ്ട്	ഇല്ല	20		8	10	1	2
4	A.L.P. സ്കൂൾ കാരാട്ടുകുർശ്ശി	5	1		2		ഉണ്ട്	2	1	10	1	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	10	30	4	5	0	0
5	A.L.P. സ്കൂൾ മാങ്ങോട്	8	3	1	3	1	ഉണ്ട്	2	2	8	0	2	കിണർ (ഭാഗികം)	ഇല്ല	ഇല്ല	ഇല്ല	20	8	4	4	2	
6	A.L P. സ്കൂൾ പൂതക്കാട്	4	1	0	5	0	ഉണ്ട്	2	1	8	1	0	ഭാഗികം (കിണർ)	ഇല്ല	ഉണ്ട്	ഇല്ല	10	10	5	8		
7	G.L.P. സ്കൂൾ വീരമംഗലം																					
8	G.M.L.P. സ്കൂൾ വീരമംഗലം	5	1 (വാടക)		തരംതിരിവില്ല		ഉണ്ട്	2	2	2	2	0	കിണർ	ഇല്ല	1	1	20	11	2	2	1	0
9	B.E.M.U.P. സ്കൂൾ തൃക്കടീരി	14	5		17		ഉണ്ട്	6	1	10	1	1	പൈപ്പ്	ഉണ്ട്	ഉണ്ട്	1,	28	28	1	2	1	0
10	A.U.P.സ്കൂൾ കിഴൂർ	9	2	1	1	2	ഉണ്ട്	1	1	10	1	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	15	15	6	10	2	0
11	P.T.M. ഹൈസ്കൂൾ തൃക്കടീരി	8	2		17		ഉണ്ട്		2	10	2	2	കിണർ	ഇല്ല	ഇല്ല	ഉണ്ട്	(നിലവിലുള്ളത് മതി)					

പഞ്ചായത്തിലുള്ള പ്രൈമറി വിദ്യാലയങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി പ്രകാരമുള്ള പലതരത്തിലുള്ള പഠനോപകരണങ്ങളും മറ്റും വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഇവ യഥായോഗ്യം പ്രയോജനപ്പെടുന്നില്ല. തനതായ സ്ഥലസൗകര്യമുള്ള വീരമംഗലം ഗവർമെൻറ് എൽ പി സ്കൂളിന് പുതിയതായി കെട്ടിടം പണിയുന്നതിന് ഈ പദ്ധതി പ്രകാരം കുറച്ച് ഫണ്ട് അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇത് ഉപയുക്തമാക്കിയുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ നടപടികളും തുടങ്ങിയിരിക്കുന്നു.

വിവിധ സ്കൂളുകളിലെ അക്കാദമിക് സൗകര്യങ്ങളും താഴെയുള്ള പട്ടികയിൽ കാണിക്കുന്നു. (കമ്പ്യൂട്ടർ, റേഡിയോ, ടി. വി. തുടങ്ങിയ ദൃശ്യ-ശ്രവ്യ ഉപകരണങ്ങളും ഒരു സ്കൂളുകളിലും ഇല്ല.)

അക്കാദമിക് സൗകര്യങ്ങൾ (പട്ടിക)

ക്രമനമ്പർ	സ്കൂളിന്റെ പേര്	ലൈബ്രറി (പ്രവർത്തനം എങ്ങനെ)	ടെലിവിഷൻ (പ്രവർത്തനം)	പഠനോപകരണങ്ങൾ (മേശ, കസേര, ചാർട്ടുകൾ etc.)	ബ്ലാക്ക് ബോർഡ്		മാതൃസംഗമം സജീവമാണോ	കോസ്റ്റും PTA കളുടെ (പ്രവർത്തനം)
					ഉള്ളത്	ആവശ്യമുള്ളത്		
1	A.M.L.P. സ്കൂൾ തൃക്കടീരി	ഉണ്ട്	ഇല്ല	ഭാഗികം	4	2	അതെ	ഉണ്ട്
2	K M S V L P സ്കൂൾ കുററിക്കോട്	ഉണ്ട്	ഉണ്ട്	ഭാഗികം	6	4	സജീവമല്ല	ഉണ്ട്
3	A M L P സ്കൂൾ എളേടത്ത് മാടമ്പ	ഉണ്ട്	ഇല്ല	ഭാഗികം	4	0	അല്ല	ഉണ്ട്
4	A L P സ്കൂൾ കാരാട്ടുകുർശ്ശി	ഉണ്ട്	ഇല്ല	ഭാഗികം	3	5	അതെ	ഉണ്ട്
5	A L P സ്കൂൾ മാങ്ങോട്	ഉണ്ട്	ഉണ്ട്	ഉണ്ട്	13	(4 സ്റ്റാൻറ്)	അതെ	ഉണ്ട്
6	A L P സ്കൂൾ പൂതക്കാട്	ഇല്ല	ഇല്ല	ഇല്ല	4	4	അതെ	ഉണ്ട്
7	G L P സ്കൂൾ വീരമംഗലം	ഉണ്ട്	ഉണ്ട്	ഉണ്ട്	5	5	അതെ	ഉണ്ട്
8	G M L P സ്കൂൾ വീരമംഗലം	ഉണ്ട്	ഉണ്ട്	ഉണ്ട്	5	5	അതെ	ഉണ്ട്
9	B E M U P സ്കൂൾ തൃക്കടീരി	ഉണ്ട്	ഉണ്ട്	ഉണ്ട്	17	19	അതെ	ഇല്ല
10	A U P സ്കൂൾ കിഴൂർ	ഉണ്ട്	ഉണ്ട്	ഭാഗികം	7	3	അതെ	ഉണ്ട്
11	P T M ഹൈസ്കൂൾ തൃക്കടീരി	ഉണ്ട്	ഉണ്ട്	ഉണ്ട്	15	15	അതെ	ഉണ്ട്

പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ അക്കാദമിക് പ്രവർത്തനം ഏകീകരിക്കുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിന്നും ആയി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സ്കൂൾ കോംപ്ലക്സ് സമ്പ്രദായം തൃക്കടീരിയിലും തുടങ്ങിയിട്ടുണ്ട്. ഈ പുതിയ സംരംഭം അതിന്റെ തുടക്കത്തിൽ തന്നെ നന്നായി മുന്നേറുന്നുണ്ട്.

കലാകായിക രംഗത്ത് പരിമിതമായ സൗകര്യങ്ങളും പ്രയോജനപ്പെടുത്തി ഉപജില്ലാതലത്തിലും ജില്ലാതലത്തിലും ഇവിടുത്തെ കുട്ടികളും ശ്രദ്ധേയമായ നേട്ടങ്ങളും കൈവരിക്കാറുണ്ട്.

തൃക്കടീരി സെൻറർ, കിഴൂർ, എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഓരോ ടൈപ്പ് റൈറ്റിംഗ്

ഇൻസ്റ്റിറ്റ്യൂട്ട് ഒഴികെ മറ്റൊരു സാങ്കേതിക വിദ്യാലയവും ഇവിടെ പ്രവർത്തിക്കുന്നില്ല.

പ്രീ പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിലുടനീളം നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒട്ടേറെ അംഗൻവാടികളും നിലകൊള്ളുന്നുണ്ട്. ഇവയെപ്പറ്റി 'സാമൂഹ്യക്ഷേമം' എന്ന വിഷയത്തിൽ വിശദമായി പ്രതിപാദിക്കുന്നു.

കോളേജ് വിദ്യാഭ്യാസ സൗകര്യം പഞ്ചായത്തിൽ ലഭ്യമല്ലെങ്കിലും ഇതിനായി ഇവിടുത്തെ വിദ്യാർത്ഥികൾക്ക് വളരെയേറെ ദൂരമൊന്നും പോകേണ്ടതില്ല. പട്ടാമ്പി, ഒറ്റപ്പാലം, ഷൊർണ്ണൂർ, ശ്രീകൃഷ്ണപുരം, മണ്ണാർക്കാട് എന്നിവിടങ്ങളിലാണ് തൃക്കടീരിയിലെ കുട്ടികൾ കോളേജ് വിദ്യാഭ്യാസം ചെയ്യുന്നത്.

ഗ്രാമസഭകളിൽ ഉയർന്ന പ്രശ്നങ്ങൾ:

1. എല്ലാ വിദ്യാലയങ്ങളിലും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

2. അദ്ധ്യാപക-രക്ഷാകർതൃ സമിതി, മാതൃസംഗമം തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

3. എല്ലാ സ്കൂളുകളിലും ക്ലാസ്സ് റൂം പി.ടി.എ. സമ്പ്രദായം നിർബന്ധമായും നടപ്പിലാക്കുക.

4. ഉച്ച ഭക്ഷണ പരിപാടിയുടെ സാമ്പത്തിക ബാധ്യത പി.ടി.എ യും പഞ്ചായത്തും കൂടി സംയുക്തമായി വഹിക്കണം.

5. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ആവശ്യാനുസരണം പഠനോപകരണങ്ങൾ ലഭ്യമാക്കുക.

6. വീരമംഗലം കിഴക്ക് (വാർഡ്-8) ഉള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗവർമെൻറ് മാപ്പിള എൽ. പി സ്കൂളിന് (D P E P പദ്ധതിയിൽ ഉൾപ്പെടുത്തി) സ്വന്തം സ്ഥലവും കെട്ടിടവും സ്വായത്തമാക്കുക.

7. താഴെ കാണിക്കുന്ന ലോവർ പ്രൈമറി സ്കൂളുകളെ അപ് ഗ്രേഡ് ചെയ്ത് യു. പി. സ്കൂളുകളാക്കുക.

a ജി. എൽ. പി. സ്കൂൾ വീരമംഗലം (ഉങ്ങിൻതറ)

b കെ. എം. എസ്. വി. എൽ. പി. സ്കൂൾ കുറ്റിക്കോട്.

c എ. എം. എൽ. പി. സ്കൂൾ എളേടത്ത് മാടമ്പ.

d എ. എൽ. പി. സ്കൂൾ പൂതക്കാട്.

e എ. എൽ. പി. സ്കൂൾ മാങ്ങോട്.

f ജി. എം. എൽ. പി. സ്കൂൾ, വീരമംഗലം.

8. നിലവിലുള്ള യു. പി. സ്കൂളിനെ അപ് ഗ്രേഡ് ചെയ്തോ വേറെ ഒരെണ്ണം തുടങ്ങിയോ കിഴൂരിൽ ഹയർ സെക്കണ്ടറി പഠന സൗകര്യം ലഭ്യമാക്കണം.

9. നിലവിലുള്ള എല്ലാ പ്രൈമറി സ്കൂളുകളിലും മലയാള മാധ്യമത്തിലുള്ള പ്രീ പ്രൈമറി വിദ്യാഭ്യാസ സൗകര്യം വേണം.

10. പഞ്ചായത്ത് തലത്തിൽ പ്ലംബിംഗ്, വയറിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകുവാൻ സ്ഥാപനങ്ങൾ തുടങ്ങണം.

11. കൂടുതൽ കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങണം.

12. യാത്രാ ക്ലേശമുള്ള സ്കൂളുകളായ തൃക്കടീരി ഹൈസ്കൂൾ, കാരാട്ടുകുർശ്ശി എൽ പി. സ്കൂൾ എന്നിവിടങ്ങളിലേക്കുള്ള റോഡ് നന്നാക്കുക.

13. നല്ല രീതിയിൽ അധ്യാപനം നടത്തുന്ന അധ്യാപകർക്ക് പ്രോത്സാഹന സമ്മാനം ഏർപ്പെടുത്തുക.

14. വിദ്യാലയങ്ങളിൽ വർഷത്തിൽ രണ്ട് പ്രാവശ്യം ആരോഗ്യ പരിശോധന നടത്തി കുട്ടികളുടെ ആരോഗ്യ നിലവാരം ഉറപ്പ് വരുത്തണം.

പൊതുനിർദ്ദേശങ്ങൾ:

1. പഞ്ചായത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ മുമ്പോട്ട് നയിക്കാൻ പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെയും സ്കൂൾ കോംപ്ലക്സുകളുടേയും സംയുക്ത നേതൃത്വത്തിൽ സമഗ്ര വിദ്യാഭ്യാസ പരിപാടിക്ക് രൂപം നൽകുക.

2. വീരമംഗലം G L P സ്കൂൾ, പൂതക്കാട് A L P സ്കൂൾ, കുറ്റിക്കോട് K M S V L P സ്കൂൾ എന്നിവിടങ്ങളിൽ പ്രീ പ്രൈമറി ക്ലാസ്സുകൾ തുടങ്ങുക.

3. താഴെ കാണിക്കുന്ന സ്കൂളുകൾ അപ് ഗ്രേഡ് ചെയ്യുക.

1. G L P സ്കൂൾ വീരമംഗലം.

2. K M S V L P സ്കൂൾ കുറ്റിക്കോട്.

3. A L P സ്കൂൾ, പൂതക്കാട്.

4. A L P സ്കൂൾ, മാങ്ങോട്.

4. വീരമംഗലം G M L P സ്കൂളിന് സ്വന്തം സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.

5. മാസാന്ത പരീക്ഷകൾ, സാഹിത്യ സമാജങ്ങൾ, മാതൃ സംഗമങ്ങൾ, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ. പി. ടി. എ. യുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ നിർബന്ധമായും നടപ്പിലാക്കുക.

6. ഒന്നിടവിട്ട വർഷങ്ങളിലെങ്കിലും വിനോദയാത്രയും, കലോത്സവങ്ങളും നടപ്പിലാക്കുക.

7. അദ്ധ്യാപകരുടെ ഇൻസർവ്വീസ് കോഴ്സുകൾ നിർബന്ധമാക്കുക.

8. എല്ലാ സ്കൂളുകളിലും ദിവസവും അസംബ്ലി നടത്തുകയും അതിൽ വെച്ച് നിർബന്ധമായും പത്ര പാരായണം നടത്തുകയും വേണം.

9. വർഷത്തിൽ രണ്ട് പ്രാവശ്യം വിദ്യാർത്ഥികൾക്ക് മെഡിക്കൽ പരിശോധന നടത്തണം.

10. സന്നദ്ധ പ്രവർത്തകരുടെ സേവനംകൂടി ഉൾപ്പെടുത്തി വീരമംഗലം G. L. P. സ്കൂൾ ഗ്രൗണ്ട് നിരപ്പാക്കണം.

11. നിലവിലുള്ള സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുക. അദ്ധ്യാപനത്തിലെ നവീന രീതി ശാസ്ത്രത്തിൽ മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകുക—സിലബസിനെ അടിസ്ഥാനമാക്കി വിശദമായ സഹായ പുസ്തകങ്ങൾ തയ്യാറാക്കുക.

12. എല്ലാ സ്കൂളുകളിലും കുടിവെള്ള വിതരണത്തിനും ഉച്ചഭക്ഷണ വിതരണത്തിനും ആസൂത്രിത പരിപാടി തയ്യാറാക്കുക.

13. നിലവിലുള്ള എല്ലാ സ്കൂൾ കെട്ടിടങ്ങളും ബഹുജന സാക്ഷരതാനന്തര വിദ്യാഭ്യാസത്തിനുള്ള സായാഹ്ന കേന്ദ്രങ്ങളാക്കി മാറ്റുക.





കുടിവെള്ളവും പൊതുജനാരോഗ്യവും

'ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള വേനം' ഒരു ജനതയുടെ ആരോഗ്യ കാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. നമ്മുടെ പഞ്ചായത്തിന്റെ 2440 ഓളം വീടുകളിൽ കിണറുകളുണ്ട്. 47% കുടുംബങ്ങളും കുടി വെള്ളത്തിനായി സ്വന്തം കിണറുകളെയാണു ആശ്രയിക്കുന്നത് 51% കുടുംബങ്ങളം അയൽ വീടുകളിലെ കിണറുകളെ ആശ്രയിക്കുമ്പോൾ 2% കുടുംബങ്ങൾക്ക് മാത്രമെ പൊതുജല വിതരണം ഉപയോഗപ്പെടുന്നുള്ളൂ. പഞ്ചായത്ത് പ്രദേശത്ത് മാത്രമായി പ്രവർത്തിക്കുന്ന ശുദ്ധജല പദ്ധതികളൊന്നും തന്നെയില്ല. തൃതപുഴ പദ്ധതിയുടെ ഭാഗമായി കുറ്റിക്കോടു മുതൽ കിഴിശ്ശൂർ റോഡുവരെയും കുറ്റിക്കോടു മുതൽ വീരമംഗലം ലക്ഷം വീടുവരെയും തൃക്കടീരിയിൽ നിന്നും ആറാശ്ശീരി വരെയും കാരാട്ടുകുറുശ്ശിയിലുമായി 48 പൊതു ടാപ്പുകളാണ് നിലവിലുള്ളത്. ഹൗസ് കണക്ഷനുകളൊന്നും നിലവിൽ പഞ്ചായത്തിൽ ഇല്ല.

കുടിവെള്ള സ്രോതസ്

പൊതു കിണർ	പൊതു കുഴൽ കിണർ	പൊതു ടാപ്പ്	സ്വകാര്യ കിണർ
28	16	42	2440

പഞ്ചായത്തിലുടനീളം പരിശോധിക്കുമ്പോൾ കുടിവെള്ളക്ഷാമം തീവ്രമാണ്. നിലവിലുള്ള പൊതുവിതരണ ടാപ്പുകളിൽ വേനൽകാലത്ത് വേണ്ടത്ര വെള്ളം ലഭ്യമല്ല.

ചെർപ്പുളശ്ശേരി വാട്ടർ സപ്ലൈ സ്കീമിൽ നിന്നും ബന്ധപ്പെടുത്തി 1986 മുതൽ തൃക്കടീരി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കി. ഈ പദ്ധതിയിൽ കുറ്റിക്കോട് പ്രദേശത്ത് 45000 ലിറ്റർ സംഭരണശേഷിയുള്ള ബൂസ്റ്റർ ടാങ്കും കാട്ടുങ്ങൽ കയറ്റത്തിന് സമീപം സ്ഥാപിച്ചിരിക്കുന്നു. 65000 ലിറ്റർ ശേഷിയുള്ള സംഭരണ ടാങ്കും, 9546 മീറ്റർ പൈപ്പ് ലൈനും സ്ഥാപിച്ചിട്ടുണ്ട്. 48 പൊതു ടാപ്പുകളും ഈ ലൈനിൽ സ്ഥാപിച്ചിരിക്കുന്നു. ഒരു ഗാർഹികേതര കണക്ഷൻ മാത്രമേ നൽകിയിട്ടുള്ളൂ. ഈ പദ്ധതിയിൻകീഴിൽ സുമാർ 4600 ജനങ്ങൾക്ക് ശുദ്ധജല വിതരണം നടത്തിവരുന്നു.

ചെർപ്പുളശ്ശേരി പദ്ധതിയെ ആശ്രയിച്ച് മുന്നോട്ട്പോകുന്ന ഒരു പദ്ധതിയായതിനാലും വേനൽകാലങ്ങളിൽ ചെർപ്പുളശ്ശേരിക്ക് കീഴിൽ വരുന്ന വർദ്ധിച്ച ഉപഭോഗവും, ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന വൈദ്യുത സംവിധാനത്തിലെ തകരാറുകളും കാരണമായും തൃക്കടീരി പദ്ധതിയിൽ വേനൽക്കാലത്ത് ശുദ്ധജലവിതര

ണം തടസ്സപ്പെടാറുണ്ട്. ആയതിനാൽ മാവിക്കാല ത്തേക്ക് മറെറാരു സ്രോതസ്സിനെ ആശ്രയിക്കേണ്ട തത് അത്യാവശ്യമാണ്. ഇതിന് പരിഹൃതമായി $3\frac{1}{2}$ ലക്ഷം രൂപ എസ്റ്റിമേറിൽ ഒരു കുഴൽകിണർ കുഴിക്കാൻ സ്ഥലം നിശ്ചയിച്ച് സാങ്കേതിക വിദഗ്ദന്റെ പരിശോധനാ റിപ്പോർട്ടടക്കം മേൽ നടപടികൈക്കായി (പ്രൊപ്പോസൽ) അയച്ചിട്ടുണ്ട്.

ഈ സ്രോതസ്സിനെ കണക്കിലെടുത്തോ പഞ്ചായത്ത് തലത്തിൽനിന്നുവരുന്ന പ്രായോഗികമായ മറെറ് നിർദ്ദേശങ്ങളോ പദ്ധതികളോ ആവിഷ്ക്കരിച്ച് നിലവിലുള്ള സ്കീം വിപുലപ്പെടുത്തുന്നതിന് ജല അതോറിറ്റിയുടെ സാങ്കേതിക സഹകരണങ്ങളും വാഗ്ദാനം ചെയ്യുന്നു.

കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം
1	പരത്തിപറമ്പ് മുതൽ മനക്കൽപടി വരെയുള്ള 1.5 കിലോമീറ്റർ	ചുണ്ടോള്ളി വയലിൽ കിണർ കുഴിച്ച് ടാങ്കിലേക്ക് വെള്ളം അടിച്ചു കയറ്റി ടാപ്പിലൂടെ വിതരണം.
	ആലിക്കുണ്ടു പ്രദേശം	കുന്നൻമലയുടെ അടിഭാഗത്തുള്ള ചോല കെട്ടി നിർത്തി പൈപ്പ് ലൈൻവഴി വിതരണം.
2	മയിലാടി പറമ്പ്, ആശാരിക്കുന്ന് കരിയാമുട്ടി തുടങ്ങിയ പ്രദേശങ്ങളിൽ.	ശുദ്ധജല പദ്ധതിയിലെ പൈപ്പ് ലൈൻ നീട്ടുക, പൊതുകിണർ കുഴിക്കുക.
3	മുതലിയാർ തെരുവ് മുതൽ കൈതകളം വരെ.	ശുദ്ധജല പദ്ധതിയിലെ പൈപ്പ് ലൈൻ നീട്ടുക.
4	കോഴിപള്ളിയാൽ മേലെ	കുറ്റിക്കോടു സ്ഥാപിച്ചിട്ടുള്ള ബൂസ്റ്റർ ശേഷിവർദ്ധിപ്പിച്ച് മുഴുവൻ സമയ ജല വിതരണം നടത്തുക.
	വാണിയംകാവ് മുതൽ ചെമ്പൻകുന്ന് വരെ 1.5 കിലോമീറ്റർ	നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി വിതരണം നടത്തുക.
	ആലിക്കൽ പടി മുതൽ പന്തലാട്ടുപടി വരെ 1 കിലോമീറ്റർ.	കിഴൂർ റോഡിലുള്ള പൈപ്പ് ലൈൻ തരുവക്കോണം വരെ നീട്ടുകയോ, കുഴൽ കിണർ കുഴിച്ചു തരുകയോ,
5	ചോലക്കൽ പ്രദേശത്ത് മഴവെള്ളം വന്ന് കിണറുകളും നാശമാവുന്നു.	മലവെള്ളത്തിന്റെ ഗതി നിയന്ത്രിക്കുന്നതിന് ബണ്ട് കെട്ടി സംരക്ഷിക്കുക,
6	ആറംകുന്നത്ത് കാവ് മുതൽ ചെമ്പരത്തിമാടുവരെ 0.75 കിലോമീറ്റർ.	നിലവിലുള്ള പദ്ധതിയുടെ ശേഷി വർദ്ധിപ്പിച്ചു പൂർണ്ണമായും ജലവിതരണം നടത്തുക.
	വാർഡിലെ 4 ഹരിജൻ കോളനികളും.	കോളനികളിൽ കിണറൊ കുഴൽകിണറൊ സ്ഥാപിക്കുക.

കുടിവെള്ള പ്രശ്ന പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും (തുടർച്ച)

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം
7	പാലപ്പുറം.	കുഴൽകിണർ സ്ഥാപിക്കുക.
	ചടച്ചിക്കുണ്ട്, വാച്ചാക്കര, കിഴക്കെ മണ്ണും കഴി, ഒഴുപാറ.	നറുക്കൻചിറ കുളത്തിൽനിന്നും വെള്ളം പമ്പുചെയ്ത് പള്ളിക്കുസമീപം ടാങ്ക് കെട്ടി പൈപ്പ് ലൈൻ വഴിനീട്ടിയാൽ 7ഉം 8ഉം വാർഡിന്റെ പകുതി പ്രദേശത്തിലും ജലവിതരണം സാധ്യമാക്കാം.
8	ഒടുവൻകാട് പോസ്റ്റ് ഓഫീസ് ജംഗ്ഷൻ, വീരമംഗലം പള്ളി—കാക്കാത്തോട്ടുവരെ 500 മീറ്റർ	നിലവിലുള്ള പൈപ്പ്ലൈൻ നീട്ടുകയോ, തരിയ പള്ളിയാലിന്റെ സമീപത്തെ നിലവിലുള്ള കുഴൽ കിണർ വിപുലമാക്കി വെള്ളം പമ്പ് ചെയ്ത് പൈപ്പ് വഴി വിതരണം ചെയ്യാം.
	മല അടിവാരം.	മലയിൽ നിലവിലുള്ള തോല കെട്ടി സംരക്ഷിക്കുക ഒരു കുഴൽ കിണർ കുഴിക്കുക
9	കാടംപാറ മനക്കുസമീപം, കാടുന്നിഭാഗം പറച്ചിക്കുണ്ട്, ലക്ഷംവീട് കോളനി, മദ്രസ്സക്കു സമീപം.	പൊതു കിണറുകളും, കുഴൽ കിണറുകളും ശുദ്ധജല പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടുക.
10	മാണിതൊടി മുതൽ മില്ലുപടിവരെ	നിലവിൽ ചെർപ്പുളശ്ശേരി പഞ്ചായത്തിൽ വിതരണം ചെയ്യുന്ന പൈപ്പ്ലൈൻ നീട്ടുക.
	മില്ലുപടി മുതൽ ചമ്മനൂർ വരെ	കാക്കാതോടിനു സമീപം കിണർ കുഴിച്ച് വെള്ളം പമ്പ്ചെയ്ത് പൈപ്പ് വഴി വിതരണം നടത്താം.
	ലക്ഷംവീടു പ്രദേശം.	കിണർ അല്ലെങ്കിൽ കുഴൽകിണർ സ്ഥാപിക്കുക

പൊതുനിർദ്ദേശങ്ങൾ

1. തൃതപ്പുഴയിൽനിന്ന് വെള്ളം ലിഫ്റ്റ് ചെയ്ത്, തൃക്കടീരിയിൽനിലവിലുള്ളടാങ്ക് വികസിപ്പിച്ച് ശേഖരിക്കുകയും പഞ്ചായത്തിന്റെ പ്രധാന മേഖലകളിലേക്ക് പൈപ്പ് ലൈനുകൾ നീട്ടി ജലവിതരണം നടത്തുകയും ചെയ്യാവുന്ന, തൃക്കടീരി പഞ്ചായത്തിനു മാത്രമായ ഒരു ജലവിതരണ സംവിധാനം ഉണ്ടാക്കുക.

2. കിഴൂർ പ്രദേശത്ത് ആഴക്കിണറു കുഴിച്ച്, വെള്ളം ലിഫ്റ്റ് ചെയ്ത് ഒന്നാംവാർഡിൽ ജലവിതരണത്തിനുള്ള സംവിധാനമുണ്ടാക്കുക.

3. പഞ്ചായത്തിലെ മറ്റൊരു ഉയർന്ന പ്രദേശമായ പൂതക്കാട് നിലവിലുള്ള തോടിനു സമീപം ആഴക്കിണറ് കുഴിച്ച് വെള്ളം ലിഫ്റ്റ് ചെയ്ത് ആ വാർഡിൽ ജലവിതരണം നടത്താനുള്ള പദ്ധതി ഉണ്ടാക്കുക.

4. ഏഴാം വാർഡിലെ നറുക്കംചിറ കുളം ശുദ്ധീകരിച്ച് സംരക്ഷിക്കുകയും വെള്ളം ലിഫ്റ്റ് ചെയ്ത് ഏഴ്, എട്ട് വാർഡുകളിൽ, പാലപ്പുറം, പള്ളിക്കുന്ന് തുടങ്ങിയ പ്രദേശങ്ങളിൽ വെള്ളം എത്തിക്കാനുള്ള സംവിധാനമുണ്ടാക്കുക.

5. നിലവിലുള്ള കുഴൽകിണറുകളും ഉപയോഗക്ഷമമല്ലാത്തവ റിപ്പയർചെയ്ത് ഉപയോഗക്ഷമമാക്കുക.

6. ഹരിജൻ കോളനികളിലും പഞ്ചായത്തിന്റെ മറ്റു പ്രധാന കേന്ദ്രങ്ങളിലും തുറന്ന കിണറുകളും കുഴൽകിണറുകളും സ്ഥാപിക്കുക.

7. കുടിവെള്ളക്ഷാമം നേരിടുന്ന ഘട്ടങ്ങളിൽ സ്വകാര്യ വ്യക്തികളുടെ വറ്റാത്ത കിണറുകളും കുളങ്ങളും താൽക്കാലിക സമ്മതപത്രം വാങ്ങികൊണ്ട് റിപ്പയർ ചെയ്തുകൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

8. ജലക്ഷാമം പതിവായി നേരിടുന്ന പ്രദേശങ്ങളെ ഉൾപെടുത്തി സമഗ്രമായ ഒരു വാട്ടർ സർവ്വേ നടത്തുക.

ആരോഗ്യം

പഞ്ചായത്തിലെ ഏക ആരോഗ്യ സംരക്ഷണ കേന്ദ്രമായ തൃക്കടീരി പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിതമായിട്ട് ഏതാണ്ട് 25 വർഷമേ ആയിട്ടുള്ള. കാൽ നൂറ്റാണ്ടിനുമുമ്പുവരെ ജനങ്ങൾ പരമ്പരാഗത വൈദ്യത്തെയാണ് ആശ്രയിച്ചിരുന്നത്. ഉൾപ്രദേശങ്ങളിൽ ചിലയിടങ്ങളിൽ ഇന്നും അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്. ആയത് നമ്മുടെ ആരോഗ്യ രംഗത്തെ ഒരു പ്രധാന പ്രശ്നംതന്നെയാണ്.

സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രം മാത്രമാണ് പഞ്ചായത്തിലെ ഏക ചികിത്സാ സൗകര്യം. പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും തൊട്ടടുത്ത പഞ്ചായത്തുകളിലെ സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ വിരമംഗലം (8) കിഴൂർ (1) കരിയാമുട്ടി (2) എന്നീ പ്രദേശങ്ങളിലായി 3 സബ് സെൻറുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പോലുള്ള രോഗ പ്രതിരോധ പരിപാടികളൊ അത്യാവശ്യ ഔഷധങ്ങളൊ ജനങ്ങൾക്ക് ലഭ്യമാകാറില്ല.

സ്വകാര്യമേഖലയിൽ ഒരു അലോപ്പതി, ഒരു ആയുർവ്വേദം, 25പാരമ്പര്യവൈദ്യൻമാരും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതിയിൽ ഗുണപരമായ വ്യതിയാനം കാണുന്നില്ലാ എന്നാണ് ലഭ്യമായ സ്ഥിതിവിവരകണക്കുകൾ കാണിക്കുന്നത്. 95–96 വർഷത്തിൽ 784 വായുജന്യരോഗങ്ങളും അഞ്ച് ജലജന്യ രോഗങ്ങളും 3878 മറ്റ് രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. തൃക്കടീരി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽനിന്നും ലഭിച്ചതാണ്). പഞ്ചായത്തിൽ കിടത്തിചികിൽസാ സൗകര്യങ്ങളുള്ള ആശുപത്രികളില്ല. ഇതിനായി ചുരുങ്ങിയത് ഒമ്പത് കിലോമീറ്ററും സഞ്ചരിക്കേണ്ടതായിട്ടുണ്ട്. ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുകവഴി രോഗരഹിതവും ആരോഗ്യ പൂർണ്ണവുമായ ഒരു സമൂഹത്തെ സൃഷ്ടിക്കലാണ് നമ്മുടെ ലക്ഷ്യം.

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ല. ഈ അവസ്ഥ പരിഹരിക്കാൻ സത്വര നടപടികളും സ്വീകരിക്കേണ്ടതാണ്. പൊതു ആരോഗ്യ സ്ഥാപനങ്ങളും ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങളും വിമുഖത കാണിക്കുന്നു. ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകളോ ഒരു വേള അതിലധികമോ പ്രാധാന്യം ബോധവൽക്കരണ പ്രവർത്തനങ്ങളും ക്കുണ്ട്. എന്നാൽ ഫീൽഡ് വർക്കർമാരുടെ ഈ രംഗത്തെ പ്രവർത്തനം ഫലപ്രദമാകുന്നില്ല. ഇതിന് കാരണം മേൽത്തട്ടുകളിൽ നിന്നുള്ള മോണിറിംഗ് യഥാസമയം ഫലപ്രദമായി നടക്കുന്നില്ല.

ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ശിശുമരണം
1993	115	112	
1994	112	106	
1995	86	92	
1996(അപൂർണ്ണം)	63	78	

ഗർഭകാല പരിചരണത്തിൽ ആധുനിക സൗകര്യങ്ങളുള്ള ആസ്പത്രികളെ ആശ്രയിക്കുന്ന സ്വഭാവം ഗ്രാമീണരിലടക്കം വേരൂന്നി കഴിഞ്ഞു. അതുകൊണ്ടു തന്നെ പഞ്ചായത്തിലെ മിക്കവാറും ജനനങ്ങളും പഞ്ചായത്തിനു പുറത്തുള്ള വലിയആശുപത്രികളിലാണ് നടക്കുന്നത്. ഇതുമൂലം പഞ്ചായത്തിലെ ജനന-മരണ റജിസ്റ്റർ പൂർണ്ണമായും ആശ്രയിക്കാവുന്നതല്ല.

പൊതുജനാരോഗ്യത്തെ കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസര ശുചിത്വം പാലിക്കുവാൻ ഒന്നാ

മതായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 53% (2710) വീടുകളിൽ നിലവിൽ കക്കൂസ് ഇല്ല. ഇതിനാൽ വിരശല്യം വയറിളക്ക രോഗങ്ങൾ എന്നിവ താരതമ്യേന കണ്ടുവരുന്നു. ഗ്രാമസഭകളിലെ ചർച്ചയുടെ വെളിച്ചത്തിൽ കക്കൂസ് നിർമാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും പരിഹാരങ്ങളും താഴെ പറയും പ്രകാരം സംഗ്രഹിക്കാം.

	കാരണം	പരിഹാരം
1	സാമ്പത്തിക പരാധീനത	സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നത്.
2	സ്ഥല പരിമിതി	പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്.
3	ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ	ആരോഗ്യ ബോധവൽക്കരണ യൂനിറ്റിന്റെ പ്രവർത്തനം വിപുലമാക്കുക. ആരോഗ്യ പ്രവർത്തകരെ–ഉദ്യോഗസ്ഥരെ–ബന്ധപ്പെടുത്തി അയൽകൂട്ടങ്ങളിൽ ചർച്ചാക്ലാസുകളും, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശനങ്ങളും, സ്ലൈഡ് വീഡിയോ.

പഞ്ചായത്തിലെ ഉൾപ്രദേശങ്ങളിൽ ചിലയിടത്ത് സാനിറ്റേഷൻ സൗകര്യം അപര്യാപ്തമായതിനാൽ 15 വയസുവരെയുള്ള കുട്ടികളുടെ ശുചിത്വമില്ലായ്മ ഒരു പ്രശ്നമാണ്. അതുപോലെ മലിനജലം കെട്ടിനിൽക്കുന്നതും ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ഹോട്ടലുകളും, ചായക്കടകളും എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപന ആരോഗ്യ പരിപാലന നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും വേണം. അങ്ങാടികളും ശുചിയാക്കുകയും കച്ചവടക്കാരെ ബോധവൽക്കരിക്കുകയും ചെയ്യുന്നതോടൊപ്പം ആയവ പാലിക്കാത്തവരിൽ നിന്നും പിഴ ഈടാക്കാനുള്ള നടപടികളും കൈകൊള്ളേണ്ടതുമാണ്.

വർഷക്കാലത്ത് പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ പകർച്ചവ്യാധികളും പടർന്നു പിടിക്കുക സാധാരണമാണ്. ഇതിനെതിരെ കിണറുകളിലെ ക്ലോറിനേഷൻ ഈച്ചനശീകരണം, കൊതുകനശീകരണം എന്നിവ ഫലപ്രദമായി നടപ്പാക്കേണ്ടതാണ്.

പഞ്ചായത്തിലെ മിക്കവാർഡുകളിലും റോഡരുകിൽ മീൻ വിൽപന നടത്തുന്നതും പരിസരശുചിത്വത്തിന്റെ ഒരു പ്രശ്നമാണ്.

പൊതുനിർദ്ദേശങ്ങൾ:

1. തൃക്കടീരി പഞ്ചായത്തിലെ ചികിൽസാരംഗത്ത് പ്രധാന ആശ്രയമായ റൂറൽ ഡിസ്പെൻസറി പത്തു കിടക്കകളെങ്കിലുമുള്ള ആശുപത്രിയാക്കി ഉയർത്തുക. ആവശ്യമായ കെട്ടിടങ്ങളും നിർമ്മിക്കുക.

2. ഇപ്പോഴുള്ള ഡോക്ടർക്കുപുറമെ സ്ഥിരമായ ഒരു ലേഡീ ഡോക്ടറേയും സ്റ്റാഫിനേയും നിയമിക്കുക.

3. പഞ്ചായത്തിൽ ഒരു ആയുർവ്വേദാശുപത്രി സ്ഥാപിക്കുക.

4. നിലവിലുള്ള സബ്സെൻറുകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക. സബ് സെൻററിന്റെ ഇപ്പോഴുള്ള പ്രവർത്തനത്തിന് ഒരു ജനകീയ പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുകയും പ്രവർത്തനം ജനപങ്കാളിത്തത്തോടെ ഫലപ്രദമാക്കുകയും ചെയ്യുക.

5. താഴ്ന്ന വരുമാനക്കാരായ എല്ലാവർക്കും സൗജന്യമായി കക്കൂസ് നിർമ്മിച്ചുകൊടുക്കുക.

6. സ്കൂൾ വിദ്യാർത്ഥികളെ മുഴുവൻ ഒരു അക്കാദമിക് വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ആരോഗ്യ പരിശോധനയ്ക്ക് വിധേയമാ

ക്കുക. ഹെൽത്ത് രജിസ്റ്റർ സൂക്ഷിക്കുന്ന സമ്പ്രദായം ഫലപ്രദമായി നടപ്പാക്കുക.

7. എല്ലാ കോളനി പ്രദേശത്തും രണ്ടു മാസത്തിലൊരിക്കലെങ്കിലും ആരോഗ്യരംഗത്തെ ഉദ്യോഗസ്ഥന്മാർ സന്ദർശിച്ച് പരിശോധന നടത്തുക.

8. വരൾച്ചയുടെ കാലത്ത് മുഴുവൻ കുടിവെള്ള സ്രോതസ്സുകളും പരിശോധനാവിധേയമാക്കി ശുദ്ധീകരണമാർഗ്ഗങ്ങൾ നടപ്പാക്കുക.

9. ആരോഗ്യ ശീലങ്ങളെ സംബന്ധിക്കുന്ന ബോധവൽക്കരണം വ്യാപകമാക്കുക.

10 പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകർക്കും പ്രാഥമിക ശുശ്രൂഷയ്ക്കുള്ള ശാസ്ത്രീയ പരിശീലനം നൽകുകയും ഫസ്റ്റ് എയ്ഡ് കിറ്റ് സൗജന്യമായി വിതരണം നടത്തുകയും ചെയ്യുക.

11 ആരോഗ്യ ബോധവത്ക്കരണ രംഗത്ത് അംഗനവാടികളുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുക.

12. തൃക്കടീരി സെൻററിലും മറ്റ് അങ്ങാടി പ്രദേശങ്ങളിലും ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുക.

13. മത്സ്യ–മാംസ വില്പനയ്ക്ക് പൊതു മാർക്കറ്റ് സ്ഥാപിക്കുക.

14. ടെറനസിനെതിരായ കുത്തിവെയ്പ് വ്യാപകമാക്കുക.

15. പഞ്ചായത്തിലെ രണ്ടോ മൂന്നോ സ്ഥലത്ത് പൊതുശൗചാലയ സൗകര്യം ഏർപ്പെടുത്തുക.

16. തൃക്കടീരി സെൻററിൽ ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

17. കൊതുക ശല്യം ഇല്ലാതാക്കുന്നതിന് വ്യാപകമായ നിയന്ത്രണ പരിപാടികൾ നടപ്പാക്കുക.

★

തക്കടിരി ഗ്രാമ പഞ്ചായത്ത്

ഗതാഗതം, ഊർജ്ജം

ഗതാഗതം:

തൃക്കടീരിയിലെ ഏക ഗതാഗത മാർഗ്ഗം റോഡാണ്. ഏറെ പോരായ്മകളുള്ള ഒരു റോഡ് ശൃംഖല ഇവിടെയുണ്ട്. പഞ്ചായത്ത് ഓഫീസിലുള്ള റോഡ് റജിസ്റ്റർ പ്രകാരം ആകെ 77.50 കിലോമീറ്റർ റോഡാണ് പഞ്ചായത്തു വകയായി ഉള്ളത്. പൊതു മരാമത്തു വകുപ്പിന്റെ അധീനതയിലുള്ള ചെർപ്പുളശ്ശേരി–ഓറപ്പാലം റോഡിന്റെ ഭാഗമായ 4.95 കിലോമീറ്റർ റോഡും ചെർപ്പുളശ്ശേരി–മുണ്ടൂർ റോഡിന്റെ ഭാഗമായ 1.90 കിലോമീറ്റർ റോഡും ഉൾപ്പെടുത്തിയാൽ തൃക്കടീരി പഞ്ചായത്തിലുള്ള വിവിധ റോഡുകളുടെയും വീതിക്കുടിയ ഇടവഴികളുടെയും മൊത്തം ദൈർഘ്യം 84.50 കിലോമീറ്റർ മാത്രം. ഗതാഗതത്തിന് ഉപയോഗിക്കുവാൻ അനുയോജ്യമായ കനാൽ വരമ്പുകളും ഇതിലുൾപ്പെടും.

ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരം (നീളം: കി. മീ.)

റോഡിന്റെ സ്വഭാവം

വീതിയുള്ള ഇടവഴി	മണ്ണു റോഡ്	മെറ്റൽ റോഡ്	ടാർ ചെയ്തത്			മറ്റുള്ളവ	ആകെ
			പഞ്ചായത്ത് വക	PWD	NH		
1	2	3	4	5	6	7	8
25.25	36.50	2.90	10.85	6.85	ഇല്ല	2 (കനാൽ വരമ്പ്)	84.35

മൊത്തം വരുന്ന 84.35 കിലോമീറ്റർ റോഡിലെ 12.45 കിലോമീറ്റർ റോഡ് കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് നിർമ്മിച്ചതാണ്. ഈ കാലയളവിൽ ഒട്ടുമിക്ക റോഡുകളും ഭാഗികമായെങ്കിലും അറ്റകുറ്റ പണിക്ക് വിധേയമായിട്ടുണ്ട്. ജവഹർ റോജ്ഗർ യോജന (JRY) ഫണ്ട്, ഉപാധി രഹിത (untied) ഫണ്ട്, സന്നദ്ധ പ്രവർത്തനം എന്നിവ ഉപയുക്തമാക്കിയാണ് റോഡുകളും, വഴികളും നിർമ്മിക്കുന്നതും നിലനിർത്തി വരുന്നതും.

പൊതുമരാമത്തു വകുപ്പിനേറെതായ ഒറപ്പാലം—ചെർപ്പുളശ്ശേരി റോഡ് ഏറെക്കുറെ പഞ്ചായത്തിന്റെ നടുവിലൂടെയാണ് കടന്നു പോകുന്നത് എന്നത് വലിയ ഒരനുഗ്രഹം തന്നെയാണ്. പഞ്ചായത്തിലെ ഏറ്റവും ഗതാഗത യോഗ്യമായതും ഗതാഗതമുള്ളതുമായ ഈ റോഡിന്റെ ഗുണം ഭൂരിഭാഗം വാർഡുകൾക്കും ലഭ്യമാണ്.

പഞ്ചായത്തിലൂടെയുള്ള രണ്ടു പി. ഡബ്ലിയു. ഡി. റോഡുകളിലൂടെയും വിവിധ സ്ഥലങ്ങളിലേക്കായി സ്വകാര്യ ബസ് സർവ്വീസ് യഥേഷ്ടമുണ്ട്. ഈ സർവ്വീസുകളും പ്രശ്ന സഹജമാണ്.

തൃക്കടീരി വഴി മൂന്നും മാങ്ങോട് വഴി പതിനൊന്നും KSRTC യുടെ വിവിധതരം ബസ്സുകളും സർവ്വീസ് നടത്തിയിരുന്നതാണ്. എന്നാൽ ഇപ്പോൾ തൃക്കടീരി വഴിയുള്ള ഒരേയൊരു KSRTC ബസ്സാണ് ഈ പഞ്ചായത്തിലൂടെ സർവ്വീസ് നടത്തുന്നത്. ഇത് കൃത്യമായി സേവനം നടത്തുന്നുണ്ടുതാനും. KSRTC ഷെഡ്യൂളുകളുടെ അഭാവം രാത്രികാല യാത്രയെ ദുരിത പൂർണ്ണമാക്കുന്നു.

പഞ്ചായത്തിലെ ബസ്സ് സൗകര്യം ഇല്ലാത്ത ഉൾപ്രദേശങ്ങളിലേക്കായി ടാക്സി വാഹനങ്ങളും ഉപയോഗിക്കപ്പെടുന്നു. പഞ്ചായത്ത് പ്രദേശം കേന്ദ്രീകരിച്ച് 24 ജീപ്പുകളും 53 ഓട്ടോറിക്ഷകളും മൂന്ന് ടൂറിസ്റ്റ് കാറുകളും സേവനം നടത്തുന്നുണ്ട്. ഇവിടുത്തെ യുവാക്കൾക്ക് തൊഴിൽ പ്രദാനം ചെയ്യുന്ന ഒരു പ്രധാന മേഖലയായി ഇത് വളർന്നിട്ടുണ്ട്. സൈക്കിളം റിക്ഷയോ, കുതിര റിക്ഷയോ ഇവിടെ ഇല്ല കാളവണ്ടി ഉപയോഗത്തിന് കാര്യമായ മാന്ദ്യം വന്നിട്ടുണ്ട്. ആംബുലൻസ് വണ്ടിയുടെ സേവനം ഇവിടെ ലഭ്യമല്ല. പല സന്ദർഭങ്ങളിലും ഇതിനായി വിദൂരങ്ങളിലേക്ക് പോകേണ്ടി വരുന്നു.

യാതൊരുവിധ വാഹനവും കടന്നുപോകാൻ പറ്റാത്ത നിരവധി പ്രദേശങ്ങളും തൃക്കടീരിയിലുണ്ട്. ജന നിബിഡമായ ഈ പ്രദേശങ്ങളിലെ യാത്ര ഏറെ ക്ലേശകരമാണ്. കാരാട്ടുകുർശ്ശി സ്കൂളിനു സമീപം, ചെന്നാര ഭാഗം, പടിഞ്ഞാറെ മണ്ണും കുഴി ഭാഗം മുതലായവ ഇതിൽപ്പെടുന്നു. ഈ പ്രദേശങ്ങളിൽ നിന്ന് രോഗികളെയും മറ്റും കൊണ്ടുപോകുന്നതിന് 'മഞ്ചൽ' 'കസേര' എന്നീ പഴഞ്ചൻ ചുമട് രീതികളും ഇപ്പോഴും പിന്തുടരുന്നു എന്നതു ഈ പ്രദേശത്തിന്റെ ദുരവസ്ഥതന്നെയാണ്.

റോഡ് മാത്രമാണ് ഏക ഗതാഗതമാർഗ്ഗം എന്നതിനാൽ വളരെ ഗൗരവമേറിയ ചർച്ച തന്നെയാണ് ഇതേപറ്റി ഗ്രാമസഭകളിൽ ഉണ്ടായത്. എല്ലാ വാർഡുകളിലേയും ചർച്ചകളും വളരെ ക്രിയാത്മകമായിരുന്നുതാനും. ജനങ്ങളുടെ പ്രകടിപ്പിച്ച സന്നദ്ധ പ്രവർത്തന മനോഭാവം ഈ വസ്തുതക്ക് ശക്തി പകരുന്നു.

ചർച്ചയിൽ ഉയർന്നുവന്ന പ്രധാന പ്രശ്നങ്ങൾ:

1. പല ഉൾപ്രദേശങ്ങളും മുഖ്യ റോഡ് ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടില്ല

2. പഞ്ചായത്തുവകയായുള്ള താഴെ കാണുന്ന ടാർചെയ്ത റോഡുകളിലൂടെ ബസ് സർവ്വീസ് നടത്തുന്നില്ല.

a. തൃക്കടീരി—വീരമംഗലം
b. തൃക്കടീരി—തരുവക്കോണം
c. തൃക്കടീരി—കിഴൂർ

3. നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന പതിനാലു കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകളും നിർത്തലാക്കി.

4. മിക്ക ടാർ ചെയ്ത റോഡുകളിലും വലിയ കുഴികളും ഉണ്ട്. അതുപോലെ മിക്ക റോഡുകൾക്കും ഓവു പാലമോ ഓടകളോ ഇല്ല.

5. പല പ്രധാന കേന്ദ്രങ്ങളിലും വെയിറ്റിംഗ് ഷെഡില്ല.

6. ലഭ്യമായ വെയ്റ്റിംഗ് ഷെഡുകളും മലിനപ്പെടുത്തുന്നു. ദുരുപയോഗം ചെയ്യുന്നു.

7. ആംബുലൻസ് വണ്ടി സൗകര്യം ഇല്ല.

8 വിദ്യാർത്ഥികളോട് ബസ് അധികൃതർ അവഗണന കാണിക്കുന്നു.

9. നടന്നെത്താവുന്ന വിദ്യാലയങ്ങളിലേക്കുകൂടി ബസ്യാത്ര ചെയ്യണമെന്ന് വിദ്യാർത്ഥികൾ ശഠിക്കുന്നു.

10. അശാസ്ത്രീയ ഫെയർ സ്റ്റേജ് നിർണ്ണയ സമ്പ്രദായം.

11. വലിയ കയറ്റിറക്കങ്ങളും ഗതാഗതം ദുഷ്കരമാക്കുന്നു.

12. അലഞ്ഞു നടക്കുന്ന മൃഗങ്ങളും ഗതാഗതത്തിനു പ്രയാസങ്ങൾ വരുത്തുന്നു.

13. രാത്രികാല യാത്രാ ദുരിതം ഏറെയാണ്.

14 റോഡുകളുടെ ഓരങ്ങളിൽ കല്ല്, മണൽ, മെറ്റൽ തുടങ്ങിയവയുടെ കൂനയുണ്ടാക്കൽ പ്രശ്നം ഉണ്ടാക്കുന്നു.

15. റോഡുകളിൽ സൂചനാ പോസ്റ്റു (Sign-Post) കളും ഇല്ല.

16. പഴഞ്ചൻ ചുമട് രീതികളും ചിലയിടങ്ങളിലെങ്കിലും നിലനിൽക്കുന്നു.

റോഡുകളായും വഴികളായും ആകെ 104.42 കിലോമീറ്റർ ദൂരം ഉപയോഗയോഗ്യമാക്കുവാനും 9 പാലങ്ങളും, 7 വെയിറ്റിംഗ് ഷെഡ്ഡുകളും എന്നിവ പണിയുവാനുമാണ് ഗ്രാമസഭകളിൽ നിന്ന് ആവശ്യം ഉയർന്നിരിക്കുന്നത്. അവയുടെ വിശദവിവരങ്ങളും വാർഡ് തിരിച്ച് പട്ടികയായി കൊടുത്തിരിക്കുന്നു.

ഗതാഗതത്തോടനുബന്ധിച്ചുള്ള പുതിയ ആവശ്യങ്ങൾ (ഗ്രാമസഭകളിൽ നിന്നുള്ളത്)

വാർഡ്	നടപ്പാത/ഇടവഴി	കി.മീ.	പുതിയ റോഡുകൾ	കി.മീ.	ടാറിങ്ങ്	കി.മീ.	അറ്റകുറ്റപണി	കി.മീ.	മെയിന്റനൻസ് ക്ലെഡ്	പാലം
1	പടിഞ്ഞാറ്റുമുറി ഇടവഴി	0.9	പരുത്തിപറമ്പ് — ആലിക്കുണ്ട്	0.8	കിഴൂർറോഡ്-കിഴൂർ [റീ-ടാറിങ്ങ്]	3.0	പരത്തിപ്പറമ്പ് തേക്കിൻകാട്	1.50		
2	ഒറോംമാറിപാടം	0.6	ആശാരിക്കുന്ന് റോഡ്	0.7	കിഴൂർറോഡ്	2.00	മേപ്പഞ്ചേരികോളനി	1.00	രണ്ടെണ്ണം	മൂന്നെണ്ണം
			കരിയാമുട്ടിറോഡ്	0.2	കരിയാമുട്ടിറോഡ്					
			മണ്ണാൻ കോളനിറോഡ്	1.0			ഉള്ളാട്ടുതൊടി	0.7		
3	വെള്ളോലിപ്പടി ഇടവഴി	0.60	ആറാശ്ശേരിവലിയ പള്ളി താഴത്തേഅങ്ങാടി	1 10	ആറാശ്ശേരി— പൂതക്കാട്	2.00	കുണ്ടുകണ്ടം റോഡ്	1.00		രണ്ടെണ്ണം
			മുതലിയാർസ് ട്രീറ്റ് — തിരുവിളയനാട്കാവ്	1.00	കൈതക്കുളംറോഡ്	0.30				
	ആശാരിതൊടി— ഇടത്തറ (നടപ്പാത)	0,50	ചക്കാലംകുന്ന് — വീരമംഗലം റോഡ്	0.50	മുണ്ടേക്കാട് ഹരിജൻ		ചക്കാലംകുന്ന്റോഡ്	0.7	ഒരെണ്ണം	
			ചെമ്പത്തപടി —		കോളനി	1.00				
	മുണ്ടോക്കാട്— പരതക്കാട്	1.00	വീരമംഗലം	1.60			കൈതക്കുളം—			
			ആറാശ്ശേരി _ ഇടത്തറ— പൂതക്കാട്	2.00	മൂന്നുമൂർത്തിക്ഷേത്രം റോഡ്	0.65	ആറാശ്ശേരി	1.5		
4	പഞ്ചായത്ത് ഓഫീസ് മുല്ലശ്ശേരിക്കുണ്ട്	1.00	കാട്ടിങ്ങൽ കയറ്റം —							
			ഹൈസ്ക്കൂൾ	1.00	തുക്കടീരി—					
			അംഗൻവാടി റോഡ്	1.10	വീരമംഗലം—		ആലിക്കൽപടിറോഡ്		2	
			വാണിയങ്കാവ് —		മാങ്ങോട്		കയറ്റം കുറക്കലും മറ്റും	1.5		
			ഡിസ്പൻസറി	1.15	(റീടാറിംഗ്)	4.50				
5			കുറ്റിക്കോട് കോളനി—							
			ചെമ്പൻകോളനി	2.50						
			മൂപ്പൻതെരുവ് —							
			അംഗൻവാടി റോഡ്	1.60						
			ആലിക്കൽപ്പടി—						ഒരെണ്ണം	
			അംഗൻവാടി റോഡ്	1.10						
			കുറ്റിക്കോട് സെൻറർ—							
			ആറ്റംകുന്നത്തുകാവ്	2.25						
6	പണിക്കരതൊടി—									
	അമ്പലറോഡ്	1.15	ചളവറ-വെള്ളാട്ടപറമ്പ്-		എൽ. പി. സ്കൂൾ—		മാട്ടമ്മൽ കോളനിറോഡ്			
	കുന്നത്തുതൊടികോളനി	0.60	കുറ്റിക്കോട്	2.00	തരുവക്കോണംറോഡ്	3.10	(ഫോറസ്റ്റ് അധികൃതരുമായുള്ള തർക്കം പരിഹരിക്കണം)	1,60	ഒരെണ്ണം	
	പടിഞ്ഞാക്കരകോളനി	0.50								

ഗതാഗതത്തോടനുബന്ധിച്ചുള്ള പുതിയ ആവശ്യങ്ങൾ (ഗ്രാമസഭകളിൽ നിന്നുള്ളത്) തുടർച്ച

വാർഡ്	നടപ്പാത/ഇടവഴി	കി.മീ.	പുതിയ റോഡുകൾ	കി.മീ.	ടാറിങ്ങ്	കി.മീ.	അറകുറപണി	കി.മീ.	മെയിന്റനൻസ് കൂടി	പാലം
7	G. L. P. സ്കൂളിലേക്കുള്ളവഴിയെന്നനിലക്ക് കുഴിക്കാട്ടുകുഴി കനാൽ വരമ്പ്തുറന്ന് നടപ്പാതയാക്കണം. സുബ്രഹ്മണ്യം — കോവിൽഇടവഴി	0.60 0.30	ഉങ്ങിൻതറ G. L. P. സ്കൂൾറോഡ് ഉങ്ങിൻതറ—പള്ളി—നറുക്കഞ്ചിറ G. L. P. സ്കൂൾ—പൂഴിക്കുന്ന് റോഡ് ഉങ്ങിൻതറ—കോളനി	0.0 0.70 1.00 0.40	അടാതോട്—വെട്ട്യാറ കുറിക്കോട്—ഉങ്ങിൻതറ	1.10 2.00	ഉങ്ങിൻതറ—വാച്ചാകര—മണ്ണുംകുഴി വാച്ചാക്കര—പടിഞ്ഞാറെമണ്ണുംകുഴി കാളിപറമ്പതൊടി—പാലപ്പൊറ	1.50 1.10 0.90	ഒരെണ്ണം	ഒരെണ്ണം (ഓവുപാലം)
8	അഴിക്കാട്ടിൽ—കരിമ്പൻചോല മണലേരി-പൂന്തൂർമല വെട്ട്യാറ-ലക്ഷംവീട് പാലം—കാക്കശ്ശേരി ശിവക്ഷേത്രം	0.80 0.90 0.90 0.50	വരിക്കോട്ടുപടി—പന്തലുംകുന്ന് വീരമംഗലം—പൂക്കോട്ടുകാവ് വീരമംഗലം—ചിറ—പൂതക്കാട് ഒഴുപാറതോട്—കൊട്ടിൽപ്പുറം പൂന്തൂർമല—ഹൈസ്കൂൾറോഡ്	2.10 4.00 0.80 2.00 1.60	വീരമംഗലം—ഉങ്ങിൻതറ—മയ്യത്തുംകര കാക്കാതോടിനു സമീപം	3.50 0.80	(കാക്കാതോടിനു തെക്കുഭാഗത്ത് ഓവിട്ടു മൂടണം.) വീരമംഗലംപള്ളി—ഉങ്ങിൻതറ	0.95		ഒരെണ്ണം (ഓവുപാലം)
9	അടക്കാപുത്തൂരിൽനിന്നും പടിഞ്ഞാറോട്ടുള്ളത്	2.60	അയ്യപ്പൻകാവ്—വെള്ളിനേഴിറോഡ് കാടമ്പറമന—ചമ്മനൂർറോഡ് ചമ്മനൂരിൽനിന്നും പടിഞ്ഞാറോട്ട് പൂതക്കാട്-എണ്ണക്കണ്ടം-ആറാശ്ശേരി മദ്രസ്സ—പൂക്കോട്ടുകാവ് റോഡ് ചമ്മനൂർലക്ഷംവീട് അടക്കാപുത്തൂർ	1.50 1.10 1.00 2.00 3.00 1.60			സ്കൂൾ മുതൽ പാടംവരെ മനപ്പടി—പാമ്പൻകാവ് റോഡ്	1.50 0.65		ഒരെണ്ണം
10	സ്കൂളിനുപിന്നിലൂടെ പാടത്തേക്കുള്ളഇടവഴി	0.60	ചമ്മനൂർ—ഞാളാംകുർശ്ശി മാങ്ങോട്സ്കൂൾ—കുറവൻകുന്ന്-ചേലനാട് ബാങ്ക്കിഴക്കുവശം—പൂതക്കാട് ശങ്കുമേയനടത്തുകോളനി	1.50 1.60 2.00 1.50	P. W. P. റോഡിലെ അറകുറപണി തീർക്കണം	0.50	മില്ലുംപടി-മാണിതൊടി (ഇത് ഏഴാംവാർഡിലെ കാക്കുറുശ്ശിയുമായി പാലം കെട്ടി ബന്ധിപ്പിക്കണം)		ഒരെണ്ണം	ഒരെണ്ണം
	ആകെ	13.8		50.70		24.45		15.47	8	9

സാദ്ധ്യതകളും നിർദ്ദേശങ്ങളും:

1. ഉംനാടുകളെ മുഖ്യ റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കേണ്ടതാണ്. ഇതിന് പരമാവധി സന്നദ്ധ പ്രവർത്തനം ഉപയുക്തമാക്കാം.

2. എല്ലാ റോഡിനേറയും ഇരുവശവും ഓടകളും ഉണ്ടാക്കണം. സന്നദ്ധപ്രവർത്തനം ലഭ്യമാക്കണം.

3. പഞ്ചായത്തു വകയായി ഒരു ആംബുലൻസ് വണ്ടി ഉണ്ടാക്കണം.

4. നിർത്തലാക്കിയ എല്ലാ K S R T C ബസ്സുകളും പുന:രാരംഭിക്കുക.

5. ടാർ ചെയ്ത റോഡുകളുള്ള വീരമംഗലം, കിഴൂർ, തരുവക്കോണം എന്നീ സ്ഥലങ്ങളെ തൃക്കടീരി സെൻററുമായി ബന്ധിപ്പിക്കും വിധം ബസ് സർവ്വീസുകളും തുടങ്ങണം.

6. തൃക്കടീരിയിൽ നിന്നും മുന്നൂർക്കോട് വഴി പൂക്കോട്ടുകാവ് ഭാഗത്തേക്ക് കൂടുതൽ ബസ്സുകളും വേണം.

7. ചെർപ്പുളശ്ശേരി, ഷൊർണ്ണൂർ, ഒറപ്പാലം, എന്നിവിടങ്ങളിലേക്ക് ചുരുങ്ങിയ തോതിൽ രാത്രികാല ബസ് സർവീസുകളും വേണം

8. പെട്ടെന്നുള്ള തിരിവുകളിലും സ്കൂളുകൾക്കു സമീപവും നിർബന്ധമായും സൂചനാപോസ്റ്റുകളും (Sign Posts) സ്ഥാപിക്കണം.

9. സ്കൂളുകൾക്കു സമീപവും തിരക്കേറിയ കേന്ദ്രങ്ങളിലും പ്രധാന റോഡുകൾക്ക് കുറുകെ 'നടവഴി' അടയാളപ്പെടുത്തിയിരിക്കണം.

10. വളർത്തു മൃഗങ്ങളെ റോഡിലൂടെ അലഞ്ഞു നടക്കുവാൻ അനുവദിക്കാതിരിക്കുക.

11. റോഡ് വശങ്ങളിൽ കല്ല്, മണൽ, മെറ്റൽ എന്നിവ കൂനകൂട്ടിയിടുന്നത് തടയുക.

12. സന്നദ്ധ സംഘടനകളും നിർമ്മിക്കുന്ന താല്കാലിക വെയിറ്റിങ്ങ് ഷെഡുകളും നിലനിർത്തുന്നതിന് പഞ്ചായത്ത് അധികൃതർ മൻകൈ എടുത്ത് പ്രവർത്തിക്കണം.

13. തിരക്കുള്ള കേന്ദ്രങ്ങളിൽ തണ്ണീർ പന്തലുകളും സ്ഥാപിക്കുക.

14. പഞ്ചായത്തിനേറ പല പ്രദേശങ്ങളിലും വിശിഷ്യാ മാങ്ങോട് ഭാഗത്ത് റോഡരുകിൽ ഉയർന്നുനിൽക്കുന്ന പഴയതും ദുർബലമായതുമായ പടമരങ്ങളും മുഴുവനായോ ശാഖകളായോ മുറിച്ചു മാറണം.

നവംബർ ഒന്നിനേറ പുനരർപ്പണ ദിനത്തിൽ താഴെപറയുന്ന പതിനൊന്ന് റൂറൽ റോഡുകളുടെ നിർമ്മാണം ജന പങ്കാളിത്തത്തോടെ ഏറെറടുത്തിട്ടുണ്ട്.

1. കിഴൂർ പരുത്തിപറമ്പ് മുതൽ ചുണ്ടേങ്ങാട് കോളനി വരെ.

2. ആശാരിക്കുന്ന് മുതൽ ആറാശേരിവരെ.

3. ഡിസ്പൻസറി മുതൽ വാണിയങ്കാവ് വരെ.

4. തരുവക്കോണം മദ്രസ്സപ്പടി മുതൽ കുറിക്കോട് ചീരംകുളം വരെ.

5. കുറിക്കോട് പള്ളി മുതൽ പാട്ടത്തൊടി ഭാഗം വരെ.

6. പടിഞ്ഞാറെ മണ്ണുംകുഴി മുതൽ കാളിപാമ്പുതൊടി.

7. കുലുക്കുംപാറ റോഡ്.

8. അടക്കാപുത്തൂർ മുതൽ പൂതക്കാട്വരെ.

9 പൂതക്കാട് മുതൽ കാട്ടുണ്ണി വരെ.

10. ശങ്കരംകണ്ടത്തുപടി മുതൽ ചെമ്പത്തുപടി വരെ.

11. മാങ്ങോട്—ഷാരുകോവിൽ റോഡ്.

ഇവയിൽ ഏറിയപങ്കും കൃഷിസ്ഥലങ്ങളിലേക്ക് ട്രാക്ടർ തുടങ്ങിയ ആധുനിക കൃഷിയന്ത്രങ്ങളിറക്കാൻ സൗകര്യപ്പെടുന്ന റാമ്പുകളുംപ്പെടുന്ന നാടൻ റോഡുകളാണ്.

പൊതു നിർദ്ദേശങ്ങൾ:

1. തൃക്കടീരി–കിഴൂർ റോഡ്, തൃക്കടീരി—തരുവക്കോണം, തൃക്കടീരി–കരിയാംമുട്ടി, തൃക്കടീരി–ആറാശ്ശേരി, ആറാശ്ശേരി–പൂതക്കാട്, തൃക്കടീരി–മാങ്ങോട്, കുറിക്കോട്–ഉങ്ങിൻതറ, അടാത്തോട്—വീരമംഗലം, വീരമംഗലം—പാലപ്പുറം. വീരമംഗലം–പടിഞ്ഞാറമണ്ണുങ്കുഴി, തൃക്കടീരി—ചെമ്പൻകുന്ന്, കുറിക്കോട് സെൻറർ—കാരാട്ടുകുറുശ്ശി, ആറംകുന്നത്തുകാവ്–കാരാട്ടുകുറുശ്ശി സ്കൂൾ, പള്ളിപ്പടി—പൂതക്കാട്, കിഴൂർസ്കൂൾ-കാളികാവ്, തൃക്കടീരി—കൈതക്കുളം റോഡ്—ഇതുപോലെ പ്രധാന റോഡുകളും ഓരോ വർഷവും അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുക.

2. ഈ റോഡുകളുടെ വശങ്ങളിൽ വെള്ളച്ചാലുകളും സ്ഥിരമായി സംരക്ഷിക്കുക.

3. കിഴൂരിനെ ഒറപ്പാലവുമായും പട്ടാമ്പിയുമായും ബന്ധിപ്പിക്കുന്ന ബസ്റൂട്ട്, ഒറപ്പാലത്തുനിന്ന് തരുവക്കോണം, ചളവറ വഴി പട്ടാമ്പിയിലേക്കും ചളവറ–തരുവക്കോണംവഴി ഒറപ്പാലം, വീരമംഗലം-ഒറപ്പാലം, വീരമംഗലം-മുണ്ടത്തുംകര-പട്ടാമ്പി, ചെർപ്പുളശ്ശേരിയിൽനിന്ന് തൃക്കടീരി–ആറാംശ്ശേരി വഴി ഒറപ്പാലത്തേക്ക് എന്നീ ബസ് റൂട്ടുകളും ഏർപ്പെടുത്തുക.

4. തൃക്കടീരിപഞ്ചായത്ത്, തൃക്കടീരി സെൻറർ, ഡിസ്പെൻസറിക്കുസമീപം, ഹൈസ്ക്കൂളിനു സമീപം, കുററിക്കോട് സെൻറർ, ആറംകുന്നത്തുകാവ്, മാങ്ങോട്—മില്ലുംപടി, മാങ്ങോട് ജംങ്ഷൻ, കിഴൂർ പരുത്തിപറമ്പ്, തരുവക്കോണം, വീരമംഗലം സ്ക്കൂളിനുസമീപം, ആറാംശ്ശേരി എന്നിവിടങ്ങളിൽ വെയ്റ്റിങ്ങ് ഷെഡ് നിർമ്മിക്കുക.

5. പ്രധാന കേന്ദ്രങ്ങളിൽ ഓട്ടോ–ടാക്സി–ജീപ്പ് പാർക്കിങ്ങ് ഷെൽട്ടറുകളും ഉണ്ടാക്കുക.

6 ബ്ലോക് പഞ്ചായത്തിൻെറ നിയന്ത്രണത്തിൽ ബ്ലോക്കിലുൾപ്പെടുന്ന പ്രധാന പഞ്ചായത്തു കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സർക്കുലർ മിനി ബസ്സർവ്വീസുകളും ഏർപ്പെടുത്തുക.

7 സ്വകാര്യ ജീപ്പുകളെ ഉപയോഗിച്ചുകൊണ്ട്, പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളിലേക്ക് സമയബന്ധിതമായും സ്ഥിരമായും ടാക്സി സർവ്വീസ് നടത്താൻ കഴിയും വിധം സ്വകാര്യ ജീപ്പുടമകൾക്ക് വാർഷിക—അർദ്ധവാർഷിക ലൈസൻസ് നൽകാൻ പഞ്ചായത്തുകളും മുൻകൈയെടുക്കുക.

ഊർജ്ജം:

കളപ്പുള്ളിയിലുള്ള 110 K. V. സബ്സ്റേഷനിൽ നിന്നാണ് തൃക്കടീരി ഗ്രാമ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത്. കാററിൽ നിന്നും വൈദ്യുതി എടുക്കുവാനുള്ള സൗകര്യം കിഴൂർ ഭാഗത്ത് ഉണ്ടായിരുന്നു. സാങ്കേതിക കാരണങ്ങളാൽ ഇപ്പോൾ പ്രവർത്തനക്ഷമമല്ല. പഞ്ചായത്തിലെ മുഖ്യ ഊർജ്ജ ഉപാധി വിദ്യുത്ശക്തി തന്നെയാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ചില പ്രദശങ്ങളിൽ ഇനിയും എത്തേണ്ടതുണ്ട്. പഞ്ചായത്ത് ഭാഗത്തേക്കുള്ള വൈദ്യുതി വിതരണത്തിൻെറ നിയന്ത്രണം ചെർപ്പുളശ്ശേരി ഗ്രാമ പഞ്ചായത്തിലുള്ള ഇലക്ട്രിക്കൽ മേജർ സെക്ഷൻ കാര്യാലയത്തിനാണ്. പഞ്ചായത്തിൽ ആകെയുള്ള വൈദ്യുതി ലൈനിൻെറനീളം 29 കിലോമീററാണ്. റീലൈനിങ്ങ് നടത്തുന്നപക്ഷം ഈ ദൈർഘ്യം കുറക്കാവുന്നതാണ്.

1785 വൈദ്യുതി ഉപഭോക്താക്കളാണ് ഈ പഞ്ചായത്തിലുള്ളത്. ഉപഭോക്താക്കളിൽ 82 ശതമാനവും (1475) ഗാർഹിക ഉപഭോക്താക്കളാണ്. മററ് ഉപഭോക്താക്കളും 310 ഉം ആണ്.

പട്ടിക 1.1.
ട്രാൻസ്ഫോർമറുകൾ സംബന്ധിച്ച വിവരങ്ങൾ

	ട്രാൻസ്ഫോർമർ	കൺസ്യൂമർ എണ്ണം
1	പൂതക്കാട്	60
2	തരുവക്കോണം	100
3	തൃക്കടീരി	310
4	കിഴൂർ	150
5	വീരമംഗലം	225
6	കാരാട്ടുകുറുശ്ശി	220
7	എലിയപ്പററ	105
8	കുററിക്കോട്	115
9	ചക്കരത്തുമല	190
	ആകെ	1475

പട്ടിക 1.2.

ഇൻഡസ്ട്രിയൽ കണക്ഷൻ	25 Nos.
അഗ്രികൾച്ചറൽ കണക്ഷൻ	135 Nos.
കമേഴ്സ്യൽ കണക്ഷൻ	150 Nos.
ആകെ	310

വോൾട്ടേജ്ക്ഷാമം ഈ പ്രദേശത്ത് ഏറെ രൂക്ഷമാണ്. പൂതക്കാട്, തരുവക്കോണം, തൃക്കടീരി, കിഴൂർ, വീരമംഗലം, കാരാട്ടുകുറുശ്ശി, എലിയപ്പററ, (മരമില്ല് ഭാഗം), കുററിക്കോട്, ചക്കരത്തുമല എന്നിവിടങ്ങളിലായി 9ഇലക്ട്രിക് ട്രാൻസ്ഫോർമർ ഇവിടെയുണ്ട്. ഇവയിൽ പലതും അധികഭാരം വഹിക്കുന്നവയാണ്. ഇതുതന്നെയാണ് ഈ പ്രദേശത്തെ കുറഞ്ഞ വോൾട്ടേജിനുള്ള മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

പഞ്ചായത്തിലുടനീളം 201 സ്ട്രീററ് ലൈററുകളാണ് ഉള്ളത്. ഇതിൽ 185 എണ്ണം സാധാരണ ബൾബും 16 എണ്ണം സോഡിയം വേപ്പർലാമ്പുമാണ്. മിക്കതെരുവു വിളക്കുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

പട്ടിക 1.3.
തെരുവു വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ
Ref. A IV, T.

വാർഡ്	വിളക്കുകളുടെ എണ്ണം			മറ്റുള്ളവ	ആകെ
	വേപ്പർ ലാമ്പ്	ഫ്ളൂറസെന്റ് ട്യൂബ്	ബൾബ്		
1	2				2
2 3 4	8				8
5	1				1
6	—				
7	2				2
8	1				1
9	1				1
10	1				1
				185	
	16		185		201

ചൂണ്ടേങ്ങോട്, ഊരത്തൊടിപറമ്പ്, പരത്തിപ്പറമ്പ്, കരിയാട്ടിൽ, പത്തായപ്പുര, മാട്ടുമ്മൽ എന്നീ 6കോളനികളിലായി 66വീടുകൾക്ക് കണക്ഷൻ കിട്ടി. കുണ്ടൻ പള്ള്യാൽ കണ്ണൻതൊടി പറമ്പ്, പടിഞ്ഞാറെകര പറമ്പ്, ശങ്കുതൊടി, കിളിയംപാറ, തലാപ്പുള്ളി തുടങ്ങിയ പട്ടികജാതി കോളനികൾക്ക്കൂടി കണക്ഷൻ കിട്ടാനുണ്ട്.

പട്ടിക 1.4.
വൈദ്യുതീകരിച്ച കോളനികൾ

1	കിളിയംപാറ കോളനി
2	മാട്ടുമ്മൽതൊടി കോളനി
3	ശങ്കുതൊടി കോളനി
4	പടിഞ്ഞാക്കര പറമ്പ് കോളനി
5	കുണ്ടംപള്ളിയാലിൽ I. H. D. P. കോളനി
6	തലാപ്പുള്ളി I. H. D. P. കോളനി
7	കരിയാട്ടിൽ ചാള കോളനി
8	കണ്ണംതൊടി പറമ്പ് കോളനി
9	ചുണ്ടൻകാട്ട് കോളനി
10	ഊരത്തൊടിപറമ്പ് കോളനി
11	കുറുവിക്കോട് കോളനി
12	പരത്തിപറമ്പ് കോളനി

പട്ടിക 1.5.
8-ാം പദ്ധതികാലത്ത് നടപ്പാക്കിയ വികസനങ്ങൾ

1	ഗാർഹിക കണക്ഷൻ	355 Nos.
2	കമേഴ്സ്യൽ കണക്ഷൻ	15 Nos.
3	അഗ്രികൾച്ചറൽ കണക്ഷൻ	37 Nos.
4	ഇൻഡസ്ട്രിയൽസ് കണക്ഷൻ	4 Nos.
	ആകെ	411

പട്ടിക 1.6.

5	സ്ട്രീറ്റ് ലൈറ്റ്	52
6	ട്രാൻസ്ഫോർമർ	—
7	11 K V ലൈൻ	—
8	L T C സിംഗിൾ ഫെയ്സ് ലൈനും സ്ട്രീറ്റ് മെയിൻലൈനും ഉള്ളത്	2 k.m.
9	L T C സിംഗിൾഫെയ്സ് ലൈൻ	6.09 k.m.
10	L T C ത്രീ ഫെയ്സ് ലൈൻ സ്ട്രീറ്റ് മെയിൻ ലൈൻ കൂടിയത്	1.0 k.m.
11	L T C ത്രീ ഫെയ്സ് ലൈൻ	2.10 k.m.
12	H. T. കണക്ഷൻ	—

വൈദ്യുതോർജ്ജത്തിന്നുപുറമെ ഗോബർ ഗ്യാസ് സിലിണ്ടർഗ്യാസ്, മണ്ണെണ്ണ, വിറക്, മരപൊടി, കരി തുടങ്ങിയവയും ചുരുങ്ങിയ തോതിൽ ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിൽ ആകെ 8 വീടുകളിൽ ഗോബർഗ്യാസ് ഉല്പാദിപ്പിക്കുന്നുണ്ട്. 122 വീടുകളിൽ സിലിണ്ടർഗ്യാസ് ഉപയോഗിക്കുന്നു. ഇതിൽ ഭൂരിഭാഗവും പൊതുമേഖലയിൽ നിന്നും വിതരണം ചെയ്യപ്പെടുന്നതാണ്.

പാചക ആവശ്യത്തിന് വിറകു ഉപയോഗിച്ചുള്ള പുകയില്ലാത്ത അടുപ്പുകളും നിലവിലുണ്ട്. കേവലം 108 വീടുകളിലാണ് ഇതു ഫലപ്രദമായി ഉപയോഗിക്കുന്നത്.

പ്രശ്നങ്ങൾ:

1 നിലവിലുള്ള ട്രാൻസ്ഫോർമറുകൾ അധികഭാരം വഹിക്കുന്നു എന്നത് ഗുരുതരമായ ഒരു പ്രശ്നമാണ്. ഇതിന്റെ വോൾട്ടേജ് കുഷ്യാമം) താഴെ പറയുന്ന സ്ഥലങ്ങളിൽ അനുഭവപ്പെടുന്നു.

(1) കിഴൂർ പ്രദേശം
(2) കരിയാമുട്ടി പ്രദേശം
(3) കിഴൂർറോഡ് കല്പാലം പ്രദേശം

(4) വാർഡ്–3ൽ

(5) കണ്ണൻതൊടി കോളനി സമീപം

(6) വീരമംഗലം ജുമാമസ്ജിദിന്നു സമീപം

(7) മാങ്ങോട്—വീരമംഗലം റോഡിനു സമീപം

(8) ചെമ്പൻകുന്ന് കോളനി

II അശാസ്ത്രീയമായ വൈദ്യുതി മീറ്റർ റീഡിങ്ങ് ഉപയോഗിക്കാത്ത കറണ്ടിന്നുകൂടി ചാർജ്ജ് അടക്കേണ്ടുന്ന ദുരിയോഗം ഉണ്ടാക്കുന്നു.

III വൈദ്യുതി ലൈനുകളുടെ റീലൈനിങ്ങ് ഇല്ലായ്മ.

IV പരമ്പരാഗത രീതിയിലുള്ള അട്ടപ്പുകയം ഉപയോഗിക്കുന്നവർക്ക് പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം ദുഷ്കരമാണ്.

V താഴെ പറയുന്ന ഉൾപ്രദേശങ്ങളിൽ വൈദ്യുതി വിതരണം ഇല്ലായ്മ.

വാർഡ്	പ്രദേശം
1	ആലിക്കുണ്ട്, പൂക്കുന്നി
2	ആശാരികുന്ന്, കിഴൂർറോഡു മുതൽ കനാൽ പാലം വരെ.
3	ചക്കാലൻകുന്ന്, വടക്കെപള്ളി മുതൽ ആറാശ്ശേരി ജുമാമസ്ജിദ് വരെ.
4	വാണിയംകാവ് പ്രദേശം.
5	ചെമ്പൻകുന്നു കോളനി, പത്തായപ്പുര കോളനി, ആലിക്കൽപടിയിൽനിന്ന് കിഴൂർറോഡിലേക്കുള്ള ലൈൻ പൂർണ്ണമാക്കുക
6	കുന്നത്തൊടി കോളനി
7	വാച്ചാക്കര, പടിഞ്ഞാറെമണ്ണുംകുഴി ചടച്ചി, പാലപ്പുറ, കിഴക്കെമണ്ണുംകുഴി
8	പൂന്തൂർമല പ്രദേശം, അഴകത്തുചിറ പ്രദേശം, കൊട്ടിലിങ്ങൽ
9	കാട്ടുന്നിയിൽ പ്രദേശം, പെന്നാറഭാഗം
10	മാണിതൊടി കോളനി, ലക്ഷംവീട്

ഗ്രാമസഭാ ചർച്ചകളിൽ നിന്ന്:

1. കോഹൻ ഡിപ്പോസിറ്റ് (C. D.) ഒടുക്കിയ അപേക്ഷകർക്ക് കാർഷിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ അടിയന്തിരമായി നൽകുക.

2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് താഴെ കാണിക്കുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

a കിഴൂർ സ്കൂളിന് സമീപം

b കരിയാമുട്ടി പ്രദേശം

c കിഴൂർറോഡ് കൽപാലത്തിന് സമീപം

d മൂന്നാം വാർഡ് സെൻറിൽ

e കണ്ണംതൊടികോളനിയിൽ

f വീരമംഗലം ജുമാമസ്ജിദിന് സമീപം

g മാങ്ങോട് സ്കൂളിന് സമീപം

h ചെമ്പൻകുന്ന് കോളനിയിൽ

3. നിലവിലുള്ള ലൈനുകളെറീലൈനിംഗ് നടത്തി ലൈൻ ദൈർഘ്യം കുറക്കുക.

4. മുകളിൽ പ്രശ്നം നമ്പർ V ൽ പറഞ്ഞിട്ടുള്ള സ്ഥലങ്ങളിലേക്ക് വൈദ്യുതി എത്തിക്കുക.

5. സ്റ്റെപ്അപ് ഉപയോഗിച്ച് വോൾട്ടേജ് കൂട്ടുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക.

6. മീറ്റർ റീഡിംഗ് സമ്പ്രദായം ശാസ്ത്രീയമാക്കുക.

7. ഹൈസ്കൂളിലേക്ക് വൈദ്യുതി എത്തിക്കുക.

8. വയറിംഗ് പൂർത്തീകരിച്ച വീരമംഗലം G. L. P. സ്കൂളിലേക്ക് വൈദ്യുതി എത്തിക്കുക.

9. കിഴൂർ മലയിൽ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാം.

വാർഡ്	ബയംബ്/ട്യൂബ്	എണ്ണം	സോഡിയം വെപ്പർലാമ്പ്	എണ്ണം
1	ആലിക്കുണ്ട് കോളനിയിൽ	5	പണിക്കർ കുന്നത്ത്	1
2	കിഴർറോഡ് കരിയാമുട്ടി റോഡ്	12	കരിയാമുട്ടി പള്ളിക്കുസമീപം ആശാരികുന്ന്	2
3	മുതലിയാർ സ്ട്രീറ്റ്-ആറാശ്ശേരി	9	മൂന്ന്മൂർത്തിക ക്ഷേത്രം തിരുവളയനാട്കാവ് കൈതക്കുളം റോഡ് തുടക്കം മുണ്ടേക്കോട്ട് കോളനി	4
4	തൃക്കടീരി—ആലിക്കൽപടി. ഡിസ്പെൻസറി to ചെമ്പൻകുന്ന്.	8 6	കാട്ടുങ്ങൽകയറ്റം (ഹൈസ്ക്കൂൾ)	1
5	ആലിക്കൽപടി—ചീരംകളം റോഡ് കാട്ടുങ്ങൽ കയറ്റം—പമ്പിംഗ് സ്റ്റേഷൻ	5 6	ആലിക്കൽപടി ഹരിജൻ കോളനി	2
6	ആറംകുന്നത്ത് കാവ്—മില്ല്	8	ആറംകുന്നത്ത്കാവ് മില്ലുംപടി	2
7	ഉങ്ങിൻതറ—G. L. P. സ്ക്കൂൾ കാളിപാമ്പ് തൊടി—പാലപ്പൊറ	3 12	കിഴക്കേ ഉങ്ങിൻതറ I. H D. P. കോളനി ജി. എൽ. പി. സ്ക്കൂളിന് സമീപം അടാക്കുളം	5
8	ജുമാമസ്ജിദ്—ആഴത്തിച്ചിറ കുണ്ടംപള്ളിയാൽ—മണലേരി വെട്ടിയാറ—ലക്ഷംവീട്	6 10 6	ജുമാമസ്ജിദ് കാക്കുർശി ശിവക്ഷേത്രം ആഴത്തിച്ചിറ	3
9	ചമ്മന്നൂർ—പൂതക്കാട് മദ്രസ്സ കണാവ്—കൊട്ടുന്നി	6 5	കണാവ്	1
10	26 മുതൽ വെള്ളിനേഴി റോഡ് വരെ	6	മില്ലുംപടി വീരമംഗലം റോഡ് ബാങ്ക്പടി	3
	ആകെ	113		24

പൊതു നിർദ്ദേശങ്ങൾ:

1. കിഴൂർ സ്ക്കൂൾ, കിഴൂർ പണിക്കരുകുന്ന്, കരിയാംമുട്ടി, ചെമ്പൻകുന്നു കോളനി, കാരാട്ടുകുറുശ്ശി ശിവക്ഷേത്രം, കോട്ടപ്പുറം, പുളിക്കപ്പറമ്പ്, തിരുവിളയനാട്കാവ്, തലാപ്പുള്ളി, വീരമംഗലം ജുമാമസ്ജിദ് എന്നീ കേന്ദ്രങ്ങളിൽ ട്രാൻസ്ഫോമർ സ്ഥാപിക്കുക.

2. നിലവിലുള്ള വൈദ്യുത ലൈനിൽ റീ ലൈനിംഗ് നടത്തുക.

3. പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി ഉപയോഗിക്കാൻ വേണ്ട ആസൂത്രണ പദ്ധതി തയ്യാറാക്കുക.

4. പ്രധാന കൃഷിക്കാരെ സംഘടിപ്പിച്ചു കൊണ്ട് ഗോബർ ഗ്യാസ് പ്ലാൻറുകളുടെ ഒരു ശൃംഖല സ്ഥാപിക്കുക.

5. തരിശ്ശു പ്രദേശത്ത് വിറകിനുവേണ്ടിയുള്ള പടുമരങ്ങൾ വെച്ചു പിടിപ്പിക്കുന്ന ഒരു ബൃഹത് പരിപാടി നടപ്പാക്കുക.

6. ഉമി, ചാണകം, എന്നിവ ഉപയോഗിച്ച് ഇന്ധനം നിർമ്മിക്കാനുള്ള കേന്ദ്രങ്ങൾ തുടങ്ങുക.

മാർക്കറ്റ്



നെല്ല്, നാളികേരം, നേന്ത്രക്കായ, കശുവണ്ടി, അടക്ക, പൂളി, കിഴങ്ങുവർഗ്ഗങ്ങൾ, ഇഞ്ചി, ചേന, പൂള എന്നിവയാണ് ഇവിടത്തെ പ്രധാന കാർഷിക വിഭവങ്ങൾ. ഇവ വിപണനം ചെയ്യുവാനുള്ള ആസൂത്രിത സൗകര്യങ്ങൾ തൃക്കടീരിയിൽ തീരെയില്ല എന്നതന്നെ പറയാം. പ്രാദേശിക ചെറുകിട കച്ചവടക്കാരുടെ അദൃശ്യമായ ചൂഷണം ഈ രംഗത്ത് വളരെ ഗൗരവമേറിയ പ്രശ്നമാണ്.

തൊട്ട പഞ്ചായത്തായ അനങ്ങന്നടിയിൽ വ്യാഴാഴ്ചതോറും പ്രവർത്തിച്ചിരുന്ന 'ഗ്രാമച്ചന്ത' ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ചെർപ്പുളശ്ശേരി, ഒറ്റപ്പാലം, എന്നീ ചെറുപട്ടണങ്ങളിൽ പ്രവർത്തിച്ചിരുന്ന നാടൻചന്തകളും ഇപ്പോൾ വളരെയേറെ രൂപഭേദം വന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ തൃക്കടീരിയിലെ കാർഷിക വിഭവങ്ങൾ ഏറിയ പങ്കും നാട്ടിലുള്ള ചെറുകിട ഏജൻറുമാർ ശേഖരിച്ച് പാലക്കാട്ടങ്ങാടിയിൽ എത്തിച്ചു വിൽക്കുന്ന സമ്പ്രദായമാണ് നിലനിൽക്കുന്നത്. ഇഞ്ചി, ചേന, മാങ്ങ, കുരുമുളക്, മാങ്ങെഞ്ചി, മഞ്ഞൾ മുതലായ വിഭവങ്ങൾ ചെറുകിട കച്ചവട ഏജൻറുമാരുടെ പല തട്ടുകളിലൂടെ കടന്നാണ് മാർക്കറ്റിൽ എത്തുന്നത്. ഇതുമൂലം യഥാർത്ഥ ഉൽപാദകന് കിട്ടുന്നതിനേക്കാൾ ഇരട്ടിയോളം സംഖ്യ പല തട്ടുകളിലായുള്ള ഏജൻറുമാരുടെ പോക്കറ്റുകളിലേക്കായി പോകുന്നുണ്ട്. ഉൽപാദന സമയത്ത് നിശ്ചിതമായിരിക്കുന്ന ഈ ഏജൻറ് ശൃംഖല വിളവെടുപ്പ് സമയം മുതൽ സജീവമാകുകയും ഉൽപാദകന് കിട്ടേണ്ടുന്ന വരുമാനത്തിൻറെ സിംഹഭാഗം സ്വായത്തമാക്കുകയും ചെയ്യും. ഈ പ്രവണതക്ക് വിരാമമിട്ടുകൊണ്ട് കാർഷിക വിഭവങ്ങൾ ശേഖരിക്കുവാനും വിപണനം ചെയ്യുവാനും ഒരാസൂത്രിത സംവിധാനമുണ്ടാക്കിയാൽ മേൽപറഞ്ഞ പല രംഗങ്ങളിലേയും കൃഷി ഇന്നുള്ളതിനേക്കാൾ എത്രയോ ആദായകരമാക്കാവുന്നതാണ്.

സാദ്ധ്യതകളും പൊതു നിർദ്ദേശങ്ങളും:

1. കൃഷിക്കാരൻറെ ഉൽപന്നങ്ങൾ ശേഖരിക്കുകയും വിപണനം ചെയ്യാവുന്ന ഒരു മാർക്കറ്റിങ്ങ് സൊസൈറ്റി ഉണ്ടാക്കുക.

2. തൃക്കടീരി സെൻറർ, മാങ്ങോട് എന്നിവിടങ്ങളിൽ ആഴ്ചച്ചന്ത തുടങ്ങണം.

3. പൂളക്കിഴങ്ങ്, തേങ്ങ, നേന്ത്രക്കായ, എന്നിവ ഉപയോഗിച്ച് മറ്റു ഉൽപന്നങ്ങൾ ഉണ്ടാക്കാവുന്ന ചെറു സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കണം.

4. സഹകരണ അടിസ്ഥാനത്തിലോ, കൂട്ടു സംരംഭ (Partnership) വ്യവസ്ഥയിലോ ഇത്തരം യൂണിറ്റുകൾ തുടങ്ങാം.





പാർശ്വവൽകൃത സമൂഹം

പാർശ്വവൽകരണം:

നമ്മുടെ രാജ്യത്തെ പാർപ്പിട പ്രശ്നം വിലയിരുത്തുമ്പോൾ ഏതാണ്ട് നാല് കോടിയോളം കുടുംബങ്ങൾ വീടില്ലാത്തവരാണ് എന്ന് സ്ഥിരീകരിക്കപ്പെടുന്നു. കേരളത്തിലിത് താരതമ്യേന കുറവാണ്. ഇന്ത്യയിലാകെ 20% കുടുംബങ്ങളാണ് ഭവനരഹിതരായി ഉള്ളതെങ്കിൽ കേരളത്തിലിത് കേവലം 9% ആകുന്നു. തൃക്കടീരി പഞ്ചായത്തിനെ സംബന്ധിച്ച് പറയുമ്പോൾ ഭവനരഹിതരായ കുടുംബം 9.9 ശതമാനമാണ്.

പഞ്ചായത്ത് ഓഫീസിലെ ബിൽഡിംഗ് റജിസ്റ്റർ പ്രകാരം ആകെയുള്ള 5421 കെട്ടിടങ്ങളിൽ 5093 എണ്ണവും വീടുകളാണെന്ന് കാണാം. എന്നാൽ ഈയിടെ നടത്തിയ വിശേഷാൽ സർവ്വെ പ്രകാരം താമസത്തിനുപയോഗിക്കുന്ന വീടുകളുടെ എണ്ണം 5150 ആണെന്നു് അറിയുന്നു. അതായത് ഏകദേശം 57 വീടുകളം പണിപൂർത്തിയാക്കി താമസം തുടങ്ങിയവയാണെങ്കിലും അവക്ക് നമ്പർ അനുവദിക്കുകയോ അവയെ ഔദ്യോഗിക റെക്കാഡിൽ ഉൾപ്പെടുത്തുകയോ ചെത്തിട്ടില്ല. ഇതിൽ പലതരത്തിലുള്ള വീടുകളും ഉൾപ്പെടുന്നു.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽകൂടുതൽ നിലയുള്ളവയുടെ എണ്ണം	ഒരുനില കെട്ടിടങ്ങൾ			
			ടെറസ്സ്	ഓട്	ഓല	മറ്റുള്ളവ
ഒന്ന്	556	30	16	343	167	
രണ്ട്	674	80	37	370	179	8
മൂന്ന്	596	54	53	355	128	6
നാല്	656	51	50	430	124	1
അഞ്ച്	458	123	12	199	124	
ആറ്	450	113	15	241	79	2
ഏഴ്	569	91	14	378	86	
എട്ട്	490	123	5	237	125	
ഒമ്പത്	474	150	38	151	135	
പത്ത്	498	80	12	270	136	
ആകെ കെട്ടിടങ്ങൾ	5421	895	252	2974	1283	17
വീടുകളല്ലാത്തവ (—)	328	102	49	129	46	2
റിക്കാഡ് പ്രകാരമുള്ള വീടുകൾ	5093	793	203	2845	1237	15
നമ്പറിങ്ങ് നടന്നിട്ടില്ലാത്ത വീടുകൾ (അപൂർണ്ണം)	57	2	29	7	19	0
ആകെ വീടുകൾ	5150	795	232	2852	1256	15

1992-ൽ നടത്തപ്പെട്ട I R D P സർവ്വെ പ്രകാരം ദാരിദ്ര്യരേഖക്ക് (11000 രൂപക്ക് താഴെ വാർഷിക വരുമാനംഉള്ള കുടുംബം) താഴെയുള്ള ഭവനരഹിത കുടുംബങ്ങളുടെ എണ്ണം 478 ആണെന്ന് മനസ്സിലാകുന്നു. നടപ്പു പദ്ധതി കാലത്ത് കേവലം 88 വീടുകൾ ഇത്തരക്കാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. വീടില്ലാത്ത 182 മറ്റു കുടുംബങ്ങളും ഇവിടെയുണ്ട്. അപ്പോൾ പഞ്ചായത്തിൽ ഭവനരഹിതരായ മൊത്തം കുടുംബങ്ങളുടെ എണ്ണം (390 + 182) = 572 ആകുന്നു. ഇത്രയും വീടുകൾ ഒൻപതാം പദ്ധതി കാലത്ത് പണിയേണ്ടതുണ്ട്. ചുരുക്കി പറഞ്ഞാൽ ഒരു വർഷം തൃക്കടീരി ഗ്രാമ പഞ്ചായത്തിൽ ശരാശരി 115 വീടുകൾ നിർമ്മിക്കണം. ഇതിന്റെ സംസ്ഥാന ശരാശരി 125 വീടുകളാണ്.

തൃക്കടീരി പ്രദേശത്ത് ഭൂരിഭാഗം വീടുകളും പരമ്പരാഗത—തച്ചുശാസ്ത്ര വിദ്യപ്രകാരം പണിതവയാണ് പ്രാദേശികമായി ലഭ്യമുള്ള വെട്ടുകല്ല്, മണ്ണ്, മരം, ഇഷ്ടിക, മൺകട്ട, ഓട്, ഓല തുടങ്ങിയവ ഉപയോഗിച്ചാണ് മിക്ക വീടുകളും പണിതിട്ടുള്ളത്. അടുത്ത കാലത്തായി ഗൾഫു പണസ്വാധീനം, തടിയുടെ ലഭ്യതകുറവ്, കുത്തനെയുള്ള കൂലിവർദ്ധന മുതലായവ ഈ സമ്പ്രദായത്തിന് മാറ്റം വരുത്തിയിട്ടുണ്ട്. ഇപ്പോൾ പണിപൈയ്തുകൊണ്ടിരിക്കുന്നതിൽ 52 ശതമാനം

വീടുകളും കോൺക്രീറാ ആണ്. ടൈസ്സ് വീടുകളോടുള്ള അമിത താൽപര്യത്തിന്റെ ഫലമായി ഉപയോഗയോഗ്യമായ നല്ല വീടുകൾപോലും പൊളിച്ച് മാറ്റി പണിയുന്ന ഒരു സ്ഥിതിവിശേഷം ഇവിടെ നിലനിൽക്കുന്നു.

മിതവ്യയം, തുല്യത, പാരിസ്ഥിതികം(മൂന്ന് 'E'കളും എന്നറിയപ്പെടുന്ന Economy, Equity, Ecology) എന്നിവ മാനദണ്ഡമാക്കി വീടുകൾ പണിയുന്നതിന്ന് പകരം അവ സ്റ്റാറ്റസ് പ്രതീകമാക്കി മാറ്റുന്നതിലാണ് ഇവിടെയും പലർക്കും താൽപര്യം. ഈ പ്രവണത ജീവിതകാല സമ്പാദ്യം മുഴുവനും ആലങ്കാരിക മണിമാളികകൾ പണിയുന്നതിനായി ഇത്തരക്കാരെ നിർബന്ധിതമാക്കുന്നു. പലപ്പോഴും ഇത്തരം കെട്ടിടങ്ങൾ യഥോചിതം പരിപാലിക്കുന്നതിനും മറ്റും കഴിയാതെ ഇവർ വലിയ കടക്കെണിയിലേക്ക് സ്വയം വീഴുന്നുണ്ട്.

കൂട്ടുകുടുംബ സമ്പ്രദായം അവസാനിപ്പിച്ച് അച്ഛൻ, അമ്മ, കുട്ടി എന്ന ആശയമുള്ള 'ന്യൂക്ലിയർ' കുടുംബ വ്യവസ്ഥ വ്യാപകമാകുന്ന രീതി തൃക്കടീരിയിലും ഉണ്ട്. ഈ മാറ്റം പാർപ്പിടങ്ങളുടെ ആവശ്യകത കൂട്ടുകയും പഞ്ചായത്തു പ്രദേശത്തെ മുഴുവനായും ഒരു 'റെസിഡെൻഷ്യൽ ഏരിയ' ആക്കി മാറ്റുവാനും കാരണമാകുന്നു.

കഴിഞ്ഞ 15 വർഷത്തിന്നിടയിൽ വന്ന കൂലി വർദ്ധനയും വിലക്കയറ്റവും മറ്റും ജീവിതത്തിന്റെ തന്നെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നായ 'പാർപ്പിടം' സ്വായത്തമാക്കുന്നതിൽ ഇടത്തരക്കാരെ വെല്ലുവിളിക്കുന്നു.

വർദ്ധിച്ചുവരുന്ന കെട്ടിടനിർമ്മാണ പ്രക്രിയ നല്ലൊരു തൊഴിൽ മേഖലയായി വളർന്നിട്ടുണ്ട്. തൃക്കടീരിയിൽ ഏകദേശം 326 പേർ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നുണ്ട്. മുൻകാലങ്ങളിൽ ഇതൊരു പരമ്പരാഗത തൊഴിലായിരുന്നുവെങ്കിൽ ഇന്ന് കർഷകത്തൊഴിലാളികളും ഉൾപ്പെടെ നല്ലൊരു വിഭാഗം തൊഴിലാളികളും ഈ മേഖലയിലേക്ക് വന്നിട്ടുണ്ട്. കൂടുതൽ കൂലിയും തൊഴിലവസരവും ലഭിക്കുന്നതിനാലാണിത്. കെട്ടിടനിർമ്മാണത്ത നാവശ്യമുള്ള വെട്ടുകല്ല്, കരിങ്കല്ല്, ചെറൽ, ഇഷ്ടിക എന്നിവ ഇവിടെസുലഭമാണ്. മരം പുറുങ്ങിയ തോതിൽ ലഭിക്കുന്നു. വേനൽക്കാലങ്ങളിൽ മാത്രം നാടൻ ഇഷ്ടിക നിർമ്മാണം വൻതോതിൽ നടന്നുവരുന്നു. ഇഷ്ടിക നിർമ്മാണം നടത്തുന്ന രണ്ട് സ്ഥിരം സ്ഥാപനങ്ങളും തൃക്കടീരിയിലുണ്ട്. അവ കുറ്റിക്കോട് ഉള്ള കളിമൺ ഇഷ്ടിക നിർമ്മാണ കേന്ദ്രവും തൃക്കടീരിയിലെ പാടത്തെ സിമന്റുകൊണ്ടുള്ള പൊള്ള ഇഷ്ടിക നിർമ്മാണ കേന്ദ്രവുമാണ്. തൃക്കടീരിയിലേതിൽ മറ്റ് നിർമ്മാണ സാമഗ്രികളും ഉണ്ടാക്കുന്നുണ്ട്. ചിലർ വീട് നിർമ്മിക്കുന്നതിന് മൺകട്ടകളും സ്വയം നിർമ്മിക്കാറുണ്ട്. കളിമൺ, വെട്ടുകല്ല്, കരിങ്കല്ല് എന്നീ വ്യവസായങ്ങളും നല്ല രീതിയിൽ തൊഴിൽ പ്രദാനം ചെയ്യുന്ന മേഖലകളാണെങ്കിലും അമിതമായ പ്രകൃതി വിഭവ ചൂഷണം പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നു എന്ന് പറയാതെവയ്യ.

പഞ്ചായത്തിൽ മാങ്ങോട്, വീരമംഗലം കിഴക്ക് എന്നിവിടങ്ങളിലായി രണ്ട് 'ലക്ഷം വീട് കോളനി'കളുണ്ട്. ഇവയിൽ യഥാക്രമം 24ഉം 16ഉം വീതം ആകെ നാൽപത് വീടുകളുണ്ട്. വീരമംഗലത്തേതിൽ കിണർ, പൈപ്പ് എന്നീ മാർഗ്ഗങ്ങളിലൂടെ കുടിവെള്ള സൗകര്യം ലഭ്യമാണ്. ഇവിടെ വൈദ്യുതി, റോഡ്, ചികിത്സാസൗകര്യം എന്നിവയുംഉണ്ട്. പൊതുവെ രണ്ട് കോളനികളിലെയും എല്ലാവീടുകളും ജീർണ്ണിച്ച് ഏറെ ശോച്യാവസ്ഥയിലാണ്. എങ്കിലും നിലവിലുള്ള എല്ലാ വീടുകളിലും താമസക്കാരുണ്ട്.

നിർദ്ധനരും ഭൂരഹിതരുമായ കുടുംബങ്ങൾക്ക് വീട് പണിയുന്നതിന്ന് മാങ്ങോട്, കിഴൂർ എന്നിവിടങ്ങളിൽ സ്ഥലം ലഭ്യമാണ്. 'നാല് സെൻറ് കോളനി' എന്നറിയപ്പെടുന്ന ഇവിടെ 60 കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ സ്ഥലം ഗുണഭോക്താക്കൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഭവനനിർമ്മാണ രംഗത്ത് JRY പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാർക്കായി 137000,രൂപ ചിലവാക്കി 15 വീടുകൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 5 വീടുകൾക്ക് 12500 രൂപ ചിലവഴിച്ച് കക്കൂസ് നിർമ്മിച്ച് നിർമ്മിച്ച് നൽകുകയും 30000 രൂപ ചിലവാക്കി 40വീട്ടുകളിൽ വയറിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.

നടപ്പു പദ്ധതി കാലത്ത് I R D P സർവ്വെ പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെ 478 കുടുംബങ്ങൾക്ക് വീടും നിലവിലുള്ള 356 കുടുംബങ്ങൾക്ക് കക്കൂസും നിർമ്മിക്കേണ്ടിയിരുന്നു. ഇതിൽ യഥാക്രമം 88ഉം 64ഉം കുടുംബങ്ങൾക്കാണ് ഇവ ലഭ്യമാക്കിയിട്ടുള്ളത്.

പട്ടിക 2

ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ ഭവന, കക്കൂസ് നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം
(I R D P സർവ്വെ റിപ്പോർട്ട്)

ഇനം	ആവശ്യമുള്ളത്	അനുവദിച്ചത്	പൂർത്തിയാക്കിയത്	പൂർത്തിയാക്കേണ്ടത്	ഇനി അനുവദിക്കേണ്ടത്
വീട്	478	88	63	25	390
കക്കൂസ്	356	64	55	9	292

പഞ്ചായത്തിലെ 53% വീടുകളിൽ കക്കൂസ് ഇല്ല. ഇതിൽ 10.60% (292 കുടുംബങ്ങളും) പേർ നിലവിൽ വീടുകളുള്ള ദാരിദ്ര്യ രേഖക്ക് താഴെ വരുന്നവരാണ്.

സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പകളും ഉപയോഗിച്ചാണ് നല്ലൊരു വിഭാഗം ഇടത്തരക്കാരും താഴ്ന്ന വരുമാനക്കാരും വീടുകളും നിർമ്മിക്കുന്നത്. പഞ്ചായത്തിന്റേതായി ഭവന നിർമ്മാണ സഹകരണ സംഘങ്ങളും ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. എങ്കിലും ചെർപ്പുളശ്ശേരിയിൽ പ്രവർത്തിക്കുന്ന ശ്രീകൃഷ്ണപുരം ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖലയിൽ തൃക്കടീരി ഗ്രാമപഞ്ചായത്തും ഉൾപ്പെടുന്നു. ഈ സംഘത്തിൽ നിന്നും നടപ്പു പദ്ധതി കാലത്ത് ആകെ 1.62 ലക്ഷം രൂപയാണ് തൃക്കടീരിക്കാർക്ക് വായ്പയായി നൽകിയിട്ടുള്ളത്. ഇതിന് പുറമെ രാജീവ് ഗാന്ധി ഭവന നിർമ്മാണ പദ്ധതിയിൽ നിന്നും ഇതിനായി പണം ലഭിക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഔദ്യോഗിക നടപടികളും ഏറെ സങ്കീർണ്ണമാണെന്ന് ഗുണഭോക്താക്കൾ അഭിപ്രായപ്പെടുന്നു.

വികസനബ്ലോക്കു മുഖേന NREP, IAY, RLEGP, MWS എന്നീ പദ്ധതികളിലൂടെയും സാമ്പത്തികസഹായം ലഭിക്കുന്നുണ്ട്. കഴിഞ്ഞ പദ്ധതികാലത്ത് ഏകദേശം 7,73,000 രൂപ ചിലവഴിച്ച് 75 വീടുകൾ ഇങ്ങിനെ നിർമ്മിച്ചിട്ടുണ്ട്. റവന്യൂ വകുപ്പുവഴി നടപ്പിലാക്കിയ പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയുടെ ആനുകൂല്യം ചുരുക്കം ചിലർക്കെങ്കിലും ലഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഈയിടെ പ്രഖ്യാപിച്ച 'മൈത്രി ഭവനനിർമ്മാണ പദ്ധതി' അർഹരായവർക്ക് ഗുണപ്രദമാകും എന്ന് പ്രത്യാശിക്കുന്നു.

ഗ്രാമസഭയിൽ നിന്നും ഉയർന്ന പ്രശ്നങ്ങൾ:

1. നിരവധിയായുള്ള ഓലപുരകൾ ഓട് മേയുവാനും ഭവനരഹിതർക്ക് വീട് പണിയുവാനും സാമ്പത്തിക സഹായം നൽകുക.

2. പത്തായപുര കോളനി നിവാസികൾക്ക് വീട് പണിത് കൊടുക്കുക.

3 ഭൂരഹിതർക്ക് വീട് പണിയുന്നതിനായി ഭൂമിപതിച്ച് നൽകുക.

4. കിഴക്കേ വീരമംഗലത്തുള്ള ലക്ഷംവീട് കോളനിയിൽ പൊളിഞ്ഞുപോയ വീടുകൾ പുനർനിർമ്മിക്കുക.

5. എല്ലാ ലക്ഷം വീടുകളുടെയും ശോചനീയാവസ്ഥ ഇല്ലാതാക്കുക.

6. മാങ്ങോട് ലക്ഷം വീട് കോളനിയിൽ വൈദ്യുതി എത്തിക്കണം.

സാധ്യതകളും, പൊതു നിർദ്ദേശങ്ങളും

1. മുമ്പ് പതിച്ചു നൽകിയ 'നാല് സെൻറ് കോളനി' സ്ഥലം പലരും ഉപയോഗിക്കുന്നില്ല. അത്തരക്കാർ ആയത് സർക്കാരിനു തിരിച്ചു നൽകി യഥാർത്ഥ ആവശ്യക്കാർക്ക് വിതരണം ചെയ്യുവാനുള്ള സാഹചര്യം സൃഷ്ടിക്കണം.

2. പുതിയ കെട്ടിടങ്ങൾ റോഡിൽ നിന്നും മൂന്ന് മീറ്റർ ദൂരെ പണിയുക.

3. ചെറിയ കുടുംബം ഉള്ളവർ വൻവീടുകൾ പണിയുന്ന രീതി അവസാനിപ്പിക്കുക.

4. എല്ലാ ഓലപുരകളും ഓട് മേയുവാൻ ഉള്ള സഹായം നൽകുക.

5. ഭവനനിർമ്മാണ പദ്ധതികളുടെ ഔദ്യോഗിക നടപടികൾ കഴിയുന്നത്ര ലളിതമാക്കുക.

6. വിവിധ ക്ഷേമനിധിയിൽ അംഗമായിട്ടുള്ള ഭവനരഹിതർക്ക് അതാത് ക്ഷേമനിധിയിൽ നിന്നും വീട് പണിയുന്നതിനായി വായ്പ നൽകുക.

7. ഒരു ഇടത്തരം വരുമാനക്കാരൻ അയാളുടെ അഞ്ചുവർഷത്തെ സമ്പാദ്യം മാത്രം വീടുപണിക്കായി ഉപയോഗിക്കുക.

8. പുതിയതായി പണിയുന്ന രണ്ടായിരം ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചിലവിന്റെ 10% സർചാർജ് ആയി പിരിച്ചെടുക്കുകയും ഇത് ഭവനരഹിതരുടെ ക്ഷേമത്തിനായി ഉപയോഗിക്കുകയും ചെയ്യുക.

9. നിർദ്ധനരായ എല്ലാ ഭൂരഹിതർക്കും ഭൂമി പതിച്ച് നൽകുക.

10. ദാരിദ്ര്യരേഖക്ക് കീഴേയുള്ള 390 കുടുംബങ്ങൾക്കും വീടുനിർമ്മിച്ചു നൽകുക. ഈ വീടുകൾ നിർമ്മിക്കുമ്പോൾ ചെലവുകുറഞ്ഞ സാങ്കേതിക വിദ്യഉപയോഗപ്പെടുത്തുക.

11. സഹകരണ ബാങ്കുകളിലെ കോടികണക്കിന് രൂപയുടെ നിക്ഷേപം ചിലവുകുറഞ്ഞ വീട് നിർമ്മാണത്തിൽ എങ്ങിനെ സഹായകമാക്കാം എന്നതിനെകുറിച്ച് ഒരു പദ്ധതി തയ്യാറാക്കണം.

12. കേരളീയ വാസ്തുശിൽപ മാതൃകയിൽ പരിസ്ഥിതിക്കും ചുറ്റുപാടിനും ഇണങ്ങുന്ന ചെലവു കുറഞ്ഞ വീടുകൾ പ്രോത്സാഹിപ്പിക്കുക.

സാമൂഹ്യക്ഷേമം:

തൃക്കടീരിയിൽ പ്രധാനമായും രണ്ടു വിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അവ:— ദാരിദ്ര്യ നിർമ്മാർജന പദ്ധതികളും വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ ധനസഹായ പദ്ധതികളുമാണ്. 1992ൽ നടത്തപ്പെട്ട I R W P സർവ്വെ പ്രകാരം ഇവിടെ 1924 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്. ഇതിൽ 478 കുടുംബങ്ങളും ഭവനരഹിതരായിരുന്നു. എന്നാൽ ലിസ്റ്റിലുള്ള 88 പേർക്കു മാത്രമാണ് വീടുകൾ നിർമ്മിച്ചു നൽകിയിട്ടുള്ളത്. കൂടുതൽ വിവരങ്ങൾ പട്ടികയിൽ.

പദ്ധതി വർഷം	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ	ഇതിൽ SC. ST. കുടുംബങ്ങൾ	നാളിതുവരെ സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC. ST.	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയവർ	ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ
1	2	3	4	5	6	7
1992 to 96 മാർച്ച്	1950	672	167	80	26	1924
ആകെ	1950	672	167	80	26	1924

വർഷംതോറും നാമമാത്ര കുടുംബങ്ങൾക്കാണ് I R W P പദ്ധതി പ്രകാരമുള്ള സഹായം ലഭിക്കുന്നത്. ഔദ്യോഗിക നടപടികളുടെ സങ്കീർണ്ണതയും ബാങ്കുകളുടെയും കാണിക്കുന്ന വിമുഖത, ഗുണഭോക്താക്കളിൽ നിലനിൽക്കുന്ന അജ്ഞത, സമയത്തിന്ന് ഗുണം ലഭിക്കായ്മ തുടങ്ങിയവ പല ക്ഷേമ പദ്ധതികളുടെയും പ്രശ്നങ്ങളാണ്.

വിവിധ ക്ഷേമനിധികളിലായി തൃക്കടീരിയിൽ ആകെ 1380 പേർ അംഗങ്ങളാണ്. കൂടുതൽ വിവരം 3–ാം നമ്പർ പട്ടികയിലുണ്ട്.

ക്ഷേമനിധി അംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ (പട്ടിക 3)

നമ്പർ	ക്ഷേമനിധി	അംഗങ്ങളുടെഎണ്ണം
1	കർഷകതൊഴിലാളി	1200
2	ചുമട്ടു തൊഴിലാളി	—
3	ചെത്തു തൊഴിലാളി	50
4	നിർമ്മാണ തൊഴിലാളി	130
	ആകെ	1380

പഞ്ചായത്തിൽ ആകെയുള്ള 5000ത്തോളം കർഷക തൊഴിലാളികളിൽ 24% പേരാണ് ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടുള്ളത്. ഇവർക്കാർക്കും ക്ഷേമനിധിയിൽനിന്നും പെൻഷൻ കിട്ടിത്തുടങ്ങിയിട്ടില്ല. മൊത്തം ക്ഷേമനിധി അംഗങ്ങളിൽ കൂടുതലും സ്ത്രീകളാണ്. ചെത്തുതൊഴിലാളി, നിർമ്മാണ തൊഴിലാളി, ചുമട്ടു തൊഴിലാളി എന്നീ മേഖലകളിലേയും ക്ഷേമനിധി പ്രവർത്തനം സാമാന്യം മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു.

മറ്റു സാമൂഹ്യക്ഷേമ പദ്ധതികൾ:

D.W.C.R.A. : സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതിയാണിത്. കിഴൂരിൽ ഈ പദ്ധതി പ്രകാരമുള്ള ഒരു നെല്ലുകുത്ത് യൂനിറ്റ് നിലവിലുണ്ട്. എന്നാൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ പദ്ധതി പ്രകാരം തൃക്കടീരി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള പരിപാടികളും താഴെയുള്ള പട്ടിക 4—ൽ നിന്നും വ്യക്തമാണ്.

നമ്പർ	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങൾ	പ്രവർത്തനം സംബന്ധിച്ച്
1	പശു വളർത്തൽ	95—96	10	നല്ലരീതിയിൽ പ്രവർത്തിക്കുന്നു
2	റെഡിമെയ്ഡ് യൂനിറ്റ്	95—96	10	ട്രയിനിങ്ങ് നടന്നു കൊണ്ടിരിക്കുന്നു
2	റെഡിമെയ്ഡ്	96—96	10	ട്രയിനിങ്ങ് നടന്നു കൊണ്ടിരിക്കുന്നു

ആകെ ട്രയിസം ട്രയിനിംഗ് കിട്ടിയവർ—30
ട്രയിനിംഗ് പൂർത്തിയാക്കിയവർ—20
ട്രയിനിംഗ് നടന്നുകൊണ്ടിക്കുന്നവർ—10

ട്രയിസം: (T.R.Y.S.E.M.)

ഗ്രാമീണ യുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്താനുള്ള പരിശീലന പദ്ധതിയാണിത്. കഴിഞ്ഞ പദ്ധതിക്കാലത്ത് തൃക്കടീരിയിൽ നിന്നും ഈ പദ്ധതി പ്രകാരം ആകെ 21 പേർ വിവിധ തൊഴിലുകളിൽ പരിശീലനം നേടിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ വിശദമായി പട്ടിക 5—ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5

ട്രയിസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

ക്രമ നമ്പർ	പരിശീലനത്തിന്റെപേർ	ആകെ പരിശീലകർ
1	ബുക്ക് ബൈൻറിങ്ങ്	7
2	പ്ലാസ്റ്റിക് വർക്സ്	4
3	ഇലക്ട്രോണിക്സ്	5
4	ഓട്ടോ മോബയിൽസ്	1
5	കമ്പ്യൂട്ടർ	1
	ആകെ	21

ടൂൾകിറ്റ്:

ഗ്രാമീണ പട്ടികവിഭാഗ കൈതൊഴിലാളികൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ് വിതരണം. കഴിഞ്ഞ പദ്ധതിക്കാലത്ത് 22 പേർക്ക് വ്യത്യസ്ത ഉപകരണങ്ങൾ വികസന ബ്ലോക്ക് മുഖേന വിതരണം ചെയ്തിട്ടുണ്ട്.

R. A. P.:

ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പരിപാടിയാണിത്. I R W P സർവ്വെ പ്രകാരം 67 തൊഴിലാളികൾക്കാണ് ഇത്തരം ഉപകരണങ്ങൾ വിതരണം ചെയ്യേണ്ടിയിരുന്നതെങ്കിലും 18പേർക്കാണ് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്.

C. R. S. P. :

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധന സഹായം നൽകുന്ന പദ്ധതിയാണ് C. R. S. P.

ഈ പദ്ധതിപ്രകാരം 8—ാം പദ്ധതി കാലത്ത് 356 പേർക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കേണ്ട

തായിരുന്നു. ഇതിൽ വികസന ബ്ലോക്ക് മുഖേന 64 എണ്ണവും ഗ്രാമ പഞ്ചായത്തുവഴി 22 പേർക്കും കക്കൂസ് നിർമ്മിച്ചുകൊടുത്തിട്ടുണ്ട്".

വില്ലേജ് ആഫീസുകൾ വഴിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ:

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും നിർധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാവുന്നത്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെങ്കിലും, അനർഹരായ പലരും ഈ ആനുകൂല്യം കൈപ്പറ്റുന്നു എന്നുള്ളതാണ് ഇതിനെ വിലയിരുത്തുമ്പോൾ ബോധ്യമാവുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഈ വകുപ്പുകൾ വില്ലേജ് ആഫീസിൽനിന്നും മാറി പഞ്ചായത്ത് ആഫീസുകളിലൂടെ കൂടുതൽ ജന പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കേണ്ടതുണ്ട്.

ശിശുപരിപാലനത്തിനായുള്ള പ്രത്യേക പരിപാടികൾ:

I.C.D.S. (സംയോജിത ശിശു വികസനപദ്ധതി)

ഇത് ഒരു കേന്ദ്രആവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതി അനുസരിച്ച് പൂരകാഹാരം, അനൗപചാരിക (പ്രീ-സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ പരിശോധന രോഗപ്രതിരോധ കുത്തിവെയ്പുകൾ, പ്രാഥമികാരോഗ്യ സേവനങ്ങൾ എന്നിവയാണ് പ്രധാനമായും ചെയ്തുവരുന്നത്. ഇതനുസരിച്ച് തൃക്കടീരി പഞ്ചായത്തിൽ 17 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ മിക്കവയും പൂർണ്ണമായും യഥാർത്ഥ ബോധത്തോടുകൂടി പ്രവർത്തിക്കുന്നവയല്ല. മിക്ക അംഗൻവാടികളിലും കളിപ്പാട്ടങ്ങളോ, ഉപകരണങ്ങളോ, കുടിവെള്ളമോ, വെളിച്ച സൗകര്യമോ ഇല്ല. ഈ മേഖലയിൽ ഒട്ടനവധി ഇനിയും ചെയ്തു തീർക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ:

1. ചമ്മനൂരും പൂതക്കാടും ഓരോ അംഗൻവാടി തുടങ്ങണം.

2. മണ്ണാൻ കോളനിയിൽ ലഭ്യമായ സ്ഥലത്ത് അംഗൻവാടി നിർമ്മിക്കുക.

3. അംഗൻവാടിയിലെ കക്കൂസുകളും മറ്റും അടിയന്തിരമായി നന്നാക്കണം.

4. കൊല്ലത്തുപടിക്കൽ ഒരു അംഗൻവാടി തുടങ്ങണം.

5. 41, 42 നമ്പർ അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാണ്. അവക്ക് കെട്ടിടംപണിയണം.

6. അംഗൻവാടികളിൽ കളിപ്പാട്ടങ്ങൾ അനുവദിക്കണം.

7. ഹരിജൻ കോളനികളിൽ അംഗൻവാടികൾ തുടങ്ങണം.

8. കൃത്യമായി മെഡിക്കൽ ചെക്കപ്പ് നടത്തണം.

മറ്റു മേഖലയിലെ പൊതുനിർദ്ദേശങ്ങൾ:

1. വികലാംഗരായ നിരവധിപേർ പഞ്ചായത്തതിർത്തിയിലുണ്ട്. അർഹരായ എല്ലാ വികലാംഗർക്കും പെൻഷൻ അനുവദിക്കണം.

2. എല്ലാ ദുർബ്ബല വിഭാഗങ്ങൾക്കും പെൻഷൻപദ്ധതി നടപ്പിലാക്കണം.

3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികൾക്ക് വിവാഹത്തിന് സാമ്പത്തിക സഹായം അനുവദിക്കണം.

4. അവശർക്കു മാത്രമായി പെൻഷൻ പദ്ധതി നടപ്പിലാക്കണം.

5. അർഹരായ കർഷകതൊഴിലാളികൾക്ക് പെൻഷൻ നൽകണം.

6. സമ്പൂർണ്ണ മദ്യനിരോധനം കൂടുതൽ കാര്യക്ഷമമാക്കണം.

7. സ്ത്രീ തൊഴിലാളികൾക്ക് പണിക്ക് ആനുപാതികമായി കൂലി ഏർപ്പെടുത്തണം.

8. മന്ദബുദ്ധികൾക്കായി പ്രത്യേക സൗകര്യം ഏർപ്പെടുത്തണം.

9. സാമ്പത്തിക സ്ഥാപനങ്ങൾ കൂടുതൽ ദീർഘകാല വായ്പകൾ നൽകണം.

10. രാജീവ് ദശലക്ഷം പദ്ധതി സുതാര്യമാക്കണം.

11. I R D P വായ്പകൾ സർവ്വേ നടത്തി അർഹരായവർക്ക് വിതരണം ചെയ്യണം.

12. എല്ലാ ക്ഷേമ പെൻഷനുകളും പഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുക.

പൊതുവിതരണം:

പഞ്ചായത്തതിർത്തിയിൽ ജനങ്ങളുടെ ആവശ്യങ്ങളും നിറവേറുന്നതിനായി ആകെ 8 റേഷൻ കടകളാണ് ഉള്ളത്. മറ്റ് പൊതുവിതരണ കേന്ദ്രങ്ങളും ഒന്നും പ്രവർത്തിക്കുന്നില്ല. അത്യാവശ്യമായി പഞ്ചായത്തതിർത്തിയിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കേണ്ടതാണ്. വിലകയറ്റം പിടിച്ചു നിർത്താനും സാധാരണക്കാരന് അവശ്യ സാധനങ്ങളും മിതമായ വിലയ്ക്ക് ലഭിക്കുന്നതിനും ഇത് അത്യാവശ്യമാണ്. ഓണം, വിഷു, റംസാൻ തുടങ്ങിയ സമയങ്ങളിൽ നടത്തുന്ന ചന്തകളുടെ കാര്യത്തിൽ പ്രത്യേക പരിഗണന കൊടുക്കേണ്ടതാണ്. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും വരികയാണെങ്കിൽ അത് സാധാരണക്കാരന് കൂടുതൽ പ്രയോജനപ്പെടും.

റേഷൻ ഷോപ്പുകളും പൊതുവിതരണ കേന്ദ്രമായി മാറിയതോടെ അവയുടെ പ്രവർത്തനം ആകെ അവതാളത്തിലായിരിക്കുകയാണ്. പഞ്ചായത്ത് അതിർത്തിയിലുള്ള റേഷൻ കടകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുക്കുകയും അവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്തു ഈ മേഖലയിലെ പരാതികൾക്ക് പരിഹാരം കാണേണ്ടതുണ്ട്. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകളും പഞ്ചായത്തുതലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം.

നിർദ്ദേശങ്ങൾ:

1. കാരാട്ടുകുർശ്ശി, പൂതക്കാട്, അഴകത്തെചിറ എന്നിവിടങ്ങളിൽ റേഷൻ ഷോപ്പുകളും അനുവദിക്കണം.

2. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തൃക്കടീരി, കുറ്റിക്കോട്, ആറാശ്ശേരി, ഉങ്ങിൻതറ, കീഴൂർ റോഡ് എന്നിവിടങ്ങളിൽ ഫല വ്യഞ്ജന കടകളും തുടങ്ങണം.

3 റേഷൻ കടകളിൽ യഥാർത്ഥത്തിൽ കിട്ടേണ്ട മണ്ണെണ്ണയും ഗോതമ്പും പഞ്ചസാരയുടെ കുറച്ചു മാത്രമേ പലപ്പോഴും വിതരണം ചെയ്യുന്നുള്ളു. ഇത് ഉപഭോക്താക്കൾക്ക് വിഷമം സൃഷ്ടിക്കുന്നു. ഇതു പരിഹരിക്കാൻ കാർഡുകളുടെ എണ്ണത്തിനനുസരിച്ച് യഥാർത്ഥത്തിൽ കിട്ടേണ്ട പഞ്ചസാര പൂർണ്ണമായും ലഭിക്കാൻ ഏർപ്പാടുണ്ടാക്കണം.

4. ഗുണനിലവാരം മെച്ചപ്പെട്ടതും എന്നാൽ വില കുറഞ്ഞതുമായ അവശ്യ വസ്തുക്കളും റേഷൻ കടകളിലൂടെ വിതരണം ചെയ്യണം.

ഉപഭോക്തൃ ക്ഷേമം:

ഉപഭോക്താക്കളെ ഏറെ ചൂഷണം ചെയ്യപ്പെടുന്ന ഒരു കാലഘട്ടമാണിത്. ഇക്കാര്യത്തിൽ നല്ല രീതിയിൽ ഉള്ള ഒരു ബോധവൽക്കരണം അത്യാവശ്യമായി വന്നിരിക്കുന്നു. ഉപഭോക്തൃ സംരക്ഷണ സമിതിയുടെ ഒരു ഘടകം പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്.

തുക്കടിരി ഗ്രാമ പഞ്ചായത്ത്





''നൂറിനു നൂറും സാക്ഷരരെന്നൊരു
ഖ്യാതി വളർന്നൊരീ തൃക്കൊടവേലിയും
മാമലനാടാം മലയാള നാടിനു
പെരുമ ഭാവിപ്പൻ കാരണമായി''

സംസ്ക്കാരം

മഹത്തായ ഒരു സാംസ്ക്കാരിക പൈതൃകം അവകാശപെടാവുന്ന ഗ്രാമമാണ് തൃക്കടീരി. മറ്റു പ്രദേശങ്ങളെ പോലെത്തന്നെ ആരാധനാലയങ്ങളും ഇവിടെയും സാംസ്ക്കാരികകേന്ദ്രങ്ങളായിരുന്നു. 'ദക്ഷിണകാശിയെന്നു'' പ്രസിദ്ധമായ മൂന്ന് മൂർത്തി ക്ഷേത്രത്തിൽ എട്ടാം നൂറാണ്ടുകാലത്ത് എഴുതപ്പെട്ടിട്ടുള്ള ചുവർ ചിത്രങ്ങളും രൂപ കല്പന ചെയ്തിട്ടുള്ള പ്രതിമാശില്പങ്ങളും മറ്റു ഉപകരണങ്ങളും ഈ ദിശയിലേക്ക് വിരൽ ചൂണ്ടുന്നു.

സവർണ്ണ നാടുവാഴികളുടെ അധീശത്വം നിലനിന്നിരുന്ന പ്രദേശമാണിവിടം. പഞ്ചായത്തിലെ പല ഭാഗങ്ങളിലും അയിത്തവും ജന്മിത്തവും അതോടനുബന്ധിച്ചുണ്ടായ ക്രൂര പീഡനങ്ങളും ശക്തമായിരുന്നു. എങ്കിലും നല്ലതായ പല സാമൂഹ്യ ചെയ്തികളും അവരാൽ ഉണ്ടായിട്ടുണ്ടെന്നത് പറയാതെവയ്യ. ഈ പ്രദേശത്തെ കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്നതിനായി ഇവിടുത്തെ പ്രധാനപ്പെട്ട ഒരു ജന്മികുടുംബമായിരുന്ന 'തൃക്കടീരി നായർ വീട്'' വക ഒരു പാഠശാല നടത്തിയിരുന്നു. എന്നത് എടുത്ത് പറയത്തക്കതാണ്. ഇതാണ് പിന്നീട് മിഷൻ സ്കൂൾ എന്നു് അറിയപ്പെടുന്ന ഇന്നത്തെ B. E. M. U. P സ്കൂളായി തീർന്നത്.

കേരളം സ്ഥാനത്തുടനീളം ഉണ്ടായ പൊതുവായ സാമൂഹ്യ മാറ്റത്തിന്റെയും വിദ്യാഭ്യാസ പ്രചാരത്തിന്റേയും ഭാഗമായി അയിത്തവും സവർണ്ണ മേധാവിത്തവും ക്രമേണ ഇവിടെയും ദുർബ്ബലമായി.

ദേശീയ പ്രസ്ഥാനത്തോടൊപ്പം തന്നെ തൃക്കടീരിയിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും വളർന്ന് വരികയുണ്ടായി. ഇതിന്റെ ഭാഗമായി മഹാനായ കർമ്മയോഗി യശ്ശശരീരനായ പി. കെ. ഗോവിന്ദൻനായർ ഇവിടെ ഗ്രന്ഥശാലാ പ്രവർത്തനങ്ങളും നടത്തിയിരുന്നു. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള നിശാപാഠശാലാ പ്രവർത്തനങ്ങളും സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനങ്ങളും ഇവിടെ നടത്തപ്പെട്ടിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി ഈ ഗ്രാമത്തെ 100% (അതായത് 96.5%) സാക്ഷരമാക്കുവാൻ സാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ഇന്ന് ആകെ അഞ്ച് ഗ്രന്ഥശാലകളും ഉണ്ട്. ഇതിന്ന് പുറമെ എട്ടാം വാർഡിൽ ക്ലബ്ബിനോട് ചേർന്നുള്ള ഒരു റീഡിംഗ് റൂമും പ്രവർത്തിക്കുന്നുണ്ട്. നാല് ഗ്രന്ഥശാലകളുടെ പ്രവർത്തനം തൃപ്തികരമല്ല. പുസ്തകക്കുറവും മുഴുവൻ സമയ ലൈബ്രേറേറിയന്റെ അഭാവവും ഇതിനുള്ള കാരണങ്ങളാണ്.

പഞ്ചായത്തിൽ അങ്ങിങ്ങായി ഏഴോളം ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം കായിക രംഗത്ത് മാത്രമായി ഒതുങ്ങുന്നു.

തൃക്കടീരിയിൽ ഹിന്ദു-മുസ്ലീം മതവിഭാഗങ്ങളും ഇടകലർന്ന് വസിക്കുന്നു. അതുകൊണ്ട് തന്നെ സാംസ്ക്കാരികമായും ഈ മതങ്ങളും പരസ്പരം സ്വാധീനിക്കപ്പെടുന്നു. ഹിന്ദുസമുദായക്കാർ ഓണം വിഷു, തിരുവാതിര, ജന്മാഷ്ടമി തുടങ്ങിയ ആഘോഷങ്ങളും കൊണ്ടാടുന്നു. കൊയ്ത്തുത്സവമായ ഓണവും 'വിളവിറക്കൽ' ഉത്സവമായ വിഷുവും ഗ്രാമത്തിന്ന് ഉത്സവ പ്രതീതി തന്നെ പകരുന്നു. ഓണാഘോഷ വേളയിൽ സ്റ്റേജുകളും, വായനശാലകളും തുടങ്ങിയവ പൂക്കളമത്സരവും, കലാ-കായിക മത്സരങ്ങളും സംഘടിപ്പിക്കാറുണ്ട്. കാരകളി, തലപ്പന്തുകളി, തുമ്പിതുള്ളൽ, വില്ലുകൊട്ട്, കുമ്മി, ആട്ടക്കളം, എന്നീ നാടൻ കലകളും നിലനിന്നിരുന്നു. ഇവയിൽ പലതും ഇന്ന് ആപ്രത്യക്ഷമായി തുടങ്ങിയിട്ടുണ്ട്. 1991-ൽ ഇവിടെയുണ്ടായ ജനകീയ സാക്ഷരതായജ്ഞ മുന്നേറ്റം ചില നാടൻ കലകളെയെങ്കിലും വെളിച്ചത്ത് കൊണ്ടുവരുവാൻ കാരണമായിട്ടുണ്ട്.

മുസ്ലീം സമുദായത്തിനിടയിൽ ബലിപെരുന്നാൾ, റംസാൻ, നബിദിനം തുടങ്ങിയവ സമുചിതമായി ആഘോഷിക്കപ്പെടുന്നു. ത്യാഗത്തിന്റെയും പ്രാർത്ഥനനിഷ്ഠയുടെയും പ്രതീകമായി റംസാൻ ആചരിക്കപ്പെടുന്നു. ഇതോടെല്ലാം അനുബന്ധിച്ച് ഒപ്പനകളി, കൈകൊട്ടികളി, കോൽകളി, തുടങ്ങിയവ ഉണ്ടായിരുന്നു. നബിദിനാഘോഷത്തോടനുബന്ധിച്ച് മാത്രം ദഫ് മുട്ട് കളിയും മറ്റു കലാപരിപാടികളും നടത്തപ്പെടുന്നു. ഈ വേളയിൽ അന്നദാനവും നടത്താറുണ്ട്.

തൃക്കടീരിയിലുടനീളം 15 ക്ഷേത്രങ്ങളും 8 പ്രമുഖ ജുമാമസ്ജിദുകളും ഉണ്ട്. ഇവയിൽ ചിലതിലെല്ലാം ഉത്സവങ്ങളും, നേർച്ചകളും നടത്താറുണ്ട്. മുൻകാലങ്ങളിൽ സവർണ്ണ ജൻമി കുടുംബങ്ങളുടെ അധീനതയിലും മേൽനോട്ടത്തിലും ആയിരുന്നു. ഒട്ടുമിക്ക ക്ഷേത്രങ്ങളും എന്നാൽ സാമൂഹിക സാമ്പത്തിക രംഗങ്ങളിൽ വന്ന മാറ്റത്തിന്റെ ഫലമായി ഈ രീതികളിലെല്ലാം ജനകീയ ഇടപെടലുകൾ അനിവാര്യമായി തീർന്നു.

ഇന്ന് ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള ഉത്സവങ്ങൾ നാനാ ജാതി-മതസ്ഥർ ഇടപെട്ടു കൊണ്ട് ഏറെ വിപുലമായി തന്നെ ആഘോഷിക്കപ്പെടാറുണ്ട്. വിവിധ ക്ഷേത്രങ്ങളിലായി കലാ പരിപാടികളും അനുഷ്ഠാന കലകളും അന്നദാനവും നടത്തി വരുന്നു. വളരെ യേറെ വാശിയോടെ നടത്തി വരുന്ന മാങ്ങോട്ടുകാവിലെ പൂരം ഈ ജില്ലയിലെ തന്നെ പ്രധാന പൂരങ്ങളിൽ ഒന്നാണ്. ആറംകുന്നത്ത് കാവിലെ താലപ്പൊലിയോടനുബന്ധിച്ചുള്ള പൊയ്ക്കാളകളും വള്ളുവനാടൻ പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നവയാണ്. ഒരനുഷ്ഠാന കലയായ തിറയും, പൂതനും തൃക്കടീരിയിൽ അങ്ങിങ്ങായുണ്ട്. ഈ കല നാശോൻമുഖമായികൊണ്ടിരിക്കയാണ്.

മണ്ഡല കാലങ്ങളിൽ എല്ലായിടത്തും അയ്യപ്പൻ വിളക്കുകളും നടത്താറുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന എണ്ണപ്പെട്ട കലാകാരൻമാരും കുറിക്കോട്, മാങ്ങോട്, വീരമംഗലം എന്നിവിടങ്ങളിൽ ഉണ്ട്. അയ്യപ്പൻ പാട്ടിന്റെ ശിക്ഷണവും ഇവിടങ്ങളിലുണ്ട്.

പട്ടിക:—ആരാധനാലയങ്ങളെയും മറ്റു സാംസ്ക്കാരിക സ്ഥാപനങ്ങളെയും മറ്റും സംബന്ധിച്ച വിവരങ്ങൾ.

വാർഡ്	ക്ഷേത്രം	പള്ളി	ഉൽസവം	നടത്തിപ്പ് രീതി	ഗ്രന്ഥാലയം-വായനശാല	കേബിൾ ടി. വി.	കലാ സമിതി
1	കാളികാവ് 1 അയ്യപ്പൻ കാവ് 1		പൂരം	ജനകീയം	ഒന്ന്		രണ്ട്
2		ജുമാ മസ്ജിദ് 1			കമ്മ്യൂണിറ്റി ഹാൾ.	ഉണ്ട്	—
3	മൂന്ന് മൂർത്തി ക്ഷേത്രം 1 സുബ്രഹ്മണ്യ ക്ഷേത്രം 1	ആറാശ്ശേരി ജുമാമസ്ജിദുകൾ 2	ശിവരാത്രി നേർച്ചകൾ തൈപൂയ്യം	ജനകീയം	—	ഉണ്ട്	—
4	മാരിയമ്മൻ കോവിൽ 1 തിരുവിളയനാട് കാവ് 1	കുറിക്കോട് ജുമാമസ്ജിദുകൾ 2	—	—	—	—	രണ്ട്
5	അയ്യപ്പ ക്ഷേത്രം 1	—	താലപ്പൊലി	ജനകീയം	ഒന്ന്	ഉണ്ട്	
6	ആറംകുന്നത്ത് കാവ് 1 ശിവക്ഷേത്രം 1	—	താലപ്പൊലി ശിവരാത്രി	ജനകീയം	—	—	ഒന്ന്
7	സുബ്രഹ്മണ്യൻ കോവിൽ 1	പന്തലുംകുന്നത് ജുമാമസ്ജിദ് 1	പുറപ്പാട് (നേർച്ച)	ജനകീയം	—	—	ഒന്ന്
8	കാക്കുഴുശ്ശി ശിവക്ഷേത്രം 1	ചീരമംഗലം ജുമാമസ്ജിദ് 1	ശിവരാത്രി	ജനകീയം	ഒന്ന്	—	—
9	കണ്ണാവ് 1 അയ്യപ്പൻ കാവ് 1		വേല	ജനകീയം	ഒന്ന്	—	—
10	മാങ്ങോട്ട് കാവ് 1 ക്ഷാരീക്കൽ അമ്പലം 1	ജുമാ മസ്ജിദ് 1	പൂരം	ജനകീയം	ഒന്ന്	ഉണ്ട്	ഒന്ന്
ആകെ	15	8			6		7

വിശ്വ പ്രസിദ്ധമായ കഥകളി ഉൾപ്പെടെ ഉള്ള കലാ രൂപങ്ങൾ തൃക്കടീരിയിലുണ്ട്. മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പുടി, തുടങ്ങിയശാസ്ത്രീയ നൃത്തങ്ങളും, ദഫ്, ഒപ്പന, കോൽക്കളി, അറബനമുട്ട്, പൂരക്കളി, ചവിട്ടുകളി, പരിചമുട്ടിക്കളി, കൈകൊട്ടിക്കളി, സോപാനസംഗീതം, ഓട്ടംതുള്ളൽ തുടങ്ങിയവയും പ്രചാരത്തിലുണ്ട്.

സവർണ്ണ ജൻമി കുടുംബങ്ങളോടും ആരാധനാലയങ്ങളോടും ബന്ധപ്പെട്ടാണ് പല ശാസ്ത്രീയ കലകളും ഇവിടെ വളർന്നത്. മാങ്ങോട് കേന്ദ്രീകരിച്ചുള്ള രംഗശ്രീ പോലുള്ള കഥകളി ക്ലബും മറ്റും കേരള കലാമണ്ഡലത്തിന്റെയും പ്രസിദ്ധമായ വെള്ളിനെഴി ഒളപ്പമണ്ണ മനയുടെയും സ്വാധീനത്തിൽ ഉടലെടുത്തതാണ്. അറിയപ്പെടുന്ന ചുട്ടികഥകളി ആശാൻമാർ വരെ ഇവിടെയുണ്ട്.

ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏറെകുറെ എല്ലാ പ്രമുഖ ദിനപത്രങ്ങളും പ്രചാരത്തിലുണ്ട്. വാരികകളും, മാസികകളും തുടങ്ങിയവയും നല്ല രീതിയിൽ പ്രചാരത്തിലുണ്ട്. ഏകദേശം 360 ഓളം ദിനപത്രങ്ങളും 980 ഓളം വാരികകളും 45 ഓളം മാസികകളും ഇവിടെ വിതരണം ചെയ്യപ്പെടുന്നുണ്ട്. പൈങ്കിളി സാഹിത്യത്തിന്റെ സ്വാധീനം വീട്ടമ്മമാരിലും യുവതലമുറയിലും ഏറെയാണ്.

സാഹിത്യരംഗത്ത് ഭവത്രാതൻ നമ്പൂതിരി വി. കെ. ഗോവിന്ദൻനായർ തുടങ്ങിയ ചുരുക്കം ചില വ്യക്തിത്വങ്ങൾ തൃക്കടീരിയിൽ ഉണ്ടായിരുന്നുവെങ്കിലും പിന്നീട് കാര്യമായി ആരും തന്നെ ഈ രംഗത്ത് ശോഭിച്ചു വന്നിട്ടില്ല എന്നതാണ് വസ്തുത. അമച്വർ നാടക സംഘങ്ങളൊന്നും തന്നെ ഇവിടെ പ്രവർത്തിക്കുന്നില്ല. എന്നാൽ ഈ രംഗത്തുള്ള ചുരുക്കം ചില കലാകാരൻമാർ ഇവിടെയുണ്ട്.

തൃക്കടീരിയിൽ സിനിമാശാലകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. എന്നാൽ ഇവിടത്തെ ബഹുഭൂരിഭാഗം പേരേയും ഈ ദൃശ്യകല കീഴ്പെടുത്തിയിട്ടുണ്ട്. ആധുധിക ദൃശ്യ–ശ്രാവ്യ മാധ്യമമായ ടി. വി. നല്ല രീതിയിൽ പ്രചാരത്തിലുണ്ട്. ഇതിന്റെ അതിപ്രസരം തന്നെ ഉണ്ടെന്നു പറയാം. തൃക്കടീരി, മാങ്ങോട് ഭാഗങ്ങളിൽ ഒഴികെ മറ്റൊരിടത്തും കേബിൾ ടി.വി. പ്രചാരത്തിലില്ല.

കായികരംഗത്ത് പ്രത്യേകമായ ഒരു പാരമ്പര്യവും തൃക്കടീരിക്ക്, അവകാശപെടാനില്ല. തൃക്കടീരി, വീരമംഗലം എന്നിവിടങ്ങളിൽ കളരി സംഘങ്ങൾ പ്രവർത്തിച്ചിരുന്നതായി അറിയുന്നു. നിലവിൽ പല സ്പോർട്സ് ക്ലബ്ബുകളും ഉണ്ടെങ്കിലും എടുത്തു പറയത്തക്ക നേട്ടങ്ങളൊന്നും ഉണ്ടാക്കാൻ ഇവക്ക് കഴിഞ്ഞിട്ടില്ല. വിദ്യാർത്ഥികൾക്ക് കായിക അഭിരുചി വളർത്താൻ തക്ക കാര്യമായ പ്രവർത്തനങ്ങളൊന്നും പഞ്ചായത്തിലെവിടെയും നടക്കുന്നില്ല. കളിസ്ഥലത്തിന്റെ അഭാവമാണ് ഈ പരിതാപകരമായ അവസ്ഥക്ക് പ്രധാന കാരണം.

തൃക്കടീരി ഗ്രാമത്തിൽ യുവതലമുറയിൽ ആത്മഹത്യാ പ്രവണത കൂടി വരികയാണ്. പല തരത്തിലുള്ള പ്രശ്നങ്ങൾക്കും അടിമപ്പെട്ട് മനുഷ്യവിഭവം സ്വയം നശിക്കുന്ന ഈ രീതി സമൂഹത്തിനു ദോഷ ഫലമേ ഉളവാക്കൂ.

കലാപരമായ അഭിരുചിയുള്ളവരെ തിരിച്ചറിഞ്ഞ് ജനകീയമായി സംഘടിപ്പിക്കുവാനും മറ്റും ഉള്ള പ്രവർത്തനം ഏറെറടുത്ത് നടത്തേണ്ടതുണ്ട്. തൃക്കടീരിയിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. നല്ലൊരു ശതമാനം മുസ്ലീംങ്ങളും കുറച്ച് മാത്രം ക്രിസ്ത്യാനികളും ഉണ്ട്. പ്രഗത്ഭരായ ഹിന്ദു–മുസ്ലീം മത പാണ്ഡിത്യ മുള്ളവർ ഇവിടെയുണ്ട്,

സ്വാതന്ത്ര്യത്തിന് മുമ്പ് ഇവിടുത്തെ പ്രമുഖ രാഷ്ട്രീയ കക്ഷി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. തുടർന്നുണ്ടായ സമൂല മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ഇടതുപക്ഷം ഇവിടെ ശക്തിപ്രാപിച്ചു. ഇപ്പോഴും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്, സി. പി. എം ബി. ജെ. പി., മുസ്ലീംലീഗ്, സി. പി. ഐ തുടങ്ങിയ കക്ഷികളും പലതിനോടും ആഭിമുഖ്യമുള്ള യുവജന, മഹിളാ, ട്രേഡ് യൂനിയൻ വിദ്യർത്ഥി സംഘടനകളും ഇവിടെയുണ്ട്. മതത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഏതാനും സംഘടനകളും ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും മതപരമായ സംഘർഷങ്ങളും ഇവിടെ തീരെ ഇല്ല.

ഗ്രാമ സഭകളിൽ നിന്ന് വന്ന പ്രശ്നങ്ങൾ :

1. ഒന്ന്, മൂന്ന്, അഞ്ച്, ആറ്, ഏഴ് എന്നി വാർഡുകളിൽ ഗ്രന്ഥാലയമോ വായനശാലകളോ ഇല്ല.

2. പല വാർഡുകളിലും ക്ലബ്ബുകളും നാമമാത്രമായി പ്രവർത്തിക്കുന്നു.

3. പുരാതന കലകളും പിൻതള്ളപ്പെടുന്നു.

4. വാർഡ് കേന്ദ്രങ്ങളിൽ റേഡിയോ, ടി. വി തുടങ്ങിയ മാധ്യമങ്ങളും ലഭ്യമല്ല.

5. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമല്ല. വിദ്യാലയങ്ങളിൽ വായനാശീലം പ്രോൽസാഹിപ്പിക്കുന്നില്ല.

സാധ്യതകൾ :

1. എല്ലാ വാർഡുകളിലും ഗ്രന്ഥശാലാ സംഘത്തിന്റെ കീഴിലുള്ള ലൈബ്രറികളും വായനശാലകളും സ്ഥാപിക്കണം.

2. തുടർ സാക്ഷരതാ പ്രവർത്തനം സജീവമാക്കുക.

3. പഞ്ചായത്തിൽ പൊതു കളിസ്ഥലവും കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുക.

4. കലാ സാഹിത്യ വാസനയുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

പൊതു പ്രശ്നങ്ങൾ:

1. പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ഉപയോഗിക്കാൻ പറ്റിയ കളിസ്ഥലവും കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുക.

2. സ്കൂളും കുട്ടികളിൽ വായനാ ഗ്രൂപ്പ് ഉണ്ടാക്കുക. സ്കൂളുകളിലെ ലൈബ്രറി പ്രവർത്തനം മെച്ചപ്പെട്ടതാക്കുക.

3. സർക്കാർ ഉടമസ്ഥതയിലുള്ള വീരമംഗലം എൽ. പി. സ്കൂളിൽ (ഉണ്ടുതറ) ഒരു പൊതു വായനശാല ഉണ്ടാക്കുക.

4. എല്ലാ വാർഡുകളിലും റീഡിംഗ് റൂമുകൾ ഏർപ്പെടുത്തുക. അവിടങ്ങളിൽ പഞ്ചായത്ത് വകയായി പത്രങ്ങളും മെച്ചപ്പെട്ട രചനകളും എത്തിക്കണം.

5. ലൈബ്രറികളുടെയും, ക്ലബ്ബുകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ പഞ്ചായത്ത് തലത്തിൽ കലോത്സവം, കുട്ടികൾക്കായി വിജ്ഞാന പരീക്ഷ, പഠനയാത്രകൾ തുടങ്ങിയവ സംഘടിപ്പിക്കുക.





വനിത

കേരള സമൂഹത്തിൽ പകതിയോളം വരുന്ന വനിതകളുടെ സാമൂഹിക നിലവാരവും പ്രവത്തന പങ്കാളിത്തവും വർദ്ധിപ്പിക്കേണ്ടത്ആവശ്യമാണെന്ന ബോധ്യം നമുക്കിന്നുണ്ട്. നിയമസഭകളിലടക്കം മൂന്നിലൊന്ന് വനിതകളെ ഉണ്ടാവണമെന്ന് നിയമ നിർമ്മാണവും ചച്ചയും നടക്കുകയണ് സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ സ്ത്രീകളുടെ സാമൂഹ്യ പദവി, തൊഴിൽ ശേഷി, സാംസ്കാരികമായ മുന്നേറ്റം ഇവയൊക്കെ ഇനിയും വർദ്ധമാനമായ തോതിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

1996 ലെ സർവ്വെ പ്രകാരം തൃക്കടീരി ഗ്രാമ പഞ്ചായത്തിൽ 11653 സ്ത്രീകളാണ് ഉള്ളത്. ഇതിൽ 11420 പേരും സാക്ഷരരാണ്.

മൊത്തം ജനസംഖ്യ	പുരുഷൻ	സ്ത്രീ
23257	11574	11653

മേൽകാണിച്ച പട്ടിക അനുസരിച്ച് ജനസംഖ്യയുടെ 50–1% സ്ത്രീകളാണ്. അതുകൊണ്ട് തന്നെ എല്ലാരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം തുല്യ അനുപാതത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

സ്ത്രീപുരുഷ അനുപാതം

(1000 പുരുഷൻമാർക്ക്)

ഇന്ത്യ	1000	929
കേരളം	1000	1036
പാലക്കാട്	1000	1061
തൃക്കടീരി	1000	1007

പൊതു രംഗത്തും പൊതുപ്രവത്തന രംഗത്തും തൊഴിൽ രംഗത്തും സ്ത്രീകൾക്ക് നേതൃതപദവി ഉണ്ടെന്ന് പറയാനാവില്ല. പുതിയ പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതിയിൽ നാല് വനിതകൾ വന്നിട്ടുണ്ട്. ത്രിതല ഭരണക്രമത്തിൽ എല്ലാ തലങ്ങളിലും മൂന്നിലൊന്ന് വനിതകൾ ഭരണ രംഗത്ത് വന്നിട്ടുണ്ട്. എന്നാൽ ഭരണതലത്തിലും തീരുമാനം എടുക്കുന്ന മറ്റു സമിതികളിലും എല്ലാം സ്ത്രീകളുടെ പ്രാതിനിധ്യം ഇനിയും നിർണ്ണായകമായി വർദ്ധിക്കേണ്ടതുണ്ട്. വിദ്യാഭ്യാസകാര്യത്തിൽ പൊതുവെ വനിതകൾ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും സാമൂഹ്യ ബോധവും ശാസ്ത്ര ബോധവും ഉൾക്കൊണ്ടുകൊണ്ടുള്ള വനിതകളുടെ പ്രവർത്തനത്തിൽ നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ചവരും ഉയർന്ന ഉദ്യോഗം ഉള്ളവരും പൊതുവെ കുറവാണ്. എന്നാൽ അധ്യാപന രംഗത്ത് 93 ഓളം വനിതകൾ പഞ്ചായത്തിൽ പ്രവത്തിക്കുന്നു. കൂടാതെ പഞ്ചായത്തിലുള്ള 17 അംഗനവാടികളിലായി 34 പേരും ഔദ്യോഗിക രംഗത്തു പ്രവത്തിച്ചു വരുന്നുണ്ട്.

2316 വനിതാ തൊഴിലാളികളാണ് ആകെ പഞ്ചായത്തിലുള്ളത്. 5150 വീടുകളിലായി ഗൃഹജോലിയിലേർപ്പെട്ടിരിക്കുന്നവരെ കൂടി ഉൾപ്പെടുത്തിയാൽ ഇത് വളരെ കൂടുതലാണ്.

അംഗനവാടികളെ സംബന്ധിച്ച്

വാർഡ്	സ്ഥലം	അംഗനവാടികളുടെ എണ്ണം
1	പരത്തി പറമ്പ്, സബ് സെൻററിനു സമീപം	2
2	കരിയാറുട്ടി, ആറാശ്ശീരി സ്കൂളിനു സമീപം	2
3	മഹിളാ സമാജത്തിനു സമീപം, കോട്ടപ്പുറം	3
4	കിഴൂർറോഡ്, കരിയാട്ടിൽ, എണ്ണംകണ്ടം	2
5	ചീരംകുളം	1
6	കണ്ണൻതൊടി, ആലാച്ചിപള്ളിയാൽ.	2
7	കുറ്റിക്കോട്, വീരമംഗലംവടക്ക്.	2
8	അഴകത്ത്ചിറ	1
9		—
10	വീരമംഗലംറോഡ്, ലക്ഷംവീടിനുസമീപം	2
	ആകെ	17

പഞ്ചായത്തിലെ അംഗനവാടി കേന്ദ്രീകരിച്ച മഹിളാസമാജങ്ങൾ പ്രവത്തിക്കുന്നുണ്ടെങ്കിലും നേരിയ വിഭാഗം വനിതകളെപോലും പ്രസ്തുത മഹിളാ സമാജത്തിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല

അതു പോലെ ഗർഭിണികൾക്കും മറ്റും വിറ്റാമിൻ ഗുളികകളും വിതരണം ചെയ്യാറുണ്ടെങ്കിലും ആയത് ശരിയായ രൂപത്തിൽ അർഹതയുള്ള വനിതകൾക്കെല്ലാം കിട്ടുന്നുണ്ടോ എന്നത് സംശയമാണ്. ശരാശരി 20 കുട്ടികളും അംഗനവാടികളിൽ വരുന്നുണ്ട്. പഞ്ചായത്തിൽ ക്രഷ് ഒന്നും തന്നെ ഇപ്പോഴില്ല. പെൺകുട്ടികളെ കൂടുതലൊന്നും പഠിപ്പിക്കേണ്ടതില്ല എന്ന മനോഭാവം ഇപ്പോഴും പലരിലും നിലനില്ക്കുന്നുണ്ട്. അതുകൊണ്ട് തന്നെ തുടർന്നു പഠിക്കുവാൻ താൽപര്യമുള്ള വിദ്യാർത്ഥിനികൾ ഇടക്കുവെച്ച് പഠനം നിർത്തുന്നുണ്ട്. മാതാപിതാക്കൾ കൂലിവേലക്ക് പോകുന്ന വീടുകളിലെ പെൺകുട്ടികൾ വളരെ ചെറുപ്പത്തിൽ തന്നെ എല്ലാ വീട്ടുജോലിയും ചെയ്യേണ്ടി വരുന്നുണ്ട്. താഴെ ജനിക്കുന്ന കുട്ടികളെ നോക്കി വളർത്തേണ്ടതും അത്തരക്കാരുടെ ചുമതലയായി മാറുന്നുണ്ട്.

തുക്കടീരിയിലെ 11 സ്കൂളുകളിലും മൊത്തത്തിൽ നോക്കുമ്പോൾ പെൺകുട്ടികൾ തന്നെയാണ് പഠന നിലവാരത്തിലും എണ്ണത്തിലും മുന്നിൽ. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് 2 സ്ഥാപനങ്ങൾ ഉള്ളതിൽ തുക്കടീരി സെൻറിൽ (3 ാം വാർഡ്) പ്രവർത്തിക്കുന്ന (1996 ഏപ്രിൽ മുതൽ ഒക്ടോബർ വരെ C.S.I ആണ് നടത്തിയിരുന്നത്.) ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് മഹിളാസമാജമാണ് 96 ഒക്ടോബർ മുതൽ നടത്തിവരുന്നത്. ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികളിൽ ആകെയുള്ള 15 പേരിൽ 9 പെൺകുട്ടികൾ ടൈപ്പ് റൈറ്റിങ്ങും 3 പേരിൽ 2 പെൺകുട്ടികൾ ഷോർട്ട് ഹാൻറും പഠിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടമുള്ള പ്രസ്തുത സ്ഥാപനത്തിൽ മൂന്ന് ടൈപ്പ് റൈറ്റർ ഉണ്ട്. പൊതുവെ പറഞ്ഞാൽസാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ വളരെ പിന്നിലാണ്.

പട്ടിക 1–1

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട വനിതാ തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽ സംരംഭത്തിൻെറ ഇനം	വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തന ക്ഷമത
2	പശു വളർത്തൽ	95.96	10	നാൽപ്പത്
3	റെഡിമെയ്ഡ് യൂനിറ്റ്	95.96	10	ട്രൈസം ട്രെയിനിംഗ് നടത്തി യിരിക്കുന്നു.
	റെഡിമെയ്ഡ് യൂനിറ്റ്	96.97	10	ട്രെയിനിംഗ്

DWCRA പദ്ധതി പ്രകാരം തുക്കടീരി പഞ്ചായത്തിൽ നെല്ലുകുത്ത് യൂനിറ്റ് തുടങ്ങിയ പലതും ആരംഭിച്ചെങ്കിലും ആയത് നിലനിൽക്കുന്നില്ല. ഈ രംഗത്ത് തുക്കടീരി മൂന്നാം വാർഡിൽ ഒരു റെഡിമെയ്ഡ് യൂനിറ്റ് മാത്രമാണിപ്പോഴുള്ളത്. ഇപ്പോൾ 10 പേർക്കാണ് അവിടെ ട്രൈസം പദ്ധതി പ്രകാരം പരിശീലനം നൽകിവരുന്നത്. പഞ്ചായത്തിൽ 100ഓളം വനിതാ ടെയ്ലർമാർ സ്വയം തൊഴിൽ കണ്ടെത്തിയവരുണ്ട്.

പെൺകുട്ടികളെ ജീവിതത്തിൻെറ സമസ്ത മേഖലകളിലും വിജയം കൈവരിക്കാൻ കഴിവുള്ള വരാക്കുക എന്നതിലുപരി വിവാഹത്തിനു ഒരുക്കുന്ന ഒരു പ്രക്രിയയായി വിദ്യാഭ്യാസത്തെ കാണുന്ന പ്രവണത ഇനിയും മാറിയിട്ടില്ല. മുസ്ലീം

സമുദായങ്ങളിൽ നേരത്തെയുണ്ടായിരുന്ന പ്രാഥമിക തലം വരെയുള്ള പഠനത്തിനു ശേഷം ഒഴിഞ്ഞുപോകുക എന്നുള്ള പ്രവണത നേരത്തെ ഉണ്ടായിരുന്നെങ്കിലും ഇന്നു് അതിൽ നിന്നു് വളരെയധികം മെച്ചപ്പെട്ടിട്ടുണ്ടു്. സ്ത്രീകൾക്കു് നേരെയുള്ള അക്രമങ്ങൾ പൊതുവെ കുറവാണു്. ഏതെങ്കിലും തരത്തിൽ ജോലിയുള്ള പെൺകുട്ടിക്കാണു് വിവാഹകമ്പോളത്തിൽ ഇടത്തരക്കാരിൽ പ്രിയമേറുന്നതു്. തന്മൂലം ജോലിയൊന്നും ഇല്ലാത്ത പെൺകുട്ടികൾക്കു് ഒരുതരം അനാഥത്വം നിലനിൽക്കുന്നുണ്ടു്. സാമൂഹ്യപ്രസ്ഥാനങ്ങളുടെ സജീവമായ ഇടപെടലുകൾ ഈ രംഗത്തു് ഉണ്ടാകേണ്ടതാണു്. സ്ത്രീകളിലുള്ള വായനാ ശീലത്തെ നല്ല ദിശയിലേക്കു നയിക്കുന്നതിനും സാംസ്കാരിക നിലവാരം ഉയർത്തുന്നതിനും വായനശാലകളും സാംസ്കാരിക സ്ഥാപനങ്ങളും ശ്രദ്ധിക്കേണ്ടതുണ്ടു്.

പട്ടിക 1–2

തൊഴിൽ മേഖലയിലെ കൂലിനിരക്കു്

S P No.	തൊഴിൽ മേഖല	സ്ത്രീ	പുരുഷൻ
1	കാർഷികവൃത്തി	50 രൂപ	80.00
2	നിർമ്മാണം, മറ്റുമേഖല.	70 രൂപ	100.00

ഏറെറടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടും നിറവേറ്റപ്പെടാൻ സ്ത്രീകൾക്കു് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറെറടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏൽപിച്ചു കൊടുക്കുവാനുള്ള താൽപര്യക്കുറവു് പുരുഷന്മാരുടെ ഭാഗത്തും ഉണ്ടു്. മഹിളാസമാജങ്ങൾ രൂപീകരിക്കാൻ അയൽ കൂട്ടം എന്ന രീതിയിൽ വനിതകളുടെ ഗ്രൂപ്പുകൾ ഉണ്ടാക്കൽ തുടങ്ങിയവ സ്ത്രീകളെ സാമൂഹ്യ രംഗത്തേക്കു് ഉയർത്തിക്കൊണ്ടു വരുവാൻ പറ്റുന്ന ഘടകങ്ങളാണു്.

പ്രശ്നങ്ങൾ:

1 വേതന തുല്യത ലഭിക്കാതിരിക്കുക

2 സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലുള്ളപങ്കാളിത്തം ഇല്ലായ്മ

3 സ്വയം തൊഴിൽ കണ്ടെത്താനുള്ള താൽപര്യക്കുറവു്

4 രൂക്ഷമായ തൊഴിലില്ലായ്മ

5 പുരുഷൻമാരുടെ മദ്യപാനം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

6 സ്ത്രീകളുടെ ഇടയിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും

7 ടി. വി., റേഡിയോ, തരംതാണ പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ സ്വാധീനം

സാധ്യതകൾ:

1 സ്ത്രീകളുടെ നേതൃത്വത്തിൽ സഹകരണ സംഘങ്ങളുണ്ടാക്കൽ

2 എല്ലാ വാർഡുകളിലും മഹിളാസമാജങ്ങളും അംഗനവാടികളും രൂപീകരിക്കുക

3 ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാര പരിപാടി നടപ്പാക്കുക

4 അടുക്കളത്തോട്ട നിർമ്മാണം വ്യാപിപ്പിക്കുക

5 സ്കൂളിൽ മൂത്രപ്പുരയും കക്കൂസും നിർബന്ധമായും ഉണ്ടാക്കൽ

6 ബോധ വൽക്കരണത്തിലൂടെ ശാസ്ത്രീയ ചിന്ത വളർത്തിയെടുക്കുക

7 മദ്യനിരോധം കർശനമായും നടപ്പാക്കുന്നതി വാവശ്യമായ ബോധവൽക്കരണം സമൂഹ ത്തിൽ നടപ്പാക്കുക, മേൽനോട്ടത്തിന് ജന കീയ സമിതികളും ഉണ്ടാക്കുക.

8 അയൽ കൂട്ടങ്ങളെ രൂപീകരിക്കുകയും അവ യുടെ നേതൃത്വത്തിനു പ്രവർത്തനങ്ങളെ സംഘ ടിപ്പിക്കുകയും, അയൽകൂട്ട പ്രതിനിധികളെ ഉൾക്കൊള്ളിച്ചു പഞ്ചായത്ത് തലസമിതി രൂപീകരിക്കുക.

പൊതു നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിൽ ഒരു വനിതാ സഹകരണ സം ഘം രൂപീകരിക്കുക.

2. വനിതകൾക്കു വേണ്ടി തുന്നൽ കേന്ദ്രം, നിർമ്മാണ യൂനിറ്റുകൾ എന്നിവ തുടങ്ങുക.

3. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും, പഞ്ചായത്ത് തലത്തിൽ അവയുടെ ഒരു പ്രോഗ്രാമിംഗ് സമിതി ഉണ്ടാ ക്കുകയും ചെയ്യുക.

4. സ്ത്രീകൾക്കു വേണ്ടി നല്ല പുസ്തകങ്ങൾ വീട്ടിലെ ത്തിച്ചു കൊടുക്കാൻ സർക്കുലേഷൻ ലൈബ്രറി സമ്പ്രദായം ഏർപ്പെടുത്തുക.

5. പഞ്ചായത്തു തലത്തിൽ വനിതാ കാര്യങ്ങൾ ക്കായി ഒരു ഉപദേശക സമിതി രൂപീകരി ക്കുക.



സഹകരണം

''കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടം തന്നെ പിൻതലമുറക്ക് കോഗിച്ചു കൊടുത്തു കൊണ്ട് മരണമടയുന്നവരാണ് ഇന്ത്യൻ കർഷകൻ''

എന്ന ചൊല്ല് പ്രസക്തമാണ്. ഈ ചൊല്ലു പോലെ, ഇന്ത്യൻ കർഷകരെ രക്ഷിക്കുവാൻ ബ്രിട്ടീഷ് ഗവൺമെൻറ് 1879ൽ കൊണ്ടുവന്ന ഡക്കാൻ അഗ്രിക്കൾച്ചറൽ ഡെഫ്റ്റ് റിലീഫ് ആക്റ്റ് 1883ലെ ലാൻറ് ഇംപ്രൂവ്മെൻറ് ലോൺസ് ആക്റ്റ് 1884ലെ അഗ്രികൾച്ചറൽ ലോൺസ് ആക്ട് എന്നിവ ഗവൺമെൻറ് നടപടികളുടെ കാല താമസവും സാങ്കേതികത്വം മൂലവും കർഷകന് വേണ്ടത്ര പ്രയോജനമുണ്ടായില്ല. അങ്ങിനെ 1892ൽ സഹകരണ സംഘങ്ങളെകുറിച്ച് ഗവൺമെൻറ് തലത്തിൽ ആലോചന തുടങ്ങുകയും 1904ഓടെ കൂടി X-ാം നമ്പർ ആക്റ്റായി ആദ്യത്തെ ഇന്ത്യൻ സഹകരണ സംഘ നിയമം നിലവിൽ വന്നു. ഈ നിയമത്തിൻെറ ചുവട് പിടിച്ച് സി. രാജഗോപാലാചാരിയുടെകാലത്ത് 1914ൽ തിരുവിതാംകൂർ സെൻട്രൽ സഹകരണ ബാങ്ക് രൂപം കൊള്ളുകയുണ്ടായി. ഇതായിരുന്നു ഇന്നത്തെ സ്റ്റെയിറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ ആദിരൂപം. 1966ലാണ് കേരളത്തിൽ പൊതുവെ ബാധകമായ സഹകരണ നിയമം നിലവിൽ വന്നത്. 1969 ലെ 21-ാം ആക്റ്റ് ആയി കേരള സഹകരണ നിയമം 1969 മെയ് മുതൽ പ്രാബല്യത്തിൽ വന്നു.

1946 ഫിബ്രവരി 8-ാം തിയ്യതി മാങ്ങോട് കേന്ദ്രമാക്കി തൃക്കടീരി പഞ്ചായത്തിലെ || വില്ലേജ് ആയ വീരമംഗലം അംശം. വീരമംഗലം, ദേശം, മാങ്ങോട് ദേശം എന്നീ പ്രദേശങ്ങളെ പ്രവർത്തന മേഖലയായി ഒരു ഐക്യനാണയ സൊസൈറ്റി രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു. അതുപോലെ കോതകുർശ്ശി കേന്ദ്രീകരിച്ച്

1996 മെയ് 20–ാം തിയ്യതി പ്രവർത്തനം തുടങ്ങിയ ഐക്യനാണയ സൊസൈറ്റി തൃക്കടീരി പഞ്ചായത്തിലെ എളേടത്ത് മാടമ്പ് അംശം കിഴൂർ തൃക്കടീരി അംശം തൃക്കടീരി, കാരാട്ടുകുർശ്ശി, കുറ്റിക്കോട് എന്നീ പ്രദേശങ്ങളിൽ പ്രവർത്തനപരിധിയായും ഇതിനുപുറമെ 1946ൽ പ്രവർത്തനം തുടങ്ങിയ ചെർപ്പുളശ്ശേരി കേന്ദ്രമാക്കി പ്രവർത്തിച്ചുവന്നിരുന്ന നെല്ല്എടപ്പ് സൊസൈറ്റിക്ക് (റൂറൽ സഹകരണ സംഘം) തൃക്കടീരി || വില്ലേജ് മുഴുവനും പ്രവർത്തന മേഖലയുണ്ടായിരുന്നു. എന്നാൽ അടുത്തകാലങ്ങളിലുണ്ടായ പ്രവർത്തന മേഖല വിഭജനവും സഹകരണ സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണവും കണക്കാക്കി മത്സര ബുദ്ധി ഒഴിവാക്കി ചെർപ്പുളശ്ശേരി സർവ്വീസ് സഹകരണ ബാങ്കായി വളർന്നുവന്ന ഈ ബാങ്കിൽ ഇപ്പോൾ തൃക്കടീരി || വില്ലേജ് പ്രദേശങ്ങളിലെ കുറ്റിക്കോട്, കാരാട്ടുകുർശ്ശി തുടങ്ങിയ മേഖലകൾ മാത്രമേ പ്രവർത്തന മേഖലകളായുള്ളൂ. അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിലെ സാധാരണ ജനങ്ങളുടെ വായ്പാവശ്യങ്ങൾ നിറവേറ്റുന്നതിൽ മേൽ കാണിച്ച മൂന്നു സ്ഥാപനങ്ങളും സ്തുത്യർഹമായ രീതിയിൽ സേവനമനുഷ്ഠിച്ചുവരുന്നു.

പട്ടിക 1.1

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

	സ്ഥാപനത്തിന്റെ പേർ	മാങ്ങോട് സർവ്വീസ് ബാങ്ക്	കോതകുർശ്ശി സർവ്വീസ് ബാങ്ക്
1	പ്രവർത്തന പരിധി	7,8,9,10 വാർഡുകൾ	1,2 3,4,5.6 വാർഡുകൾ
2	ക്രെഡിറ്റ്/നോൺ	ക്രെഡിറ്റ്	ക്രെഡിറ്റ്
3	പ്രവർത്തനം ആരംഭിച്ച വർഷം	8–2–1946	5–3–88 (തൃക്കടീരി ശാഖ)
4	ആകെ അംഗങ്ങൾ	2532	2331 (തൃക്കടീരി ശാഖ)
5	ഒരു ഓഹരി വില	10 W.	25
6	അംഗീകൃത ഓഹരി മൂലധനം	12,10,000	54,50,000
7	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	923000	351955 (തൃക്കടീരിശാഖ)
8	സർക്കാർ ഓഹരിയുണ്ടോ?	ഉണ്ട്	ഉണ്ട്
9	ഉണ്ടെങ്കിൽ ലഭിച്ച തുക	78,000	50,000
10	പരമാവധി കടം എടുക്കാവുന്ന തുക	369,20,000	9,00,00,000

പട്ടിക 1.2

ക്രെഡിറ്റ് മേഖല

നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം തുടങ്ങിയ വർഷം	പ്രവർത്തന പരിധി	ഓഹരി മൂലധനം	ജീവനക്കാർ	
					സ്ഥിരം	താൽക്കാലികം
1	മാങ്ങോട് സർവ്വീസ് ബാങ്ക്	1946	വീരമംഗലം, മാങ്ങോട് പൂതക്കാട്	12,10,000	7	4
2	കോതകുർശ്ശി സർവ്വീസ് ബാങ്ക്		തൃക്കടീരി, കുറ്റിക്കോട് കിഴൂർ, കാരാട്ടുകുർശ്ശി	54,50,000	5	4
3	ചെർപ്പുളശ്ശേരി സർവ്വീസ് ബാങ്ക്	1946	കുറ്റിക്കോട്, കാരാട്ടുകുർശ്ശി	—	—	—
					12	8

പട്ടിക 1.3
അംഗങ്ങൾ

മാങ്ങോട് ബാങ്ക്	2532
കോതകുർശ്ശി ബാങ്ക്	2331
ചെർപ്പുളശ്ശേരി	1191
ആകെ	6054

വായ്പ മേഖല ഒഴിച്ചു നിർത്തിയാൽ നമ്മുടെ പഞ്ചായത്തിൽ മറ്റു സഹകരണ സ്ഥാപനങ്ങളൊന്നും പ്രർത്തിച്ചുവുരുന്നില്ല. തൊട്ടടുത്ത ചെർപ്പുളശ്ശേരി ഹരിജന ക്ഷേമ സഹകരണ സംഘത്തിൽ നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങളിലെ 100ൽ പരം വ്യക്തികൾ അംഗങ്ങളാണ്. ഇതിലൂടെ നാമമാത്രമായ വായ്പസൗകര്യം മാത്രമെ ലഭിച്ചിട്ടുള്ളൂ.


ചെർപ്പുളശ്ശേരി കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ശ്രീകൃഷ്ണപുരം ബ്ലോക് ഭവന നിർമ്മാണ സഹകരണ ഡംഘത്തിന്റെ പ്രവർത്തനപരിധിയിൽ തൃക്കടീരി പഞ്ചായത്തും ഉൾപ്പെട്ടിരുന്നു. പ്രസ്തുത സംഘത്തിലൂടെയും ചുരുക്കം ചില കുടുംബങ്ങൾക്ക് ഭവന വായ്പ സൗകര്യം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭവന നിർമ്മാണ സംഘം ഭരണസമിതിയിലേക്ക് തൃക്കടീരി പഞ്ചായത്തിൽനിന്നും രണ്ട് അംഗത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്.

അതുപോലെ ചെർപ്പുളശ്ശേരി കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന പാൽ സഹകരണ സംഘത്തിൽ തൃക്കടീരി പഞ്ചായത്ത് പ്രവർത്തന മേഖലയല്ലെങ്കിലും നമ്മുടെ പഞ്ചായത്തിലെ മാങ്ങോട്, വീരമംഗലം തുടങ്ങിയ പ്രദേശങ്ങളിലെ ക്ഷീരകൃഷിക്കാരിൽനിന്നും പാൽ സംഭരണം നടത്തുന്നുണ്ട്. വ്യാവസായിക സംഘങ്ങളൊ മറ്റൊ പഞ്ചായത്തിലൊ അടുത്ത പ്രദേശങ്ങളിലൊ സ്ഥാപിക്കപ്പെടുകയൊ സേവനം ലഭ്യമാകുകയൊ ചെയ്തിട്ടില്ല.


ഒറ്റപ്പാലം കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന ഭൂവികസന ബാങ്കിന്റെ പ്രവർത്തന മേഖലയിൽ തൃക്കടീരി ഉൾപ്പെടുന്നു. ഇതിലൂടെ കർഷകർക്ക് ദീർഘകാല വായ്പ, ഭവന നിർമ്മാണ വായ്പ എന്നിവ ലഭിച്ചു വരുന്നു.

ചെർപ്പുളശ്ശേരി കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന അർബ്ബൻ കോ. ഓപ്പറേറ്റീവ് ബാങ്കിന് വീരമംഗലത്തു നിന്ന് 50ഓളം അംഗങ്ങളുണ്ട്. ഏതാനും വ്യക്തികൾക്ക് വായ്പ സൗകര്യം ലഭിച്ചിട്ടുണ്ട്.

പട്ടിക 1.4
1995–96 നിക്ഷേപങ്ങൾ




കോതകുർശ്ശി ബാങ്ക്, തൃക്കടീരി ശാഖ




മാങ്ങോട് ബാങ്ക്

പട്ടിക 1.5
1995–96 വായ്പകം



കോതകുർശ്ശി ബാങ്ക്, തൃക്കടീരിശാഖ



മാങ്ങോട് ബാങ്ക്

കോതകുർശ്ശി സർവ്വീസ് സഹകരണ ബാങ്ക്, മാങ്ങോട് സർവ്വീസ് സഹകരണ ബാങ്ക്, ചെർപ്പുളശ്ശേരി സഹകരണ ബാങ്ക് എന്നിവിടങ്ങളിലെ സേവനം മെച്ചപ്പെട്ടതായി കാണാം. കർഷകർക്ക് ആശ്വാസം നൽകുക എന്ന ഉദ്ദേശത്തോടെ പ്രവർത്തിക്കുന്ന പ്രസ്തുത ബാങ്കുകളും ആ രംഗത്ത് ആശാവഹമായ പുരോഗതി കൈവരിച്ചിട്ടില്ല. ബാങ്കിന്റെ ഇന്നത്തെ പ്രധാന പ്രവർത്തനങ്ങളും കാർഷിക വായ്പ, ചെറുകിട കച്ചവടക്കാർക്കുള്ള വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയം കൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പ, വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള വായ്പ, വ്യാവസായിക വായ്പ, I. R. D. P. വായ്പകം എന്നിവയാണ്. കൂടാതെ രാസവളം, കീടനാശിനി, തുണി എന്നിവയുടെ ന്യായ വില്പനയും നടത്തിവരുന്നുണ്ട്.

പട്ടിക 1.7
നൽകിയ വായ്പകം കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളത്

വായ്പയുടെ സ്വഭാവം	തുക
ഹ്രസ്വകാല കാർഷിക വായ്പ	177470
മദ്ധ്യകാല വായ്പ	8139
ദീർഘകാല വായ്പ	5400
കാർഷികേതര വായ്പ	3154690.00
ആകെ,	33,45,699.00

പട്ടിക 1.6
1995–96 വർഷം


	വായ്പകം	തുക
കാർഷികം	ഹ്രസ്വകാലം	1546583.00
	മദ്ധ്യകാലം	21950.00
	ദീർഘകാലം	87848.00
	മറ്റുവായ്പകം	27932459.00
	ആകെ	2,95,88,840.00

പട്ടിക 1.8
1995–96

നിക്ഷേപങ്ങൾ		തുക	
സ്ഥിരനിക്ഷേപം	മാങ്ങോട്	12950911	—
	K–S C–B തൃക്കടീരി	11050271	—
ഹ്രസ്വകാലം	മാങ്ങോട്	2596418	09
	K–S C–B തൃക്കടീരി	1990918	10
	ആകെ	2,85,88,518	19

പട്ടിക 1.9
സ്ഥാപനത്തിന്റെ ചെലവുകൾ

1.	സിൽബന്ധി ചെലവ്	1308273.10
2.	കണ്ടിജൻസ് ചെലവ്	1086711.90
	ആകെ	2394985.00



പ്രശ്നങ്ങൾ:

1. കാലാനുസൃതമായ മാറ്റം ഉൾക്കൊള്ളുന്നില്ല.

2. പ്രവർത്തന മേഖലയുടെ വിസ്തൃതി കൂടുതൽ.

3. വായ്പകൾ കൃത്യമായും യഥാർത്ഥ ആവശ്യത്തിനു ഉപയോഗിക്കാതിരിക്കൽ.

4. കടം യഥാവസരത്തിൽ പിരിച്ചെടുക്കാതിരിക്കൽ.

5. ഉൽപാദന മേഖലയിൽ ഫലപ്രദമായി ഇടപെടുന്നില്ല.

6. സംഭരണ–പിപണന മേഖലയിൽ സംഘങ്ങളുടെ ഇടപെടൽ ഫലപ്രദമല്ല.

സാധ്യതകൾ:

1. ബ്രാഞ്ചുകൾ തുറക്കൽ.
മാങ്ങോട് സർവ്വീസ് സഹകരണ ബാങ്കിൽ വീര മംഗലത്ത് ബ്രാഞ്ചു തുടങ്ങാവുന്നതാണ്.

2. ആവശ്യമായത്ര കാർഷിക വായ്പകൾ അനുവദിക്കൽ.

3. പഞ്ചായത്തിന്റെ മിച്ചംവരുന്ന ഫണ്ട് പ്രാദേശിക സഹകരണ ബാങ്കിൽ നിക്ഷേപിക്കൽ.

4. ജില്ലാ ബാങ്കിന്റെയും നബാഡിന്റെയും വായ്പ വിതരണം ലഘൂകരിക്കൽ.

5. കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിക്കാനും വിൽക്കാനുമുള്ള സൗകര്യം.

6. വായ്പ ലഭ്യതയുടെ കാലതാമസം ഒഴിവാക്കൽ.

7. ചെർപ്പുളശ്ശേരി അർബ്ബൻ സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ തൃക്കടീരി പഞ്ചായത്തു പ്രദേശം ഉൾപ്പെടുത്തുക.

ക്ഷീര സഹകരണ സംഘം:

പഞ്ചായത്തിൽ ഒരു ക്ഷീര സഹകരണ സംഘം ഇല്ലാത്തതിനാൽ പഞ്ചായത്തിലെ ക്ഷീര ഉൽപാദകർ ഏറെ ബുദ്ധിമുട്ടനുഭവപ്പെടുന്നു.

പ്രശ്നങ്ങൾ:

1. വിദൂരമായ സ്ഥലങ്ങളിലെ സംഘങ്ങളിൽ പാൽ എത്തിക്കുക.

2. വൈക്കോൽ, പുല്ല് തുടങ്ങിയ കാലിത്തീറ്റയുടെ കുറവ്.

3. മേച്ചിൽ സ്ഥലങ്ങളുടെ അഭാവം.

സാധ്യതകൾ:

1. തൃക്കടീരി, കിഴൂർ, മാങ്ങോട്, കുറ്റിക്കോട് എന്നിവിടങ്ങളിൽ പാൽ സംഭരണ സഹകരണ സംഘം തുറക്കൽ.

2. എല്ലാ ക്ഷീര കർഷകരെയും സംഘങ്ങളുടെ കീഴിൽ കൊണ്ടുവരിക.

3. കർഷകർക്ക് നല്ലയിനം കറവുമാടുകളെ എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും അതിനാവശ്യമായ വായ്പ നൽകുകയും ചെയ്യണം.

4. കാലിതീറ്റ വിതരണം, തീറ്റപുൽ കൃഷിക്കാവശ്യമുള്ള വായ്പയും സൗകര്യവും ചെയ്തു കൊടുക്കണം.

5. ഉൽപന്ന നിർമ്മാണ യൂണിറ്റ് പ്രവർത്തനം.

സ്കൂൾ സൊസൈറ്റികൾ:

പഞ്ചായത്തിലാകെ 1 സ്കൂൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. ഒരേ സ്വഭാവത്തിലുള്ള പ്രവർത്തനമാണ് നടത്തുന്നത്. പുസ്തകങ്ങൾ വിതരണം ചെയ്യുക എന്നതൊഴിച്ചാൽ മറ്റു പ്രവർത്തനങ്ങളൊന്നും തന്നെ ചെയ്യുന്നില്ല. വിദ്യാർത്ഥികൾക്കാവശ്യമായ യൂനിഫോം

നോട്ടബുക്കുകൾ, കുടകൾ, ബാഗ് എന്നിവ നിർമ്മിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു സംഘം രൂപീകരിച്ചു പ്രവർത്തനം ശക്തിപ്പെടുത്താൻ സാധിക്കും.

ഗ്രാമസഭകളിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങൾ:

☐ പഞ്ചായത്തടിസ്ഥാനത്തിൽ ഹരിജന ക്ഷേമ സഹകരണ സംഘം സ്ഥാപിക്കൽ.

☐ പഞ്ചായത്തടിസ്ഥാനത്തിൽ വനിതാ സഹകരണ സംഘം സ്ഥാപിക്കൽ.

☐ ലേബർ കോൺട്രാക്ടറ് സൊസൈറ്റി സ്ഥാപിക്കൽ.

☐ ഭക്ഷ്യവസ്തുക്കൾ നിർമ്മാണ യൂനിറ്റ്.

☐ ഫർണീച്ചർ നിർമ്മാണ വിപണന സംഘം രൂപീകരിച്ചു പ്രവർത്തനം നടത്തുക.

പൊതുനിർദ്ദേശങ്ങൾ:

1. പഞ്ചായത്തടിസ്ഥാനത്തിൽ ഹരിജന ക്ഷേമ സഹകരണസംഘം സ്ഥാപിക്കൽ.

2. കിഴൂർ, തൃക്കടീരി, കുറ്റിക്കോട്, മാങ്ങോട് എന്നീ പ്രദേശങ്ങൾ കേന്ദ്രങ്ങളാക്കി പാൽ സഹകരണ സംഘം സ്ഥാപിക്കൽ.

3. പഞ്ചായത്തിൽ ഒരു വനിതാ സഹകരണ സംഘം സ്ഥാപിക്കുക.

4. ലേബർ കോൺട്രാക്ടറ് സൊസൈറ്റി സ്ഥാപിക്കുക.

5. പരമ്പരാഗത മേഖലയിൽ ജോലി ചെയ്തു വരുന്നവരെ, സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു ഉല്പന്നങ്ങൾ നിർമ്മിക്കുവാനും വിപണനം നടത്തുന്നതിനുമായി ഒരു സംഘം സ്ഥാപിക്കുക.

6. പച്ചക്കറി ഉൽപാദന–വിതരണ മേഖല ശക്തിപ്പെടുന്നതിനാവശ്യമായി പച്ചക്കറി കൃഷിക്കാരുടെ സഹകരണ സംഘം സ്ഥാപിക്കൽ.

7. റബ്ബർ ഉൽപാദന–വിതരണ സഹകരണ സംഘം സ്ഥാപിക്കൽ.

8. ചെർപ്പുളശ്ശേരി സഹകരണ അർബ്ബൻ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ തൃക്കടീരി പഞ്ചായത്ത് മുഴുവനും ഉൾപ്പെടുത്തുക.

9. മാങ്ങോട് സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് വീരമംഗലത്ത് സ്ഥാപിക്കുക.

10. സഹകരണ ബാങ്കുകളിലെ നിക്ഷേപം ഉപയോഗിച്ചുകൊണ്ട് അടുക്കള തോട്ടം, കോഴി വളർത്തൽ തുടങ്ങിയവയുടെ വർദ്ധനവിനാവശ്യമായ ആസൂത്രിത പദ്ധതികൾ ഏർപ്പെടുത്തുക.



പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

തൃക്കടീരി പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 672 പട്ടിക ജാതി കുടുംബങ്ങളം ഉൾപ്പെടുന്നു. മറ്റു സമുദായങ്ങളുമായി ഇടകലർന്നാണ് ഈ കുടുംബങ്ങളും താമസിക്കുന്നത്. ആകെയുള്ള 3246 പേരിൽ 1598 പുരുഷന്മാരും 1648 സ്ത്രീകളുമാണ്. ആനുകൂല്യങ്ങളം ലഭിക്കുന്നതിനുവേണ്ടി കോളനികളം ഗുണം ചെയ്യുമെങ്കിലും പട്ടികജാതി കോളനിയെന്ന പദപ്രയോഗത്തിൽ ഭൂരിപക്ഷം പേരും സംതൃപ്തിയുള്ളവരല്ല. ഈ പദ പ്രയോഗം സമൂഹത്തിൽ നിന്നും പ്രസ്തുത വിഭാഗത്തെ വേർതിരിച്ചു നിർത്തുന്നു എന്ന അവസ്ഥ ഉളവാകുന്നു എന്ന തോന്നൽ പൊതുവെ എല്ലാവരിലും കാണപ്പെടുന്നു.

സാമൂഹിക വിദ്യാഭ്യാസ മേഖലകളിൽ നിലവാരം ഉയർത്താൻ കഴിയുന്നുണ്ടെങ്കിലും ഭൂരിപക്ഷം കുടുംബങ്ങൾക്കും സാമ്പത്തിക രംഗത്ത് വേണ്ടത്ര ഉയർച്ചയും ഭദ്രതയും കൈവന്നതായി കാണുന്നില്ല. പ്രയാസമേറിയ നിബന്ധനകളം കൊണ്ടും പദ്ധതികളം ഉപയോഗപ്പെടുത്തുന്നതിൽ പിന്നോക്കം പോയിട്ടുണ്ട്. കുടികിടപ്പവകാശം ലഭിച്ചതോടെ കുറച്ചു കുടുംബങ്ങൾക്ക് സാമൂഹിക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബഹുജന സംഘടന സാമൂഹ്യ സംഘടന പ്രവർത്തനങ്ങളിൽ പട്ടിക ജാതിക്കാർ കുറച്ചുപേരെങ്കിലും നേതൃത്വപരമായ പങ്ക് വഹിക്കുന്നുണ്ട്. ഇത് ഇനിയും വർദ്ധിക്കേണ്ടിയിരിക്കുന്നു. പ്രൊഫഷണൽ ബിരുദമുള്ള 5 ഓളം പേരും സർക്കാർ ഉദ്യോഗമുള്ള 14പേരും ഉണ്ടെങ്കിലും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളായി പട്ടിക ജാതിക്കാർ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജാതിമതസ്ഥരുടെയും ചടങ്ങുകളിലും പൊതു പരിപാടികളിലും ഏതാണ്ട് നല്ല പരിഗണന ലഭിക്കുകയും ചെയ്തു വരുന്നു.

വിദ്യാഭ്യാസം:

പ്രായമുള്ളവരിൽ എല്ലാവർക്കും വിദ്യാഭ്യാസം ലഭിച്ചില്ലെങ്കിലും ഇന്ന് മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം ലഭിക്കുവാൻ സൗകര്യംഉണ്ട്. ഗവൺമെൻറിൽനിന്നും ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭിച്ചുവരുന്നു. 96—97 അദ്ധ്യയന വർഷത്തിൽ പഞ്ചായത്തിലെ സ്കൂളുകളിലായി 216 ആൺകുട്ടികളും 177 പെൺകുട്ടികളുമായി ആകെ 393 പേർ വിവിധ സ്കൂളിൽ പഠനം നടത്തിവരുന്നുണ്ട്. SSLC ക്ക് ശേഷം തുടർന്ന് പഠിക്കുന്നതിൽ വിമുഖത കാണിക്കുന്നു. ഗവൺമെൻറ് നൽകുന്ന ആനുകൂല്യങ്ങളും ഉപയോഗപ്പെടുത്തി സാമൂഹ്യ പുരോഗതി നേടിയെടുക്കാൻ ഇനിയും ബോധവാൻമാരാകേണ്ടിയിരിക്കുന്നു.

തൊഴിൽ:

പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ ഭൂരിഭാഗവും വ്യത്യസ്ത മേഖലകളിൽ തൊഴിൽ എടുക്കുന്നവരാണ്. ഉദ്യോഗതലത്തിലും കെട്ടിട നിർമ്മാണ ജോലിയിലും മറ്റു തൊഴിലുകളിലുമായി ശരാശരി ജീവിത നിലവാരം പുലർത്തുവാൻ സാധിക്കുന്നുണ്ട്. തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം വളരെ കുറഞ്ഞുകാണുന്നു. ഭൂരിപക്ഷം സ്ത്രീകളും വീട്ടുജോലികളുമായി കഴിഞ്ഞുകൂടുന്നവരാണ്. കാർഷിക പണികളിൽനിന്ന് പിൻമാറുന്ന ഒരു പ്രവണത നിലവിലുണ്ട്.

പഞ്ചായത്തിൽ സ്വന്തമായി വീട് വെക്കാൻ ഭൂമി ഇല്ലാത്തതുകൊണ്ട് മാത്രം 30 ഓളം കുടുംബവും വീടും സ്ഥലവും ഇല്ലാതെ 10 കുടുംബവും ഉണ്ട്. 96-97 വർഷത്തിൽ വീട് നിർമ്മാണത്തിൽ 25 കുടുംബങ്ങൾക്ക് സർക്കാർ സഹായം ലഭിച്ചിട്ടുണ്ട്.

പട്ടിക 1.1

പട്ടികജാതി	672
മറ്റുള്ളവർ	1278

ആകെ കുടുംബങ്ങൾ — 1950

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം

പട്ടിക 1.2

സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	80
ആകെ കുടുംബങ്ങൾ	672

പട്ടിക 1.3

വൈദ്യുതി നിലവിൽ ഉള്ള കോളനികൾ

വാർഡ്	കോളനിയുടെ പേര്	സ്ത്രീ സൗഹൃദം	ശുചിത്വം	ശുചിത്വം കുറഞ്ഞത്	കുടുംബങ്ങളുടെ എണ്ണം
1	ചുണ്ടൻ തോട്			*	18
1	ഊരത്തിൽതൊടിപറമ്പ്			*	11
4	കിളിയംപാറ	*		*	
4	കരിയാട്ടിൽ ചാള				6
5	ശങ്കുതൊടി	*		*	
6	പടിഞ്ഞാക്കരപറമ്പ്	*			
5	കുറ്റിക്കോട്ടകോളനി				7
6	മാട്ടുമ്മൽതൊടി				12
6	കണ്ണംതൊടിപറമ്പ്				
7	കുണ്ടൻപള്ള്യാൽ	*			
1	പരത്തിപറമ്പ്				12
4	തലാപ്പുള്ളി	*		*	
2	ഉള്ളാട്ടിൽതൊടി			*	
	ആകെ				66

പ്രശ്നങ്ങൾ:

1. അനുവദിക്കപ്പെടുന്ന സഹായം പരിമിതമാണ്.

2. സഹായ ധനങ്ങൾ ലഭിക്കാനുള്ള സങ്കേതിക ബുദ്ധിമുട്ടുകൾ.

3. വീടു പുതുക്കി പണിയാനും അറ്റകുറ പണിക്കും സഹായം ലഭിക്കാതിരിക്കൽ.

4. പദ്ധതികളെയും സഹായങ്ങളെയും കുറിച്ചു യഥാസമയം ഉപഭോക്താക്കൾക്ക് വിവരം ലഭിക്കായ്ക.

5. കോളനികളിൽ നിന്നും വേറിട്ടു തനിയെ താമസിക്കുന്നവർക്ക് ആനുകൂല്യം ലഭിക്കാതിരിക്കൽ.

6. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തക്കുറവ്.

7. IRDP പദ്ധതികളുടെ നടത്തിപ്പിലെ പ്രശ്നങ്ങൾ.

8. സഹായങ്ങൾ തവണകളായി ലഭിക്കുന്നതിലെ പ്രയാസം.

9. വീട് നിർമ്മിക്കുവാൻ നൽകുന്ന ധനസഹായം പര്യാപ്തമല്ല.

10. ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭ്യതയില്ല.

സാധ്യതകൾ:

1. ഹരിജൻ സഹകരണ സംഘം രൂപീകരിക്കൽ.

2. വീടുകളിൽ കിണറും, വൈദ്യുതിയും ലഭ്യമാക്കൽ.

3. വിവിധ സഹായ പദ്ധതികൾ ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.

4. വിവിധ സ്കീമുകളെ കുറിച്ചും വിഷയങ്ങളെ കുറിച്ചും ബോധവൽക്കരണം സംഘടിപ്പിക്കൽ.

5. വരുമാനം ഉള്ളവരുടെ കൂടെ താമസിക്കുന്നവർക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്ന അവസ്ഥ പരിഗണിക്കൽ.

6. സഹായങ്ങൾ യഥാവസരത്തിൽ ലഭ്യമാക്കൽ.

7. സഹായങ്ങൾ ദുർവിനിയോഗം തടയാനുള്ള പഞ്ചായത്തല സെൽരൂപീകരിക്കൽ.

8. പട്ടികജാതി കലാകാരൻമാർക്കുള്ള പ്രോത്സാഹനവും, സംരക്ഷയും.

പൊതുനിർദ്ദേശങ്ങൾ:

1. I. H. D. P. കോളനി തിരഞ്ഞെടുക്കുന്നതിന് 10 കുടുംബങ്ങളെങ്കിലും വേണമെന്ന നിലവിലുള്ള നിബന്ധന ഒഴിവാക്കി ചുരുങ്ങിയത് 5 കുടുംബങ്ങൾ എന്നാക്കുക.

2. അടിസ്ഥാന സൗകര്യം ഇല്ലാത്ത കോളനികൾക്കു കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ എത്തിക്കാൻ സമയ ബന്ധിതമായി ഒരു പദ്ധതി ഉണ്ടാക്കുക.

3. എല്ലാ പട്ടികജാതി കോളനികളിലും ഓരോ അംഗനവാടികൾ തുറന്നു പ്രവർത്തനം ആരംഭിക്കുക.

4. ആരോഗ്യ രക്ഷാ പ്രവർത്തകർ കോളനികളിൽ മൂന്നു മാസത്തിലൊരിക്കലെങ്കിലും സന്ദർശിച്ച് ബോധവത്കരണ പ്രവർത്തനം നടത്തുക.

5. പട്ടികജാതി വിഭാഗക്കാരുടെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ വേണ്ട നടപടികൾ എടുക്കുക.

6. നിലവിൽ വിതരണം ചെയ്യുന്ന ലംപ് സംഗ്രാൻറ് യഥാർത്ഥത്തിൽ ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല. പ്രസ്തുത തുക യഥാർത്ഥത്തിൽ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിന് ഉതകുന്ന രീതിയിൽ പുനഃസംവിധാനം ചെയ്യുക.

7. ഭൂരഹിതകർക്ക് ഭവന നിർമ്മാണത്തിനാവശ്യമായ ഭൂമി വാങ്ങികൊടുക്കൽ.



വിഭവ സമാഹരണം

തൃക്കടീരി പഞ്ചായത്തിലെ വ്യത്യസ്ത ഉൽപാദന മേഖലകളായ കൃഷി, ചെറുകിട വ്യവസായം എന്നീ രംഗങ്ങളിൽ കാര്യമായ മുരടിപ്പ് അടുത്ത കാലത്തായി ഉണ്ടായിട്ടില്ലെങ്കിലും വളർച്ചയോ വികാസമോ തീരെ ഉണ്ടായിട്ടില്ല. ഇതുകൊണ്ട് പഞ്ചായത്തിന്റെ വിഭവ സമാഹരണം വളരെ ശോശമാണ്. പൊതു ജീവിതത്തിലുണ്ടായ വലിയൊരു മാറ്റം കെട്ടിട നിർമ്മാണ മേഖലയിൽ മാത്രമാണ്. ഈ രംഗത്തു മാത്രം വിഭവ സമാഹരണത്തിൽ ചെറിയൊരു പുരോഗതി ഉണ്ടായിട്ടുണ്ട്.

വ്യാവസായിക രംഗത്ത് അസംസ്കൃത വിഭവങ്ങളും കാര്യമായി ഇല്ല. മുതൽ മുടക്കുവാനുള്ള സംഭരിത ധനം കുറച്ചൊക്കെ ഉള്ളവർ പോലും തൃക്കടീരിയിൽ ചെറുകിട വ്യാവസായം തുടങ്ങുവാൻ തയ്യാറാകുന്നില്ല. വൈദ്യുതി രംഗത്തെ കുഷ്മാവും വിതരണത്തിന്റെ ക്രമക്കേടുകളും വ്യാവസായ സംരംഭകർക്ക് പേടി സ്വപ്നമായി തന്നെ നിൽക്കുന്നു. ഈ അവസ്ഥയിൽ മാറ്റം വരാതെ ആ മേഖലയിൽനിന്ന് വിഭവ സമാഹരണം സാധ്യമല്ല. കാർഷിക രംഗത്ത് കൃഷി ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരികയും ഉല്പാദന ക്ഷമതയിൽ കാര്യമായ വർദ്ധനവ് ഉണ്ടാകാതെയിരിക്കുകയും ചെയ്യുന്നതുകൊണ്ട് ആ മേഖലയിലും വിഭവ–സമാഹരണം ലഭ്യമല്ല.

വിദ്യാഭ്യാസ-സാംസ്കാരിക മേഖലയിൽസ്കൂളുകളും ഏതാനും വായന ശാലകളും ഒഴികെ മറ്റു സ്ഥാപനങ്ങളും ഇല്ലാത്തതിനാൽ വിഭവ സമാഹരണം വളരെ ദുർബലമാണ്. ഈ രംഗങ്ങളിൽ എല്ലാം പ്രാദേശിക ആസൂത്രണത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തുകൾക്ക് നേരിട്ട് ഇടപെടാൻ കഴിയുന്ന സാഹചര്യം ഉണ്ടായെങ്കിലേ വിഭവ സമാഹരണത്തിന്റെ നില മെച്ചപ്പെടുത്താൻ കഴിയൂ.

സർക്കാർ ഗ്രാൻറുകളും, സർക്കാരിൻെറ നിറവും തരവും മാറുന്നതിനനുസരിച്ച് വ്യത്യാസപ്പെടുന്ന അവസ്ഥ ഇനിയും മാറിയിട്ടില്ല. സർക്കാർ ഗ്രാൻറുകളും കാലതാമസമോ വിവേചനമോ കൂടാതെ പഞ്ചായത്തുകൾക്ക് ലഭിക്കുവാൻ കഴിയുന്ന നിയമ വ്യവസ്ഥകളും ഉണ്ടാകേണ്ടതാണ്. വൈകി കിട്ടുന്ന ഗ്രാൻറുകളും പലപ്പോഴും ഉപയോഗത്തിൻെറ രംഗത്ത് പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. കിട്ടുന്ന ഗ്രാൻറുകളും തന്നെ മൊത്തം ജനസംഖ്യ, ദരിദ്രവിഭാഗം, പട്ടികജാതി-വർഗ്ഗം, വനിതകളുടെ എണ്ണം എന്നിവയ്ക്ക് ആനുപാതികമായി ഉപയോഗിക്കുവാനുള്ള പൂർണ്ണമായ അധികാരം ഗ്രാമ പഞ്ചായത്തിനുണ്ടാകേണ്ടതാണ്.

പഞ്ചായത്തിലെ ഏകദേശം 2% പേർ ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്നവരുണ്ട്. ഇവരിൽ തന്നെ ഉയർന്ന വരുമാനം നേടുന്നവർ വളരെ കുറവാണ്. ഇവരുടെ വരുമാനം കെട്ടിട നികുതിയുടെ കാര്യത്തിൽ മാത്രമേ പഞ്ചായത്തിന് ഉപയോഗപ്രദമാകുന്നുള്ളൂ. കെട്ടിട നികുതിയിനത്തിൽ കഴിഞ്ഞ വർഷം പഞ്ചായത്ത് 99,987 രൂപ പിരിച്ചെടുക്കുകയുണ്ടായി. എന്നാൽ തൃക്കടീരിയിൽ പുതുതായി ഉയരുന്ന കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം (52%കോൺക്രീറ്റ് കെട്ടിടങ്ങളാണ്) നികുതി നിരക്ക് വേണ്ടത്ര ഉയർന്നതാണെന്ന് പറയാനാവില്ല. തൊഴിൽ നികുതിയിനത്തിൽ 57,660 രൂപയും ലൈസൻസ്ഫീസ് ഇനത്തിൽ 5,543 രൂപയും കഴിഞ്ഞ വർഷം ശേഖരിച്ചു. ഇവയിൽ തൊഴിൽ നികുതി ശേഖരിക്കുന്നതിൽ മാത്രമേ കർശനമായ കൃത്യത ഉണ്ടായിട്ടുള്ളൂ. മുഴുവൻ കച്ചവടക്കാരേയും ഉചിതമായ നികുതി ഘടനക്ക് കീഴിൽ കൊണ്ടുവരികയും യഥാസമയം തന്നെ നികുതി ശേഖരിക്കുകയും ചെയ്യേണ്ടതുണ്ട്.

സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ കഴിഞ്ഞവർഷം പഞ്ചായത്തിൽ 1,10,549 രൂപ കിട്ടിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടിയുടെ നിർണയത്തിലും വിഹിതം പഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിലും നിരവധി സങ്കീർണതകളും നിലനിൽക്കുന്നുണ്ട്. ഇവ ഒഴിവാക്കേണ്ടതാണ്.

കാർഷിക മേഖലയിലും ചെറുകിട കച്ചവട മേഖലയിലും ഉള്ളവരിൽ നിന്നാണ് ഭൂരിപക്ഷം നികുതി വരുമാനം. ഈ ജനവിഭാഗങ്ങളുടെ മേൽ കൂടുതൽ നികുതിഭാരം അടിച്ചേൽപിക്കാത്ത സമീപനമുണ്ടാവേണ്ടതാണ്.

വിലക്കയറ്റവും ജീവിത ദുരിതവും വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ, വരുമാനത്തിൻെറ ചെറിയൊരു അംശം മാത്രമേ നികുതിയായി ചുമത്താവൂ. ഉയർന്ന വരുമാനക്കാരിൽനിന്ന് കൂടുതൽ നികുതി പിരിക്കുവാനുള്ള സംവിധാനം വേണം. നികുതി പിരിവ് ഒരു ഉദ്യോഗസ്ഥതല പ്രവർത്തനംമാത്രം ആയിക്കൂടാ. ജനപ്രതിനിധികൾകൂടി ഇക്കാര്യത്തിൽ പങ്ക് വേണം. പഞ്ചായത്തിൻെറ വരവുചെലവുകണക്കുകളിൽ സുതാര്യത ഉണ്ടായിരിക്കണം. കണക്കുകൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുള്ള സൗകര്യം വേണം.

മറ്റു ധനാഗമ മാർഗങ്ങളിൽ പഞ്ചായത്തിൽ രണ്ടു സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. ലൈസൻസ്ഉള്ള സ്വകാര്യ പണമിടപാടുകാർ ഇല്ല. ദേശസാൽകൃത ബാങ്കിൻെറ (S B I) ഒരു ശാഖ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഈ ബാങ്കുകൾ സ്വർണ്ണപണയ രംഗത്താണ് ഏറ്റവും കൂടുതൽ വായ്പകൾ നൽകുന്നത്. തൊഴിൽ വായ്പകളും മറ്റു വികസന വായ്പകളും നാമമാത്രമാണ്. ഈ രംഗത്ത് കൂടുതൽ വായ്പാ വിതരണം ഉണ്ടാകേണ്ടതാണ്. ദേശസാൽകൃത ബാങ്കുകൾ ഇവിടെ നിന്നും സ്വീകരിക്കുന്ന നിക്ഷേപത്തിൻെറ വളരെ ചെറിയൊരംശം മാത്രമേ വായ്പയായി നൽകുന്നുള്ളൂ. കൂടുതൽ വായ്പകൾ നൽകുന്നതിനുവേണ്ടി ദേശസാൽകൃത ബാങ്കുകളുടെ വായ്പാ-നിക്ഷേപ അനുപാതത്തിൽ മാറ്റം വരുത്തേണ്ടതാണ്. പുതിയ പഞ്ചായത്തീരാജ് നിയമപ്രകാരം പഞ്ചായത്തുകൾക്ക് വായ്പ എടുക്കുന്നതിനുള്ള അധികാരമുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്തിലെ വൻകിട വികസന പ്രവർത്തനങ്ങൾക്കുള്ള മൂലധനം ഒരു പരിധിവരെ ബാങ്കുകളിൽ നിന്നും വായ്പയായി എടുക്കാവുന്നതാണ്.

ഭൂനികുതി:

ഇപ്പോൾ നിലവിലുള്ള ഭൂനികുതി നിരക്ക് ഏക്കർ ഒന്നിന് 20 പൈസയാണ്. പൊതുവെയുള്ള ഈ നിരക്ക് നിർണയം അശാസ്ത്രീയമാണ്. ഭൂമിയുടെ തരവും അതിലെ ഉൽപാദനക്ഷമതയും അടിസ്ഥാനമാക്കി നികുതി നിർണയിക്കേണ്ടതാണ്. കൃഷിയോഗ്യമായ തരിശുഭൂമിക്കും പുരയിടങ്ങൾ ആക്കി മാറ്റപ്പെടുന്ന വയലിനും ഉയർന്ന നികുതി ഏർപ്പെടുത്തേണ്ടതാണ്. കൃഷി സ്ഥലങ്ങൾക്കുള്ള നികുതി പരമാവധി കുറക്കേണ്ടതാണ്. തൃക്കടീരി സെൻറിലും മാങ്ങോട് വെള്ളിനേഴി റോഡിലും കിഴൂർ റോഡ് സെൻറിലും ഓട്ടോ, ജീപ്പ് സ്റ്റാൻറുകൾ ഉണ്ടാക്കുകയും അതിൽനിന്ന് നികുതി ഈടാക്കുകയും ചെയ്യാവുന്നതാണ്.

മുഴുവൻ കച്ചവടക്കാരുടേയും കൃത്യമായ സർവ്വെ എടുത്ത് പിന്നീടുവരവിൻെറ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

ടൂറിസം:

തൃക്കടീരി പഞ്ചായത്തിലെ കിഴൂർ പ്രദേശം സഞ്ചാരികളെയും സിനിമാ പ്രവർത്തകരെയും മറ്റും ആകർഷിക്കുന്ന സ്ഥലമാണ്. പ്രകൃതി ഭംഗി നിറഞ്ഞ ഈ പ്രദേശത്ത് വിനോദ സഞ്ചാരത്തിന്റെ 'സാധ്യതത' ആരായേണ്ടതാണ്. സിനിമാ നിർമ്മാണത്തിനായി ഇവിടെ എത്തുന്ന സംഘത്തിൽനിന്ന് ഒരു നിശ്ചിത നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്.

നാഷണൽ സേവിംഗ്സ് സ്കീം:

തൃക്കടീരി പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാ വികാസ്പത്ര, കിസാൻ വികാസ് പത്ര എന്നിവയുടെ ഒരു നിശ്ചിത ശതമാനം പഞ്ചായത്തിന് ലഭിക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. പഞ്ചായത്തിലെ ബഹുജന പ്രസ്ഥാനങ്ങളും മുൻകൈ എടുത്ത് ഈ രംഗത്തെ നിക്ഷേപം വർദ്ധിപ്പിക്കുകയും പഞ്ചായത്തിന്റെ വരുമാന മാർഗം കൂട്ടേണ്ടതുമാണ്. പദ്ധതി വിഹിത ത്തിന്റെ നേർ പകുതി പഞ്ചായത്തിരാജ് സ്ഥാപനങ്ങൾക്ക് നൽകാനുള്ള വ്യവസ്ഥ ഉണ്ടാകണം.

മനുഷ്യ വിഭവശേഷി:

പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭവം മാനവ വിഭവം തന്നെയാണ്. എല്ലാ ഗ്രാമസഭകളിൽ നിന്നും വികസന പ്രവർത്തനങ്ങൾക്ക് അധ്വാനം സംഭാവന ചെയ്യാമെന്നുള്ള വാഗ്ദാനങ്ങൾ കിട്ടിയിട്ടുണ്ട്. ചെറുകിട റോഡു നിർമ്മാണം, കുളങ്ങളുടെ സംരക്ഷണം, വിദ്യാലയങ്ങളുടെ പുരോഗതി, അംഗൻവാടികളുടെ വികസനം എന്നിവയിൽ മനുഷ്യ വിഭവത്തിന്റെ വിനിയോഗത്തിനുള്ള പദ്ധതി ഉണ്ടാക്കേണ്ടതാണ്. ഇതിനു വേണ്ടി ബഹുജന സംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും മുൻകൈ എടുത്ത് വാർഡു തലങ്ങളിൽ 'വികസന സേന'കൾ ഉണ്ടാക്കാവുന്നതാണ് തൃക്കടീരി പഞ്ചായത്തിന്റെ സാമ്പത്തിക അവസ്ഥയെ കുറിച്ചുള്ള വിശകലന റിപ്പോർട്ട് താഴെ കാണിക്കുന്നു.

തൃക്കടീരി ഗ്രാമ പഞ്ചായത്തിലെ 1991—92 മുതൽ 1995—96 കൂടി കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ വരവു ചിലവുകളുടെ ഏകദേശ രൂപവും പ്രസ്തുത കാലങ്ങളിൽ ഏറ്റെടുത്തതും, ഇപ്പോൾ പണി നടന്നു കൊണ്ടിരിക്കുന്നതും, പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങളുടെ വിവരങ്ങളും ഉൾപ്പെടുന്ന വിശകലന റിപ്പോർട്ട്.

1991—92

വരവ്		ചിലവ്	
നികുതികളും ഫീസും	258276—93	ഭരണച്ചിലവ്	240721—35
ഗവ. ഗ്രാന്റുകൾ	455957—00	പൊതുമരാമത്ത്	110750—63
മറ്റു വരവുകൾ	5589—20	വിദ്യാഭ്യാസം	6817—00
ആകെ	719823—13	ജലവിതരണം	35220—00
പ്രാരംഭ ബാക്കി	165983—36	പൊതുജനാരോഗ്യം	11815—00
	8,85,806—49	തെരുവുവിളക്ക്	19370—00
ജവഹർ റോസ്ഗാർ യോജന ദേശീയപദ്ധതി	624300—00	സാമൂഹ്യക്ഷേമം	14839—00
		മറ്റിനങ്ങൾ	3972—00
		ആകെ	443504—98
		അവസാനബാക്കി	442301—51
			885806—49
		JRY ഭവന നിർമ്മാണം	87300—00
		പൊതുമരാമത്ത്	537000—00
ഒട്ടാകെ	1510106—49	ഒട്ടാകെ	15,10,106—49

1992–93

വരവ്		ചിലവ്	
നികുതികളും ഫീസും	345660—81	ഭരണചിലവ്	239355—50
ഗവ. ഗ്രാന്റുകൾ	467789—00	പൊതുമരാമത്ത്	200350—00
മറ്റിനങ്ങൾ	19841—84	വിദ്യാഭ്യാസം	12638—00
ആകെ	833291—64	ജലവിതരണം	5269—00
പ്രാരംഭ ബാക്കി	442301—51	പൊതുജനാരോഗ്യം	9524—00
	1275593—16	തെരുവു വിളക്ക്	24600—00
JRY ദേശീയ പദ്ധതി	598700—00	സാമൂഹ്യക്ഷേമം	12042—60
		മറ്റിനങ്ങൾ	12288—15
		ആകെ	516067—25
		അവസാനബാക്കി	759525—91
			1275593—16
		JRY ഭവന നിർമ്മാണം	58000—00
		പൊതുമരാമത്ത്	540700—00
ഒട്ടാകെ	18,74,293—16	ഒട്ടാകെ	18,74,293—16

1993–94

വരവ്		ചിലവ്	
നികുതികളും ഫീസും	410647—66	ഭരണചിലവ്	275680—00
ഗവ. ഗ്രാന്റുകൾ	492611—00	പൊതുമരാമത്ത്	363933—30
മറ്റിനങ്ങൾ	13039—29	വിദ്യാഭ്യാസം	65072—95
ആകെ	916297—95	ജലവിതരണം	1350—00
പ്രാരംഭ ബാക്കി	759525—91	തെരുവുവിളക്ക്	44050—00
	1675823—86	പൊതുജനാരോഗ്യം	17000—00
JRY ദേശീയ പദ്ധതി	346000—00	സാമൂഹ്യക്ഷേമം	15174—00
		നിക്ഷേപം	150000—00
		മറ്റിനങ്ങൾ	9824—00
		ആകെ	942084—25
		അവസാനബാക്കി	733739—61
			1675823—86
		JRY ഭവന നിർമ്മാണം	188500—00
		പൊതുമരാമത്ത്	157500—00
ഒട്ടാകെ	20,21,823—86	ഒട്ടാകെ	20,21,823—86

1994-95

വരവ്		ചിലവ്	
നികുതികളും, ഫീസും	444081—26	ഭരണചിലവ്	355030—00
ഗവ. ഗ്രാൻറുകളും	503931—00	പൊതുമരാമത്ത്	398913—00
നിക്ഷേപംവസൂലാക്കൽ	75000—00	വിദ്യാഭ്യാസം	31448—00
മറ്റുഇനങ്ങളും	6162—29	ജലവിതരണം	10099—00
ആകെ	1029174—55	പൊതുജനാരോഗ്യം	18254—00
പ്രാരംഭബാക്കി	773739—61	തെരുവുവിളക്ക്	27310—00
	1762914—16	സാമൂഹ്യക്ഷേമം	13399—00
JRY ദേശീയപദ്ധതി	342000—00	നിക്ഷേപം	125000—00
		മറ്റിനങ്ങളും	8444—25
		ആകെ	987897—25
		അവസാനബാക്കി	775016—91
			1762914—16
		JRY ദേശീയ പദ്ധതി ഭവന നിർമ്മാണം	79000—00
		പൊതുമരാമത്ത്	263000—00
ഒട്ടാകെ	21,04,914—16	ഒട്ടാകെ	21,04,914—16

1995-96

വരവ്		ചിലവ്	
നികുതികളും ഫീസും	430862—17	ഭരണച്ചിലവ്	384963—50
ഗവ. ഗ്രാൻറുകളും	584593—00	പൊതുമരാമത്ത്	414625—50
മറ്റിനങ്ങളും	15604—28	വിദ്യാഭ്യാസം	28500—00
ആകെ	1031059—45	ജലവിതരണം	9000—00
പ്രാരംഭ ബാക്കി	775016—91	പൊതുജനാരോഗ്യം	20250—00
	18,06076—36	തെരുവുവിളക്ക്	34301—00
JRY ദേശീയ പദ്ധതി	370100—00	സാമൂഹ്യക്ഷേമം	12000—00
		മറ്റിനങ്ങളും	2300—00
		ആകെ	9,05,940—00
		അവസാനബാക്കി	900136—36
			1806076—36
		JRY വീട് വയറിങ്ങ്	32250—00
		പൊതുമരാമത്ത്	337850—00
ഒട്ടാകെ	21,76,176—36	ഒട്ടാകെ	21,76,176—36

മേൽകാണിച്ച വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തിയതും, വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാൻ കാലതാമസം വന്നിട്ടുള്ളതുമായ പ്രവൃത്തികളും താഴെ കാണിച്ചവയാണ്. ഈ പ്രവർത്തികൾക്കായി ഏതാണ്ട് 5,73000/- രൂപ പഞ്ചായത്തിൻെറ ബഡ്ജറിൽ വകയിരുത്തിട്ടുമുണ്ട്. അവയിൽ മിക്കപണികളും ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തു തീരുമാനങ്ങളുടെ വെളിച്ചത്തിൽ സബ്കമ്മിറ്റികളുടെ മേൽ നോട്ടത്തിലും, നിയന്ത്രണത്തിലും നടത്തിവരുന്ന പ്രസ്തുത പണികളും ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കാൻ കഴിയുന്നവയാണ് പ്രവൃത്തികൾ ഇവയാണ്: 1) നാല് കിണർ നിർമ്മാണങ്ങൾ 2) പട്ടികജാതി കുടുംബങ്ങൾക്ക് 28 കക്കൂസ് നിർമ്മാണം 3) മൂന്ന് റോഡ് നിർമ്മാണങ്ങൾ 4) ഒരു ഫുട്ബ്രിഡ്ജ് നിർമ്മാണം.

ഇതു കൂടാതെ തന്നാണ്ട് (1996–97) വർഷത്തേക്കുവേണ്ടി സംസ്ഥാന സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ള ഏതാണ്ട് പന്ത്രണ്ട് ലക്ഷം രൂപയും, ദേശീയപദ്ധതിയായ ജെ ആർ. വൈ. യിൽ അനുവദിച്ചിട്ടുള്ള നാല് ലക്ഷത്തി രണ്ടായിരത്തി മുന്നൂറ് രൂപയും വിനിയോഗിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകികൊണ്ടുള്ള ആക്ഷൻ പ്ലാൻ പഞ്ചായത്ത് തയ്യാറാക്കികൊണ്ടിരിക്കയാണ്. പ്രസ്തുത ആക്ഷൻ പ്ലാനിൽ വിവിധ ഗ്രാമസഭാ യോഗങ്ങളിൽ ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളും ഉൾപ്പെടുത്താൻ പരമാവധി ശ്രദ്ധിക്കുന്നുണ്ട്. ഈ പ്രവൃത്തികളും ഈ സാമ്പത്തിക വർഷത്തിൽതന്നെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രവൃത്തികളും പ്രാദേശിക വിഭവ സമാഹരണങ്ങളുംകൂടി ഉൾപ്പെടുത്തി പരമാവധി ജനപങ്കാളിത്തത്തോടുകൂടി നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്.

ഇതേവരെ പറഞ്ഞ പഞ്ചായത്തുഫണ്ട്, ജവഹർ യോജനാഫണ്ട് എന്നിവക്കുപുറമെ നിലവിലുള്ള ഭരണസമിതി അധികാരത്തിൽ വന്നശേഷം പഞ്ചായത്ത്രാജ് നിയമമനുസരിച്ച് പഞ്ചായത്തുഭരണത്തിൻ കീഴിൽ വിട്ടുതന്നിട്ടുള്ളതും, അതിനുമുമ്പ് വിവിധ വകുപ്പുകളുടെ കീഴിൽ ഉണ്ടായിരുന്നതുമായ കൃഷി, ആരോഗ്യം, മൃഗസംരക്ഷണം, വിദ്യാഭ്യാസം, മണ്ണുസംരക്ഷണം, പട്ടികജാതി വികസനം, പൊതുമരാമത്ത് തുടങ്ങിയ സ്ഥാപനങ്ങളിലൂടെ ഉണ്ടായിരുന്ന നിശ്ചിത പ്രവർത്തനങ്ങളും നടത്തേണ്ടതിന്നായി ഇതേവരെ പന്ത്രണ്ട് ലക്ഷത്തി മൂവ്വായിരത്തിഒമ്പത് (1203009/–) രൂപ പഞ്ചായത്തിന് അനുവദിച്ചുകിട്ടിയിട്ടുണ്ട്. അതിൽ 80 ശതമാനത്തോളം വരുന്ന 9,50,525/— രൂപ കൃഷി വകുപ്പിൻറെതുമാത്രവും ബാക്കി 20% വരുന്ന തുക മറെറല്ലാ വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുള്ളതുമാണ്. ഇങ്ങിനെ അനുവദിക്കപ്പെട്ടിട്ടുള്ള സംഖ്യകൾ എക്കൗണ്ട് ഹെഡ് മാറി ചെലവഴിക്കാൻ പാടില്ലാത്തതാണെന്ന് സർക്കാർ കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. അതേസമയം ഓരോ എക്കൗണ്ട് ഹെഡിലേയും സംഖ്യകൾ എന്തെല്ലാം ആവശ്യങ്ങൾക്കുവേണ്ടി എങ്ങിനെയെല്ലാം പഞ്ചായത്തിന് വിനിയോഗിക്കാമെന്ന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സംഖ്യകൾ അനുവദിച്ച വകുപ്പ് അധികൃതരിൽനിന്നും കിട്ടിയിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള നിരവധി ആവശ്യങ്ങൾ പഞ്ചായത്തിനുമുമ്പിൽ ഉണ്ടെങ്കിലും പരിഗണിക്കേണ്ട കാര്യത്തിൽ സംശയങ്ങൾ ബാക്കിനിൽക്കുന്നു. വളരെ വൈകിയാണെങ്കിലും അനുവദിച്ച സംഖ്യകൾ ഇന്നിന്ന കാര്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണെന്ന് വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത് തുടങ്ങിയ ചില വകുപ്പുകളിൽനിന്നു മാത്രം അറിയിച്ചിട്ടുണ്ട്. കൂടുതൽ സംഖ്യ അനുവദിച്ചിട്ടുള്ളതും, പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായതുമായ കൃഷി വകുപ്പിൽനിന്ന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു മാത്രവുമല്ല സ്ഥാപനങ്ങളും, പ്രവർത്തനങ്ങളും കൈമാറി എന്നതല്ലാതെ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്നാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുക ഉണ്ടായിട്ടുമില്ല. പഞ്ചായത്തുകളിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനം 1970ലെ ജോലി ഭാരം കണക്കാക്കി അന്നു നിശ്ചയിക്കപ്പെട്ടതാണെന്നതാണ്, വസ്തുത. അതിനുശേഷം ഉണ്ടായിട്ടുള്ള വർദ്ധിച്ച ജോലി ഭാരം ഏൽപ്പിക്കാൻ തക്ക ഉദ്യോഗസ്ഥ സംവിധാനത്തിൻറെയും, വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളുടെയും കുറവുകൊണ്ട് ഈ ഇനങ്ങളിലുള്ള സംഖ്യകൾ സമയാസമയം ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു. ഇപ്പോൾ നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തു ഭരണസമിതി കൃഷി ഓഫീസർ അനുവദിക്കുന്ന സംഖ്യകൾ ബന്ധപ്പെട്ടവർക്ക് അതേപടി അനുവദിക്കുക എന്ന ഒരു തപാൽ ശിപായിയുടെ മട്ടിലുള്ളതാണ്. പഞ്ചായത്ത്രാജ് സ്ഥാപനാധികൃതരും, പഞ്ചായത്ത് അധികൃതരുമായുള്ള സഹകരിച്ച പ്രവർത്തനങ്ങൾ ആശാവഹമായി പുരോഗമിക്കുന്നില്ലാത്തതുകൊണ്ട് മിക്ക കാര്യങ്ങളിലും സംശയങ്ങൾ ബാക്കിനിൽക്കുകയും, അപ്രതീക്ഷിത കാലതാമസം എല്ലാ കാര്യങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

മേൽ പ്രസ്താവിച്ച വിവിധ പദ്ധതി പ്രവർത്തനങ്ങൾ എന്തെങ്കിലും കാരണവശാൽ ഈ വർഷം പൂർത്തിയാക്കാൻ കഴിയാതെ വരുന്നതായാൽ ഇതേ പ്ലാൻ അടിസ്ഥാനപ്പെടുത്തി ഒമ്പതാം പദ്ധതി ആരംഭിക്കുന്ന അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുന്നതാണ്. അവയുടെ ഫണ്ടിൻറെ വിനിയോഗ കാലാവധി ദീർഘിപ്പിച്ചു കിട്ടേണ്ട കാര്യം മാത്രമേ സർക്കാരിൻറെ ഭാഗത്തുനിന്ന് ചെയ്യേണ്ടിവരുകയുള്ളു.

ഉപസംഹാരം

സുഹൃത്തുക്കളെ,

വികസന ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൽ തൃക്കടീരി ഗ്രാമ പഞ്ചായത്ത് മെച്ചപ്പെട്ടരീതിയിൽ തന്നെ ഭാഗഭാക്കാകുന്നുണ്ട്.

വികസന പ്രവർത്തനങ്ങളും ചർച്ച ചെയ്യാൻ വേണ്ടി ഗ്രാമസഭകളും ചേരുകയായിരുന്ന ഈ പ്രസ്ഥാനത്തിന്റെ ആദ്യഘട്ടത്തിന്റെ മുഖ്യലക്ഷ്യം. ഇവിടത്തെ ജനഗണം നല്ല രീതിയിൽ തന്നെ ഇതിനോട് പ്രതികരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ പര്യവസാനമായാണ് നമ്മൾ ഇന്നിവിടെ ഈ സെമിനാർ വിളിച്ചു ചേർത്തിട്ടുള്ളത്. വികസന സ്ത്രീമകളുടെ രൂപീകരണം, മുൻഗണനാക്രമ നിർണ്ണയംതുടങ്ങിയ സുപ്രധാന കർത്തവ്യങ്ങൾ അടങ്ങിയ ഏതാനും ഘട്ടങ്ങൾകൂടി ശേഷിക്കുന്നുണ്ട്.

ഗ്രാമത്തിന്റെ പണത്തെ ആശ്രയിച്ച് നിലനില്ക്കുന്ന ഒരു സമ്പദ്വ്യവസ്ഥക്ക് പകരം കാർഷിക–വ്യാവസായിക മേഖലകളിൽ ഉൽപാദനം വർദ്ധിപ്പിച്ച് സ്വന്തം കാലിൽ നിൽക്കാൻ ഈ പഞ്ചായത്തിനെ പ്രാപ്തമാക്കുകയാണ് നമ്മെ സംബന്ധിച്ചിടത്തോളം ഈ നവ സംരംഭത്തിന്റെ ലക്ഷ്യം. എല്ലാവരും ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടുന്ന ഒരു മഹാപ്രസ്ഥാനമാണ് ഇതെന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഈ പരിപാടിയെ കുറിച്ച് ഏറെ മതിപ്പും ആവേശവും വന്നിട്ടുണ്ട്. ചുരുക്കത്തിൽ ഇതിനെ ഒരു 'വികസന സാക്ഷരതാ യജ്ഞം' എന്നു വിളിക്കാം.

ജനങ്ങൾക്ക് ആവശ്യങ്ങൾ ധാരാളമാണ്. ഇവയെല്ലാം ഒറ്റയടിക്ക് പരിഹരിച്ചുകിട്ടും എന്ന ധാരണ നമുക്കില്ല. എല്ലാം ഇപ്പോൾതന്നെ പരിഹരിക്കാമെങ്കിൽ 'ആസൂത്രണം' അപ്രസക്തമാണ്. പരമാവധി കാര്യങ്ങൾ മുൻഗണനാ ക്രമത്തിൽ ചെയ്തുതീർക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഉപഭോക്തൃസംസ്കാരത്തിൽനിന്നും നാം ഉല്പാദന സംസ്ക്കാരത്തിലേക്ക് മാറിയേപറ്റൂ.

ഇന്നലെകളിൽ ഉണ്ടായ എല്ലാ വികസന പ്രവർത്തനങ്ങളും മോശമാണെന്നോ ജനവിരുദ്ധമാണെന്നോ നാം വിലയിരുത്തുന്നില്ല. എന്നാൽ പരിപാടികളിലെ ജനപങ്കാളിത്തം ഇല്ലായ്മ, കാലതാമസം, ഔപചാരികത, അമിതകേന്ദ്രീകരണം, ശരിയായ മൂല്യനിർണ്ണയം ഇല്ലായ്മ, അഴിമതി, സ്വജനപ്രീണനം എന്നിവ അവയുടെ കൂടപ്പിറപ്പും സഹചാരിയും ആയിരുന്നു എന്ന് പറയാതെ വയ്യ.

സ്വന്തം ഗ്രാമത്തെപറ്റി പഠിക്കുവാൻകൂടി നമുക്ക് ലഭിച്ച ഒരു സുവർണ്ണാവസരമാണിത്. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി കൊണ്ടാടുന്ന ഈ വേളയിലെങ്കിലും നമുക്കിതിന്നു തോന്നിയല്ലോ എന്നതിൽ ആശ്വസിക്കാം.

ലോകത്തെ വരുതിയിലാക്കാൻ വൻ രാജ്യങ്ങളും കുത്തക കമ്പനികളും വാ പൊളിച്ചിരിക്കുന്ന ഈ സമയത്ത് സ്വയാശ്രിതമായ ഗ്രാമ വ്യവസ്ഥ കെട്ടിപ്പടുക്കുവാനും എല്ലാവർക്കും ക്ഷേമമുള്ള നല്ല നാളെയുടെ സൃഷ്ടിക്കായി സംഘടിത പ്രവർത്തനം നടത്തുവാനും ഉതകുന്ന പുതിയ ആശയങ്ങളാലും പ്രായോഗിക നിർദ്ദേശങ്ങളാലും ഈ വികസന റിപ്പോർട്ട് സമ്പുഷ്ടമാക്കണമെന്നുള്ള അഭ്യർത്ഥനയോടെ ഉപസംഹരിക്കുന്നു.

അഭിവാദനങ്ങളോടെ,

തൃക്കടീരി,
8—12—1996.

ആസൂത്രണ—വികസന സമിതി
തൃക്കടീരി ഗ്രാമപഞ്ചായത്ത്.

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

ശ്രീ. കെ. ശ്രീനിവാസൻ	സംസ്ഥാനതല റിസോഴ്സ് പേഴ്സൺ
ശ്രീ. കെ. വി. കാർത്തികേയൻ	കൺവീനർ, ജില്ലാ റിസോഴ്സ് പേഴ്സൺ
ശ്രീ. കെ. പി. രാമകുമാർ	,,
ശ്രീ. എൻ. കെ. ബാബു	,,
ശ്രീ. എം. വി. രാജൻ	,,
ശ്രീ. പി. ബാലകൃഷ്ണൻനമ്പ്യാർ	,,
ശ്രീ. പി. പി. ശിവശങ്കരൻ	,,
ശ്രീ. ടി. അപ്പുണ്ണി	,,
ശ്രീ. മുരളീധരൻ	,,
ശ്രീ. എൻ. കെ. രാജൻ	ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
ശ്രീ. വി. മൊയ്തീൻ	ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്
ശ്രീ. വി. ചാമിക്കുട്ടി	ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡണ്ട്
ശ്രീ. എം. ആലി	സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ
ശ്രീ. എം. പി. നരേന്ദ്രനാഥ്	പഞ്ചായത്ത് സെക്രട്ടറി
ശ്രീ. കെ. വി. അയ്യപ്പൻ	തൃക്കടീരി കൃഷി ഓഫീസർ
ശ്രീ. കെ. ടി. മുഹമ്മദ്	ലോക്കൽ റിസോഴ്സ് പേഴ്സൺ
ശ്രീ. സി. അബ്ദുറഹ്മീദ്	,,
ശ്രീ. കെ. അബ്ദുൽജലീൽ	,,
ശ്രീമതി വിജയലക്ഷ്മി	,,
കുമാരി ഗീത	,,
ശ്രീ. കെ. ഉണ്ണികൃഷ്ണൻ	,,
ശ്രീ. വി. വിശ്വനാഥൻ	,,



.....വികസനത്തിൻ മന്ത്രവുമായ്
ഞങ്ങളെത്തുന്നു
വികസിത ബോധങ്ങളുമായ്
ഞങ്ങളെത്തുന്നു
ഇല്ല കാലുഷ്യങ്ങൾ, കലഹം
മാറ്റിവെച്ചീടാം
നല്ല കാര്യങ്ങൾക്കു നമ്മൾ–
ക്കെന്നുമൊന്നിക്കാം.
നല്ല കാര്യങ്ങൾക്കു നമ്മൾ–
ക്കെന്നുമൊന്നിക്കാം.....

INSTITUTE OF LOCAL ADMINISTRATION
TRICHUR

A290

